നവംബർ 2022

Price ₹30

# ജീവനും വെളിച്ചവും



## സമരവഴിയിൽ...

മോൺ. യൂജിൻ എച്ച്. പെരേര



പ്രശസ്ത തീർത്ഥാടന കേന്ദ്രമായ തിരുവനന്തപുരം വെട്ടുകാട്
മാദ്രെ ദെ ദേവൂസ് ദൈവാലയത്തിൽ

# ക്രിസ്തുരാജത്വ തിരുനാൾ മഹോത്സവം

## 2022 നവംബർ 11 മുതൽ 20 വരെ

11.11.2022, വെള്ളി 4.30 pm
പൊന്തിഫിക്കൽ ദിവ്യബലി : മോസ്റ്റ് റവ. ഡോ. സ്റ്റാൻലി റോമൻ
(ബിഷപ് എമിരിറ്റസ്, കൊല്ലം)
6.30pm കൊടിയേറ്റ് റവ. ഡോ. ജോർജ് ഗോമസ്. (ഇടവക വികാരി)

13.11.2022, ഞായർ 10 am
പൊന്തിഫിക്കൽ ദിവ്യബലി : മോറാൻ മോർ ബസേലിയോസ് കാർദിനാൾ ക്ലിമ്മിസ് കാതോലിക്ക ബാവ
(മേജർ ആർച്ച്ബിഷപ് തിരുവനന്തപുരം മലങ്കര അതിരൂപത)

18.11.2022 വെള്ളി 5.30pm
പൊന്തിഫിക്കൽ ദിവ്യബലി : മോസ്റ്റ് റവ. ഡോ. ക്രിസ്തുദാസ്. ആർ
(സഹായ മെത്രാൻ തിരുവനന്തപുരം അതിരൂപത)

20.11.2022 തിരുനാൾ ദിനം 5.30pm
പൊന്തിഫിക്കൽ ദിവ്യബലി : മോസ്റ്റ് റവ. ഡോ. തോമസ്. ജെ. നെറ്റോ
(മെത്രാപ്പൊലീത്ത, തിരുവനന്തപുരം അതിരൂപത)

– തീർത്ഥാടകർക്ക് സ്വാഗതം –

# ജീവനും വെളിച്ചവും

**തിരുവനന്തപുരം**
**ലത്തീൻ അതിരൂപത**
**പ്രസിദ്ധീകരണം**

2022 നവംബർ
പുസ്തകം - 46 ലക്കം - 11
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. ലോറൻസ് കുലാസ്
ഫാ. ഡാർവിൻ പീറ്റർ
ഫാ. ഡാനിയേൽ ആർ.
ഫാ. ഡൈസൺ
ഫാ. ആഷ്‌ലിൻ ജോസ്
ഫാ. മൈക്കിൾ തോമസ്
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ക്രിസ്റ്റിൽ റൊസാരിയോ
ഫാ. ഷാജിൻ ജോസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. നിജു അജിത്
പി. ശശിധരൻ
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. ലെനിൻ ഫെർണാണ്ടസ്
ബർഗ്മാൻ തോമസ്
**മാനേജർ (പരസ്യവിഭാഗം)**
ഫാ. മനീഷ് പീറ്റർ
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ആർട്ടിസ്റ്റ്**
വർഗീസ് ജോർജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
ടെൽമ ജെ.വി.



*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum


## മുഖവിചാരം

# നമ്മെ പാഠം പഠിപ്പിച്ച മൂന്നുമാസങ്ങൾ

മൂന്നു മാസങ്ങൾ....
കണ്ണുമൂടികെട്ടിയ നീതിന്യായവ്യവസ്ഥിതിയും, കമ്മിഷൻ കൈപ്പറ്റിയ ഭരണനേതൃത്വങ്ങളും, കരുണയില്ലാത്ത കോർപ്പറേറ്റ് കുത്തകകളും, അവാർഡ് സ്വപ്നം കാണുന്ന കലാകാരന്മാരും വായ തുറക്കാത്ത പരിസ്ഥിതിക പ്രവർത്തകരും, സാമൂഹിക ശാസ്ത്രജ്ഞരും, സോഷ്യൽ മീഡിയകളിലെ സൈബർ വാടകഗുണ്ടകളുമെല്ലാം പോരാഞ്ഞിട്ട് വികസനമെന്ന മൂഢസ്വർഗത്തിലഭിമരിക്കുന്ന, തെറ്റിദ്ധരിക്കപ്പെട്ട പൊതുജനവുമാണ് ഈ മൂന്നുമാസമായി തുടരുന്ന സമരത്തിന് ഒരുപോലെ ഉത്തരവാദികൾ. ഇത് സമരത്തിന്റേതുമാത്രമല്ല, അവഗണനയുടെയും നീതിനിഷേധത്തിന്റെയും മൂന്നുമാസങ്ങളാണ്.

രാവിലെ തുടങ്ങി സ്കൂൾ വിടുന്നതിന് മുൻപ് വീടുപിടിക്കുന്ന, സഭ നടത്തിവന്ന സാധാരണ സമരമായിരിക്കുമിതെന്ന് കരുതിയവരെ പാടെ ഭയത്തിലും അങ്കലാപ്പിലുമാക്കിയിരിക്കുന്നു സമരം. ദിവസങ്ങൾ കഴിയുന്തോറും കടപ്പുറത്തിന്റെ ശബ്ദത്തിന് കൊടിയുടെ നിറവ്യത്യാസമില്ലാതെ, ഇടവക അതിർത്തിളെ അപ്രസക്തമാക്കുന്ന ഐക്യവും ദൃഢതയും കൈവന്നിരിക്കുന്നു. അവഗണനയുടെയും സഹനത്തിന്റെയും മൂന്നുമാസങ്ങൾ നമുക്ക് നൽകിയ ദൈവാനുഗ്രഹമാണ്. നമ്മുടെ മുൻഗണനകളെന്തെന്നും, സുഹൃത്തുക്കളാരെന്നും ആശ്രയം എന്തിലാണെന്നുമൊക്കെ ഈ മാസക്കാലം നമ്മെ വീണ്ടും ഓർമിപ്പിച്ചു.


ജനാഭിപ്രായത്തെ മാനിക്കാത്ത അതിനുവിലകൊടുക്കാത്ത വിശ്വപൗരന്മാരും, വീടിനു തീപിടിച്ചിരിക്കുമ്പോഴും വാഴവെട്ടുന്ന മന്ത്രി പുംഗവന്മാരും കമ്മിഷൻ പറ്റിയും ചർച്ചയ്ക്ക് വിളിപ്പിച്ചും വിടുവായത്തം പറയുന്ന അധികാരികളും... ഇവരുടെ തനിനിറം ഇപ്പോഴാണ് നമ്മളും നമ്മോടൊപ്പമുള്ള നല്ലൊരുവിഭാഗം ജനങ്ങളും മനസ്സിലാക്കുന്നത്.

താഴെക്കിടയിലുള്ള തൊഴിലാളികളെ മുതലാളിമാരുടെ കോർപ്പറേറ്റ് ചൂഷണങ്ങളിൽ നിന്നും സംരക്ഷിച്ച് നാടിനെ രക്ഷപ്പെടുത്തുന്ന സൈദ്ധാന്തികരൊക്കെ വാലുംചുരുട്ടി ഒതുങ്ങിയിരിക്കുക മാത്രമല്ല, ചൂഷണത്തിന് ചൂട്ടുപിടിച്ചുകൊടുക്കുകയും ചെയ്യുന്നു. അതുംപോരാഞ്ഞിട്ട് തൊഴിലാളികളെ രാജ്യദ്രോഹികളെന്നും കലാപകാരികളെന്നും വികസന വിരുദ്ധരെന്നും വിദേശഫണ്ട് കിട്ടുന്നവരെന്നും പറഞ്ഞുപരത്തുന്നു. സംശയമില്ലാതെ മടികൂടാതെ ഇവരെ നമുക്ക് വിളിക്കാം 'കള്ളന്മാർ' എന്ന്.

ഈ മൂന്നുമാസംകൊണ്ട് നമുക്കുണ്ടായ ഇത്തരം വെളിപ്പെടലുകൾക്ക് ജനാധിപത്യ പ്രക്രിയയിൽ ദൂരവ്യാപകമായ ഫലങ്ങളുണ്ടാകും എന്നത് ഓർത്താൽ രാഷ്ട്രീയ പാർട്ടികൾക്കും നേതാക്കന്മാർക്കും നന്ന്.

– പത്രാധിപർ

# പ്രതികരണങ്ങൾ




## പെൺ പറ്റ് ഒരു നല്ല കവിത

ജീവനും വെളിച്ചവും മാസികയുടെ വന്ന 'പെൺപറ്റ്' എന്ന കവിത വളരെ ഹൃദ്യവും ഹൃദയസ്പർശിയുമാണ്. കടലോരത്തെ പെണ്ണിന്റെ ദുര്യോഗം വാക്കുകളിൽ കോറിയിടുന്ന കവിത ഭാഷ കൊണ്ടും മികച്ചതായി. അതേസമയം 'എന്റെ തീരം തിരികെ വേണം' എന്ന കവിത മുദ്രാവാക്യം വിളിയായി ചുരുങ്ങിപ്പോയി. കുറേക്കൂടി ശ്രദ്ധചെലുത്തിയിരുന്നുവെങ്കിൽ ഒരു മികച്ച കവിതയാകാനുള്ള സാധ്യത ആ കവിതയിലുണ്ട്,

– **സീന നെവിൻ**, അടിമലത്തുറ.

## പണയം വച്ച തലച്ചോറുകൾ

ഒക്ടോബർ ലക്കത്തിലെ വർത്തമാനം പംക്തിയിൽ, മത്സ്യത്തൊഴിലാളി സമൂഹം നടത്തിവരുന്ന വിഴിഞ്ഞം തുറമുഖ സമരത്തിനെതിരെ സ്വസമുദായത്തിലുള്ളവർ തന്നെ എതിർപ്പുമായി വരുന്നത്, പേരുപരാമർശിക്കാതെ തന്നെ എഴുതിയത് നന്നായി. സൊൾട്ടാൻ ഫാബ്രിയുടെ അഞ്ചാംമുദ്ര എന്ന സിനിമ ദൃഷ്ടാന്തമായി എടുത്തതും ഉചിതമായി. അഭിനന്ദനങ്ങൾ...

– **ജോസിറ്റ**, വിഴിഞ്ഞം

# പരിസ്ഥിതി അഭയാർത്ഥികൾ

'വിഴിഞ്ഞം തുറമുഖപദ്ധതി ഒരു പാരിസ്ഥിതിക ഭരണകൂട അഴിമതിയാണ്. പാരിസ്ഥിതിക അഴിമതി മൂ


പാരിസ്ഥിതിക അഴിമതിയെ വികസനമെന്നു മുദ്രകുത്തുമ്പോൾ

ലം പരിസ്ഥിതി അഭയാർത്ഥികൾ ഉരുവം കൊള്ളുന്നു. ഒപ്പം, സാമ്പത്തിക അഴിമതിയും സാമൂഹിക അസമത്വവും വർധിക്കുന്നു.' പാരിസ്ഥിതിക അഴിമതിയെക്കുറിച്ചുള്ള സത്യസന്ധമായ ലേഖനമാണ് മാധ്യമപ്രവർത്തക ജിഷ എലിസബത്തിന്റെ 'പാരിസ്ഥിതിക അഴിമതിയെ വികസനമെന്നു മുദ്രകുത്തുമ്പോൾ'. വിഴിഞ്ഞം പോർട്ടിനെക്കുറിച്ചുള്ള അവരുടെ നിരീക്ഷണം ശ്രദ്ധേയമാണ്. പ്രകൃതിയെ സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലെങ്കിൽ ആദ്യഘട്ടത്തിൽ മത്സ്യത്തൊഴിലാളികളും അടുത്തഘട്ടത്തിൽ നമ്മൾ എല്ലാവരും ഇരകളായിമാറുമെന്ന് ജിഷ ദീർഘവീക്ഷണം നടത്തുന്നു.

കുമാർ സഹായരാജുവിന്റെ വിഴിഞ്ഞം തുറമുഖപദ്ധതി പഠനങ്ങളിലെ നുണപറച്ചിലുകളെക്കുറിച്ച് വളരെ വിശദമായും തെളിവുകളോടെയും പ്രതിപാദിക്കുന്നു. ഫാ. ഇമ്മാനുവൽ എഴുതിയ 'കേരളത്തിന്റെ തെക്കൻതീര സമരചരിത്രം അവസരോചിതമായി. വിമോചന സമരം, 1981–ലെ ട്രോളിംഗ് സമരം, മദ്യനയത്തിനെതിരെ നടത്തിയ സമരം, ഓഖി ദുരന്തത്തോട് സർക്കാർ കാട്ടിയ അലംഭാവത്തിനെതിരെ നടത്തിയ സമരം, ഇപ്പോൾ നൂറുദിവസം പിന്നിടുന്ന അശാസ്ത്രീയമായ വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനെതിരെ നടക്കുന്ന സമരം തുടങ്ങിയ മത്സ്യത്തൊഴിലാളികളുടെ മഹാസമരങ്ങളെ ഓർമകളിലേക്ക് കൊണ്ടുവന്ന അച്ചന് പ്രത്യേകമായ അഭിനന്ദനം. ഇതൊക്കെയും സർക്കാരുകളുടെ കണ്ണു തുറപ്പിക്കാൻ കഴിഞ്ഞെങ്കിൽ...

– **കെന്നടി**, പൂന്തുറ.

# 'ഒരു പഴയകഥ' മികച്ച കഥ

കഴിഞ്ഞലക്കം മാസികയിൽ വന്ന ലൂയി ബോർഹസിന്റെ കഥ ചിന്തനീയം. പഴയനിയമത്തിലെ കായേന്റെയും ആബേലിന്റെയും കഥയെ പുതിയ കാലത്തിലേക്ക് എന്നല്ല എല്ലാക്കാലത്തേക്കുമായി പുതുക്കിപ്പണിയുന്നു കഥാകാരൻ. ഒരുപാട് ചിന്തിക്കാൻ വകനൽകുന്ന കഥ. വിപിൻദാസ് തോട്ടത്തിലിന്റെ കഥ 'അമ്പത്തിരണ്ടുമാറാഴം' ഒരു മത്സ്യത്തൊഴിലാളിയുടെ മനോവ്യാപാരം മത്സ്യത്തൊഴിലാളികളുടെ ഭാഷയിൽത്തന്നെ എഴുതിയിരിക്കുന്നു. കഥയ്ക്ക് കുറെക്കൂടി നീളം ഉണ്ടെങ്കിൽ എന്നുതോന്നിപ്പോയി.

– **ജോസ് വിക്ടർ,** വിഴിഞ്ഞം.

# ലേ-ഔട്ട് നന്നായി

ഒക്ടോബർ ലക്കം ജീവനും വെളിച്ചവും മാസികയുടെ മുഖചിത്രം ഉൾപ്പെടെ അകത്തെ ലേ-ഔട്ട് വളരെ നന്നായതിൽ സന്തോഷമുണ്ട്. ഒപ്പം സമൃദ്ധമായ വിഭവങ്ങളും കൊണ്ട് മനോഹരമായി. വിഴിഞ്ഞം തുറമുഖപദ്ധതിയെക്കുറിച്ചുള്ള പ്രഗത്ഭരുടെ അഭിപ്രായം ലേഖനങ്ങളോടൊപ്പം പ്രത്യേകം ചേർത്തത് മാസികയെ അതിന്റെ ഉന്നതനിലവാരത്തിലേക്കുയർത്താൻ പര്യാപ്തമായി. ജീവനും വെളിച്ചവും മാസികയുടെ അണിയറ പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ

– **പീറ്റർ സി.** പരുത്തിയൂർ

# താളുകളിൽ


*അഭിമുഖം:*

**സമരവഴിയിൽ മോൺ. യൂജിൻ എച്ച്. പെരേര** 6

ജോൺസിറ്റ

*ലേഖനം:*

**ജീവിതം ലഹരിയാക്കൂ...** 12

ജയന്തി ടി.

**അന്ധവിശ്വാസം: ഈശ്വരനോടുള്ള വെല്ലുവിളി** 16

ജോൺസൺ റോച്ച്

**ചരിത്രപഥം** 18

ഇഗ്നേഷ്യസ് തോമസ്

*വർത്തമാനം:* 22

**ദയാബായി എന്ന സമരസഞ്ചാരി**

ബർഗ്മാൻ തോമസ്

*കവിത:*

**സാധ്യത** 15

ഷൈജു അലക്സ്

**നെഞ്ചിടി** 25

ഗ്ലേവിയസ് അലക്സാണ്ടർ

*കഥ:*

**പ്രാർത്ഥനകൾ** 20

വിർജിൻ എസ്.

**തമ്പാളി** 21

പ്രവീൺ പി.

**സിനിമ** 26

സുനിൽ സി.ഇ.

**വായന** 27

സിബിൽ ചെറിയാൻ

**വാർത്തകൾ** 28

**നീർച്ചാൽ** 34

**വചനജ്വാല** 40

**നേർക്കാഴ്ച** 42

ജെ.സി.










**മത്സ്യത്തൊഴിലാളികളുടെ സമരം മൂന്നുമാസങ്ങൾ പൂർത്തിയാക്കുമ്പോൾ 'ജീവനും വെളിച്ചവും' മാസികയ്ക്കുവേണ്ടി വിഴിഞ്ഞം സമരസമിതി കൺവീനർ മോൺ. യൂജിൻ എച്ച്. പെരേരയുമായി ജോൺസിറ്റ ജെയിംസ് നടത്തിയ അഭിമുഖം.**



# സമരവഴിയിൽ മോൺ. യൂജിൻ എച്ച്. പെരേര



ജോൺസിറ്റ ജെയിംസ്

***എന്തിനുവേണ്ടി, എന്തുകൊണ്ട് ഈ സമരം എന്ന് ഇനിയും മനസ്സിലാകാത്തവർക്കായി, സമരത്തിന്റെ ആവശ്യകതയെയും കേരളത്തിലാകമാനമുള്ള പ്രത്യേകിച്ച് തിരുവനന്തപുരത്തെ മത്സ്യത്തൊഴിലാളി സമൂഹത്തിന് ഈ സമരത്തിന്റെ പ്രസക്തിയെന്തെന്നും വിശദമാക്കാമോ? പ്രത്യേകിച്ച് ലത്തീൻ കത്തോലിക്കസഭ എന്തിന് ഈ സമരത്തിന് നേതൃത്വം നൽകുന്നു?***

മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പോർട്ട് നിർമ്മാണത്തിന്റെ ആഘാതം ആദ്യമായി ഏൽക്കേണ്ടി വരുന്നത് തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ മുതൽ മാമ്പള്ളി വർക്കലവരെയുള്ള മത്സ്യത്തൊഴിലാളികൾക്കാണ് . എന്നാൽ ഇതിന്റെ പ്രത്യാഘാതം കൊല്ലം ആലപ്പുഴ എന്ന് തുടങ്ങി കേരളത്തിന്റെ അങ്ങോളമിങ്ങോളമുള്ള പ്രദേശങ്ങളെ ബാധിക്കും എന്നാണ് മനസിലാക്കാൻ കഴിയുന്നത്. അ

തുകൊണ്ടുതന്നെ ഈ സമരം വിജയിച്ചില്ലെങ്കിൽ മൽസ്യത്തൊഴിലാളികൾ വലിയ പ്രതിസന്ധിയിൽ ആകും.

തിരുവനന്തപുരം ജില്ലയിലെ ബഹുഭൂരിപക്ഷം മത്സ്യത്തൊഴിലാളികളും സഭാംഗങ്ങളാണ്. അതുകൊണ്ടാണ് സഭ ഈ സമരം ഏറ്റെടുത്തത്. വികസനത്തോട് എപ്പോഴും തുറന്ന മനസ്സാണ് ലത്തീൻ കത്തോലിക്ക സമൂഹത്തിനുള്ളത്. വിഎസ്എസ്സി, ടൈറ്റാനിയം, എയർപോർട്ട് തുടങ്ങി എല്ലാ വികസനങ്ങളോടും നമ്മൾ തുറന്ന മനസ്സാണ് കാണിച്ചത്. എന്നാൽ ഈ പദ്ധതിമൂലം ഉണ്ടായ തീരശോഷണം വളരെ വലിയ ആഘാതമാണ് തീരദേശത്തുണ്ടാക്കിയിരിക്കുന്നത്. വലിയതുറയിൽ തന്നെ അഞ്ചുവരി വീടുകൾ പോയി. ശംഖുമുഖം ബീച്ച് പൂർണമായും അപ്രത്യക്ഷമായി. കോവളം വിനോദ സഞ്ചാര തീരവും പ്രതിസന്ധിയിൽ ആണ്.

കടൽത്തീരത്തിന്റെ സ്വഭാവമനുസരിച്ചു മണൽ വർഷകാലത്തു (ജൂൺ, ജൂലൈ, ആഗസ്ത്) മാസങ്ങളിൽ തെക്കോട്ടും ഒക്ടോബർ, നവംബർ മാസത്തിൽ തിരിച്ചും വരും. അത് കടലിന്റെ സ്വാഭാവികമായ രീതിയാണ്. പക്ഷേ തൊക്കോട്ട് പോകുന്ന മണൽ തിരിച്ചു വരാത്ത ഒരു അവസ്ഥ ഉണ്ട്. അതിന്റെ ഭാഗമായി വരുംവർഷങ്ങളിൽ വിമാനത്താവളത്തോടുചേർന്ന റോഡ് നഷ്ടമാകുകയും ചെയ്യും. അതോടൊപ്പം മൽസ്യമേഖലയും ഒരുപാട് പ്രശ്നങ്ങൾ നേരിടേണ്ടിവരും. അങ്ങനെയാണ് പലതരത്തിൽ മത്സ്യത്തൊഴിലാളികളുമായി ചർച്ചകൾ നടത്തി ഈ 7 മുദ്രാവാക്യങ്ങൾ ഉയർത്തിയത്.

***ലത്തീൻ സഭയും മത്സ്യത്തൊഴിലാളികളും നേതൃത്വം നൽകുന്ന സമരം തുടങ്ങി ഇന്നേക്ക് 100 ദിവസം പിന്നിടുകയാണ്. സമര സമിതി മുന്നോട്ടു വച്ച 7 ആവശ്യങ്ങളിൽ 6 എണ്ണവും സർക്കാർ പൂർണമായി അംഗീകരിച്ചു എന്നാണ് അവകാശപ്പെടുന്നത്. എന്നാൽ ഇതിൽ ഒന്നിൽപ്പോലും അനുഭാവപൂർണ്ണമായ മറുപടി സർക്കാരിന്റെ ഭാഗത്തു നിന്നും കിട്ടിയിട്ടില്ല എന്നാണ് ലത്തീൻ സഭ പറയുന്നത്. സമര സമിതിയുടെ അധ്യക്ഷൻ എന്ന നിലയിൽ ഈ വിഷയത്തെക്കുറിച്ച് എന്താണ് പറയാൻ ഉള്ളത്. ഓരോ വിഷയത്തിലും സർക്കാർ എടുത്ത നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ? ചർച്ചകളിൽ പറയുന്ന ഉറപ്പുകൾ പ്രാവർത്തികമാകാത്തത് എന്തുകൊണ്ടാണ്?***

അതിൽ ഏറ്റവും പ്രധാനമായി നൽകിയത് മനുഷ്യോചിതമല്ലാത്ത ക്യാമ്പുകളിൽ, സിമെന്റ് ഗോഡൗണുകളിൽ കഴിയുന്നവരുടെ അന്തസ്സായ പുനരധിവാസം സാധ്യമാക്കുക എന്നതാണ് . ഇവരെ വാടക നൽകി പുനരധിവസിപ്പിക്കണം എന്നാണ് നമ്മൾ ആവശ്യപ്പെട്ടത്. ഈ പുനരധിവാസം സംബന്ധിച്ച ക്യാബിനറ്റ് ചർച്ചകൾ കളക്ടറെ ചുമതലപ്പെടുത്തിയാണ് ചെയ്തത്. പക്ഷേ ഞങ്ങളുമായി ചർച്ചചെയ്യപ്പെടാതെ ഏകപക്ഷീയമായാണ് നടത്തപ്പെട്ടത്. 5500 രൂപക്ക് പട്ടണത്തിന്റെ തീരപ്രേദശത്തു ഒരു വാടക വീട് ലഭിക്കില്ല എന്ന് പാർട്ടിക്കാരുൾപ്പെടെ എല്ലാരും അംഗീകരിക്കുന്ന കാര്യമാണ്. അത് റവന്യൂ ഉദ്യോഗസ്ഥർ ഇടപെട്ടു പരിഹരിക്കും എന്നായിരുന്നു സർക്കാരിന്റെ മറുപടി .എന്നാൽ ഇപ്പോഴും ആളുകൾ ക്യാമ്പുകളിൽ തന്നെയാണ് കഴിയുന്നത്. വളരെ അപ്രായോഗികമായ ഒരു നിലപാട് ആണ് ഇക്കാര്യത്തിൽ ബന്ധപ്പെട്ടവർ എടുത്തിരിക്കുന്നത്.

രണ്ടാമത് വീട് പുനർനിർമ്മാണം ചെയ്തു നൽകുന്നത് സംബന്ധിച്ചായിരുന്നു, ഇന്ന് വികസനത്തിന്റെ പേരിൽ കെ റെയിലിനെക്കുറിച്ചും തീരദേശ ഹൈവേയെക്കുറിച്ചും സംസാരിക്കുമ്പോൾ അവർക്ക് തത്തുല്യമായി വീട് നൽകാം എന്നാണ് സർക്കാർ നിലപാട്. എന്നാൽ തീരശോഷണംമൂലം വീട് നഷ്ടപെട്ട പലർക്കും സ്വന്തമായി ഭൂമിയും നല്ല വീടുകളും ഉണ്ടായിരുന്നവരാണ്. അവരെ ഗോഡൗണിൽ താമസിപ്പിക്കുന്നതും ഫ്ളാറ്റുകളിൽ താമസിപ്പിക്കുന്നതും തീർത്തും നീതിരഹിതമാണ്. അതുകൊണ്ടുതന്നെ നമ്മൾ സർക്കാരിനോട് ആവശ്യപ്പെടുന്നത് വീട് നഷ്ടപ്പെട്ടവർക്ക് 3 സെൻറ് ഭൂമിയും നല്ല വീടും നല്കണമെന്നാണ്. അപ്പോൾ അതിനു മറുപടിയായി അവിടെ 8 ഏക്കർ സ്ഥലം എടുത്തു എന്നൊക്കെയാണ് സർക്കാരിന്റെ വാദം. എന്നാൽ ആ കാര്യങ്ങളിൽ ഒരു കൃത്യമായ നിലപാട് സ്വീകരിക്കാൻ ഇതുവരെ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഇതും ഒരു പൊള്ളയായ വാഗ്ദാനമാണ്.

മറ്റൊരു ആവശ്യമായിരുന്നു കാലാവസ്ഥ മുന്നറിയിപ്പ് സംബന്ധിച്ചത്. ഈ കാലാവസ്ഥ മുന്നറിയിപ്പ് നൽകുന്ന സംവിധാനം തന്നെ പരാജയപ്പെട്ട ഒരു അവസ്ഥയാണ് നിലവിൽ ഉള്ളത്. ഓഖി ചുഴലിക്കാറ്റിന്റെ സമയത്തു നമ്മൾ വളരെ കൃത്യമായി ഭരണാധികാരികളോട് പറഞ്ഞിരുന്നു ഇടപെടൽ നടത്തണമെന്ന് .എന്നാൽ അന്ന് അതിനു വീഴ്ചയുണ്ടായി. അതുകൊണ്ടാണ് 350 മത്സ്യത്തൊഴിലാളികളെ നമുക്ക് നഷ്ടപെട്ടത്. ആ ഒരു ദുരന്തത്തിനുശേഷം ആകാശത്തു കാർമേഘങ്ങൾ കാണുമ്പോൾ മത്സ്യബന്ധനത്തിന് പോകരുത് എന്ന് പ്രഖ്യാപിക്കും . അതിനർത്ഥം ഇതുവരെ കൃത്യമായി കാലാവസ്ഥ മുന്നറിയിപ്പുകളോ സംവിധാനങ്ങളോ ക്രമപ്പെടുത്തിയിട്ടില്ല എന്നാണ്. അങ്ങനെ വളരെ നിരുത്തരവാദമായ അനൗൺസ്മെന്റിന്റെ ഭാഗമായി കടലിൽ പോകാൻ മത്സ്യത്തൊഴിലാളികൾക്ക് സാധിക്കില്ല. അങ്ങനെയുള്ള ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ ഏറെ ബുദ്ധിമുട്ടാണ്. കുട്ടികളുടെ വിദ്യാഭ്യാസം ഭക്ഷണം ആരോഗ്യം ഇതൊക്കെ ഒരു സാധാരണക്കാരനെ സംബന്ധിച്ച് വളരെ പ്രയാസമാ

ണ്. അങ്ങനെ ആണ് നമ്മൾ ഗവണ്മെന്റിനോട് ഇത്തരം ദിവസങ്ങളിൽ ഒരു മിനിമം വേതനം നൽകണം എന്ന് ആവശ്യപ്പെടുന്നത്. ഇതും ചർച്ചകൾ ചെയ്ത പരിഗണിക്കാം എന്ന് പറയുന്നതല്ലാതെ കൃത്യമായി ഒരു നിർദ്ദേശം മുന്നോട്ടു വയ്ക്കുന്നില്ല.

അടുത്തത് മണ്ണെണ്ണ വില. ഇപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യവറുതി ഉണ്ടായിരിക്കുകയാണ്. മത്സ്യവറുതിയുടെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടലിൽ പതിനായിരം രൂപമുതൽ ഇരുപത്തയ്യായിരം രൂപവരെ ചിലവഴിക്കേണ്ടി വരുന്നു. ഇത്തരം സാഹചര്യങ്ങളിൽ മണ്ണെണ്ണയുടെ ചെലവുപോലും അവർക്ക് കിട്ടാതെ വരുന്നു. തമിഴ്നാട് ഗുജറാത്ത് കർണാടക തുടങ്ങി സംസ്ഥാനങ്ങളിൽ മൽസ്യത്തൊഴിലാളികൾക്ക് ന്യായമായ സബ്സിഡി ലഭിക്കുന്നു. ഇവിടെ നമ്മൾ ആവശ്യപ്പെട്ടത് തമിഴ്നാട് മോഡലിൽ മൽസ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭ്യമാക്കണം എന്നാണ്. എന്നാൽ ഇക്കാര്യം നമ്മൾ ആവശ്യപ്പെട്ടപ്പോൾ മത്സ്യത്തൊഴിലാളികളോട് അവർ ഉപയോഗിക്കുന്ന എഞ്ചിനുകളിലെ ഇന്ധനം മാറ്റി ഡീസൽ ആക്കുക എന്ന നിലപാട് ആണ് സർക്കാർ എടുത്തിരിക്കുന്നത്. എന്നാൽ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് പെട്ടെന്ന് അവരുടെ തൊഴിൽ രീതികളിൽ ഇങ്ങനെ ഒരു മാറ്റം വരുത്തുവാൻ സാധ്യമല്ല. സാങ്കേതികവിദ്യകൾ ഉപയോഗിച്ചുവരുന്നതുവരെ ഇവർക്ക് മണ്ണെണ്ണയിൽ സബ്സിഡി അനുവദിക്കണം എന്നാണ് വീണ്ടും ആവശ്യപ്പെട്ടത്, എന്നാൽ ഇതുവരെ കൃത്യമായ തീരുമാനം ഉണ്ടായിട്ടില്ല.

അടുത്തത് മുതലപ്പൊഴിയുമായി ബന്ധപ്പെട്ട്. മുതലപ്പൊഴി ഹാർബർ NIT, IIT പോലുള്ള പ്രമുഖ സ്ഥാപനങ്ങളാണ് രൂപകല്പന ചെയ്തിരിക്കുന്നത്. എന്നാൽ ഈ രൂപകൽപന വലിയ ആപത്ത് ഉണ്ടാക്കി മരണപ്പൊഴിയായി മാറിയിരിക്കുന്നു. അത് സംബന്ധിച്ചു മത്സ്യത്തൊഴിലാളികളുടെ കടലറിവും കടൽശാസ്ത്രവും ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി രൂപീകരിച്ചു പഠനം നടത്തി തീരുമാനം എടുക്കണം എന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ മത്സ്യത്തൊഴിലാളികളെ ഒന്നും ഉൾപ്പെടുത്താതെ ഏകപക്ഷീയമായി ഒരു സമിതി രൂപീകരിക്കുകയാണ് ചെയ്തത്.

അവസാനമായി പറഞ്ഞത് വളരെ വേണ്ടപ്പെട്ട ഒരു ആവശ്യമാണ് വിഴിഞ്ഞം വാണിജ്യ തുറമുഖം സൃഷ്ട്ടിക്കുന്ന ആഘാതം. ഈ ആഘാതം വളരെ വലുതാണ്. തീരശോഷണത്തോടൊപ്പം വിഴിഞ്ഞം മത്സ്യബന്ധന ഹാർബറിനെയും തെക്കുള്ള മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനത്തെയും ഇത് സാരമായി ബാധിക്കും. സ്വാഭാവികമായ ഒരു പോർട്ടാണെന്ന് പറഞ്ഞുകൊണ്ട് ദശലക്ഷക്കണക്കിന് കല്ലുകൾ കൊണ്ടിട്ടാണ് പോർട്ട് നിർമ്മിക്കുന്നത്. ഇങ്ങനെ ചെയ്താൽ തീർച്ചയായും തുറമുഖത്തിന്റെ വടക്കുഭാഗത്തു കര നഷ്ടമാവുകയും തെക്കുഭാഗത്തു തീരം വയ്ക്കുകയും ചെയ്യും. ഇനി അവിടെ നടക്കാനിരിക്കുന്നത് വല്യആഴക്കടലിൽ ഉള്ള കല്ലിടലുകളാണ്. ഈ കല്ലിടൽ സാധ്യമാകണമെങ്കിൽ പശ്ചിമഘട്ട മലനിരകളെ തകർത്തു കടലിൽ കൊണ്ട് ഇടണം. അത് കേരളത്തിൽ വീണ്ടും ജലപ്രളയവും ചുഴലിക്കാറ്റുമൊക്കെ ഉണ്ടാകാൻ കാരണമായേക്കാം. മാത്രമല്ല കാലാവസ്ഥയോടൊപ്പം തന്നെ കടലിന്റെ ആവാസ വ്യവസ്ഥയെ ഇല്ലാതാക്കുവാനും ഇത് കാരണമായേക്കാം. മുൻ ബയോഡൈവേഴ്സിറ്റി ബോർഡ് ചെയർമാൻശ്രീ. ഉമ്മൻ വി ഉമ്മൻ മത്സ്യത്തൊഴിലാളികളുടെ സമരം ന്യായമാണെന്നു അംഗീകരിച്ചുകൊണ്ട് സമരപ്പന്തലിൽ വന്നിരുന്നു. അദ്ദേഹം ബയോ ഡൈവേഴ്സിറ്റി ചെയർമാൻ ആയിരുന്ന കാലത്ത് ഫ്രണ്ട്സ് ഓഫ് മറൈൻ ലൈഫുമായി സഹകരിച്ച് തിരുവനന്തപുരം കടലിന്റെ ആവാസ വ്യവസ്ഥയെക്കുറിച്ചു പഠിക്കുകയും ആ പഠനത്തിലൂടെ കടലിന്റെ ആവാസ വ്യവസ്ഥ നഷ്ടമാകുന്നുവെന്നും അതിന്റെ ഫലമായി കടലിൽ മൽസ്യസമ്പത്തു കുറഞ്ഞു വരുന്നതായി കണ്ടെത്തി എന്നും പറയുകയുണ്ടായി. വിഴിഞ്ഞം തുറമുഖത്തിനു അടുത്തായാണ് ലോകോത്തര ഫിഷ് വാഡ്ജ് ഉള്ളത്. തുറമുഖത്തിന്റെ വരവോടുകൂടി ഇത് തകരുകയും തിരുവനന്തപുരം കടലിൽ മൽസ്യ വരൾച്ച ഉണ്ടാകുകയും ചെയ്യും. അങ്ങനെ കടലിലും കരയിലും ദുരന്തം സൃഷ്ടിക്കുവാൻ ഈ പദ്ധതി ഇടയാക്കും. ഇതിനെല്ലാം ഉപരിയായി ഇന്റർനാഷണൽ ഫിനാൻസ് കോർപറേഷൻ മുന്നോട്ടു വയ്ക്കുന്നത് ഈ പദ്ധതി മൂലം സംസ്ഥാന സർക്കാരിന് ഒരു രൂപ പോലും ലാഭം ഉണ്ടാകില്ല എന്നാണ്. അതുപോലെ തന്നെ തുറമുഖം സാധ്യമായാൽ ധാരാളം തൊഴിൽ അവസരങ്ങൾ ഉണ്ടാകും എന്ന് അദാനി ഗ്രൂപ്പ് പറയുന്നുണ്ട്. ആകെയുള്ളതു 550 തൊഴിലവസരങ്ങളാണ്. കൂടാതെ ഓരോ വർഷവും ഉണ്ടാകുന്ന ആഘാതങ്ങൾ പരിഹരിക്കാനായിട്ട് കോടിക്കണക്കിനു രൂപ ചിലവഴിക്കേണ്ടിവരും. ഈ രംഗത്ത് ഒരു പുനരാലോചന നടത്തുന്നത് സർക്കാരിന് വളരെ നേട്ടം ഉണ്ടാക്കുന്ന കാര്യമാണ്. അതുകൊണ്ടാണ് ഒരു മൂന്നുമാസം നിർമ്മാണം നിർത്തിവച്ച് പഠനം നടത്തുവാൻ ആവശ്യപ്പെട്ടത്.

2019 ഡിസംബർ 3-ാം തിയതി കമ്മീഷൻ ചെയ്യേണ്ട പോർട്ട് 5 വർഷം പിന്നിട്ടിട്ടുപോലും പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതി ഒരു മൂന്നു മാസം നിർത്തി വച്ചു പഠനം നടത്തിയാൽ ഒരു നഷ്ടവും ഉണ്ടാകാൻ പോകുന്നില്ല. സർക്കാരും അദാനിയും ഇത് മനസിലാക്കേണ്ടതുണ്ട്. ഇനി ഒരു ദുരന്തവും ഉണ്ടാകാതിരിക്കുവാനും ഭാവിതലമുറയുടെ സുരക്ഷിതത്വം കിണക്കിലെടുത്തുമാണ് നമ്മൾ ഈ 7 ആവശ്യങ്ങളും സർക്കാരിനോട് ആവശ്യപ്പെ

ട്ടിരിക്കുന്നത്.

***പൊതുസമൂഹവും മത്സ്യത്തൊഴിലാളികളും ഉൾപ്പെടെ സമരം തുടങ്ങി ഇത്രയും നാൾ പിന്നിട്ടിട്ടും ആദ്യം മുതൽ ചോദിക്കുന്ന ഒരു ചോദ്യമാണ് എന്തുകൊണ്ട് ഇപ്പോൾ ഇങ്ങനെ ഒരു സമരം. നേരത്തെ ആകാമായിരുന്നില്ലേ എന്ന്. ഈ ചോദ്യത്തിനുള്ള മറുപടി എന്തായിരിക്കും?***

പോർട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് ചില ആളുകൾ ഈ പദ്ധതിയെ ഒരു സ്വപ്നപദ്ധതിയായി ഉയർത്തി എന്നേയുള്ളൂ. സുതാര്യമായ ഒരു നടപടിയും നടന്നിട്ടില്ല. നമ്മൾ ആവശ്യപ്പെടുന്നത് സുതാര്യമായ പഠനങ്ങളാണ്. സുതാര്യമായ പഠനങ്ങൾ നടത്തിയ ഏജൻസികളായ IFC യും LLT യും ഒക്കെ. അവരുടെ പഠന റിപ്പോർട്ടിൽ വളരെ വ്യക്തമായിട്ട് ഇത് ഒരു നഷ്ടക്കച്ചവടം ആകും എന്ന് പറഞ്ഞിരുന്നു. എന്നാൽ അതിനെയൊക്കെ തമസ്കരിച്ചുകൊണ്ടാണ് ഇടപെടലുകൾ നടന്നത്. ആ കാലഘട്ടം മുതൽ നമ്മൾ ഈ വിഷയങ്ങൾ ഉയർത്തിയിരുന്നു, എന്നാൽ നമ്മുടെ ഭരണാധികാരികൾ വളരെ കൃത്യമായി രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് നമ്മുടെ ജനങ്ങൾക്കിടയിൽ ഒരു ഭിന്നിപ്പ് ഉണ്ടാക്കാനായിട്ട് ശ്രമിച്ചു. ആ ഭിന്നിപ്പ് വളരെ ഭയാനകം ആണ്. രാഷ്ട്രീയവും മറ്റു ഉദ്ദേശ്യങ്ങളും താല്പര്യങ്ങളും പറഞ്ഞു നടത്തിയ ഇത്തരം ഭിന്നിപ്പുകൾ ഇപ്പോഴും പ്രകടമാണ്. ചിലരൊക്കെ പറയുന്നതുപോലെ ഇത് പെട്ടെന്നൊരു ദിവസം പൊട്ടിപുറപ്പെട്ടതല്ല. 1998 ൽ അന്നത്തെ പോർട്ട് മിനിസ്റ്റർ എം വി രാഘവൻ പോർട്ട് നിർമ്മാണത്തിനോടനുബന്ധിച്ച ചർച്ചകൾക്കായി അടിമലത്തുറയിൽ വന്നിരുന്നു. അദ്ദേഹത്തിന് അന്ന് കാറിൽ നിന്ന് പുറത്തിറങ്ങാൻ സാധിച്ചില്ല. ജനങ്ങളൊക്കെയും അത്രയും ക്ഷുഭിതരായിരുന്നു. അദ്ദേഹത്തിന് തിരികെ പോകേണ്ടി വന്നു. 1995 മുതൽ ആരംഭിച്ച ചർച്ചകൾ ഹൈദരാബാദിലെ കുമാർ ഗ്രൂപ്പുമായിട്ടായിരുന്നു. 2010 നു ശേഷമാണ് അദാനി ഗ്രൂപ്പുമായി ചർച്ചകൾ പുരോഗമിക്കുന്നത്.

2010 മുതൽ സമരവുമായി നമ്മൾ മുന്നോട്ടു പോയിരുന്നു. നിർമ്മാണം ആരംഭിച്ചതിനുശേഷം വന്ന കോവിഡ് മഹാമാരി എല്ലാവരെയും നിശ്ചലമാക്കി. എന്നാൽ അപ്പോഴും ക്യാമ്പിൽ കഴിയുന്ന മൽസ്യത്തൊഴിലാളികൾ വളരെ കൃത്യമായി അധികാരികളോട് ഈ വിഷയം ആവശ്യപ്പെടുന്നുണ്ടായിരുന്നു. മുഖ്യമന്ത്രിയെ നേരിട്ട് കണ്ടുപോലും മൂന്നും നാലും പ്രാവശ്യം നിവേദനം നൽകിയിട്ടുണ്ട്. അതുപോലെതന്നെ ക്യാബിനറ്റ് സബ്കമ്മിറ്റി പ്രശ്നം പരിഹരിക്കാം എന്ന് പറഞ്ഞിരുന്നു. എന്നാൽ ഒരു തരത്തിലുള്ള തുടർനടപടികളും ലഭിക്കാത്ത സാഹചര്യത്തിലാണ് മത്സ്യത്തൊഴിലാളികളുടെ വികാരത്തെ ഉൾകൊണ്ട മത്സ്യത്തൊഴിലാളികൾ തന്നെ ഏറ്റെടുത്ത് സ്വയം മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത് ഇത് ഇപ്പോൾ തുടങ്ങിയ ഒരു പ്രശ്നമല്ല 1998 മുതൽ തുടങ്ങിവച്ചതാണ്.

***കഴിഞ്ഞ ദിവസങ്ങളിൽ ഏറെ ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണ് ദയാബായി എൻഡോസൾഫാൻ ദുരിതബാധിതർക്കു വേണ്ടി നടത്തിയ നിരാഹാരസമരം. ദയാബായി മുന്നോട്ടു വച്ച 6 ആവശ്യങ്ങളിൽ സംസ്ഥാന സർക്കാരിന് കീഴിൽ വരുന്ന 5 ആവശ്യങ്ങളും രേഖാമൂലം ഉറപ്പു നൽകിക്കൊണ്ട് സമരം അവസാനിപ്പിക്കുകയായിരുന്നു. ഈ ഒരു പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സമരം മുന്നോട്ടു വച്ച സംസ്ഥാന സർക്കാരിന്റെ കീഴിൽ വരുന്ന 5 ആവശ്യങ്ങളും അംഗീകരിക്കാൻ സർക്കാർ തയ്യാറാകുമ്പോൾ വിഴിഞ്ഞം സമരസമിതി തങ്ങളുടെ 7 ആവശ്യങ്ങളും നടപ്പാക്കാതെ ഈ സമരത്തിൽ നിന്ന് പിന്മാറില്ല എന്ന നിലപാടിനോട് എങ്ങനെ പ്രതികരിക്കുന്നു?***



ദയാബായിയുടേത് വളരെയേറെ ദുരിതങ്ങൾ അനുഭവിക്കുന്ന നമ്മുടെ സംസ്ഥാനത്തിന്റെ പ്രജകളുടെ ആവശ്യങ്ങൾ ഉന്നയിച്ച ഒരു സമരമാണ്. അതിനോട് ധാരാളം സംഘടനകളും രാഷ്ട്രീയപാർട്ടികളും ഐക്യദാർഢ്യം പ്രഖ്യാപിച്ചു എത്തിയിരുന്നു. ഇവിടെ നമ്മൾ ആവശ്യപെടുന്ന ഈ 7 ആവശ്യത്തിൽ പോർട്ട് നിർമ്മാണം നിർത്തിവയ്ക്കില്ല എന്ന് പറഞ്ഞു പക്ഷേ ഇത് സംസ്ഥാനത്തിനു തന്നെ വല്യ ഒരു ദുരന്തമായി മാറും. ഇപ്പോഴാണ് ഈ ആഘാതം ഇത്ര വലുതാണെന്ന് മനസിലാക്കുന്നത്. കടലിനെക്കുറിച്ച് പഠനങ്ങൾ നടക്കുന്നതു ലബോറട്ടറികളിൽ ആണ്. ലബോറട്ടറികളിൽ ആർട്ടിഫിഷ്യലായി നടത്തുന്ന പഠനങ്ങളാണ്. ഇപ്പോൾ വിഷയങ്ങൾ എല്ലാം വളരെ തെളിഞ്ഞു വന്നിരിക്കുകയാണ്. ഇത് സൃഷ്ടിക്കുന്ന ആഘാതം വളരെ സങ്കീർണം ആണെന്ന് എല്ലാവർക്കും മനസിലായി. കുറച്ചു കഴിയുമ്പോൾ അന്താരാഷ്ട്ര വിമാനത്താവളം, നമ്മുടെ രാജ്യത്തിന്റെ വികസനമായ ISRO

ഉൾപ്പെടെ വല്യ ആഘാതങ്ങൾ ഉണ്ടാകും. നമ്മൾ ആവശ്യപ്പെടുന്നത് പൊതുജനത്തിനും രാഷ്ട്രതാല്പര്യങ്ങൾക്കും വേണ്ടിയാണ്. അതിനു വേണ്ടിയാണ്. കടലറിവുള്ളവരെയും കടലിന്റെ രീതികളറിയുന്നവരെയും കൂടി ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കുന്നത് വല്യ ഗുണം ചെയ്യുമെന്ന് നമ്മൾ പറയുന്നത്.

***വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കാൻ തീരദേശത്തു നിന്നുമുള്ള ആളുകളെക്കൂടി ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കണം എന്നത് സമരസമിതിയുടെ പ്രധാനമായ ആവശ്യങ്ങളിൽ ഒന്നായിരുന്നു. എന്നാൽ അത് കണക്കിലെടുക്കാതെ സർക്കാർ പഠനസമിതി രൂപീകരിക്കുകയും പഠനം ആരംഭിക്കുകയും ചെയ്തു. സമാന്തരമായി ലത്തീൻസഭ സ്വതന്ത്രമായി ഏഴംഗ പഠന സമിതി രൂപീകരിച്ചതായി വാർത്ത വന്നിരുന്നു. ആരൊക്കെയാണ് ഈ സമിതിയിൽ ഉള്ളത്? തീരദേശത്തെ പ്രതിനിധീകരിച്ച് ഏതെങ്കിലും വിദഗ്ധരോ പരമ്പരാഗത മൽസ്യത്തൊഴിലാളികളോ സമിതിയിൽ ഉണ്ടോ?***

നമ്മൾ എടുത്തിരിക്കുന്ന ആളുകൾ ഡോ. കെ.വി. തോമസ്, ഡോ. ജോൺ കുര്യൻ ഇവരൊക്കെ എന്നും കടലുമായി ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ആളുകളാണ്. അതോടൊപ്പം ഡോ. ടെറി മച്ചാട്. അദ്ദേഹം ലത്തീൻ സമൂഹത്തിൽ പെട്ട ഒരാളാണ്. ഡോ. സരിത ഗോവയിൽ നിന്നാണ്. അതോടൊപ്പം തന്നെ പ്രോബിൻ, അദ്ദേഹം പോണ്ടിച്ചേരിയിൽ വളരെ അനുഭവമുള്ള ആളാണ്. ഇത്തരം ആളുകളോടൊപ്പം തിരുവനന്തപുരത്തുനിന്നും ഒരു ശാസ്ത്രജ്ഞനെക്കൂടി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ അതിൽ അനാരോഗ്യപരമായ ഇടപെടലുകൾ വന്നിരുന്നു .അവരുടെ അക്കാഡമിക് സെന്ററുകളിൽ നിന്ന് അനുമതി ലഭിക്കാത്തതുകൊണ്ട് ഉൾപെടുത്താൻ കഴിയാത്തതാണ്. എന്നിരുന്നാലും നമ്മളോട് സഹകരിക്കാം എന്ന് പറഞ്ഞിട്ടുണ്ട്.

സർക്കാർ ആശങ്കപ്പെടുന്നത് സാധാരണ മത്സ്യത്തൊഴിലാളികളെ പഠനസമിതിയിലേക്ക് കൊടുക്കും എന്നാണ്. നമുക്കിടയിൽ ശാസ്ത്രജ്ഞന്മാരുണ്ട്. കടലറിവുകൾ ഉള്ള ശാസ്ത്രമറിയുന്ന, ജീവിതാനുഭവങ്ങളുള്ള ശാസ്ത്രജ്ഞന്മാരുണ്ട്. നമ്മുടെ സമിതിയിലും നമ്മൾ ശാസ്ത്രജ്ഞന്മാരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കാരണം പൊതു ജനങ്ങൾക്കും തോന്നണം ഇതിനകത്ത് സ്വാധീനങ്ങൾ ഒന്നും ഇല്ല എന്ന്. നമ്മുടെ കമ്മ്യൂണിറ്റിയിൽ പെട്ട ശാസ്ത്രജ്ഞന്മാരെ ആദ്യം നിയോഗിച്ചിരുന്നു. എന്നാൽ അവർക്കു അവസാന നിമിഷം ഇതിൽ ഉൾപെടുവാൻ കഴിഞ്ഞില്ല. ഒരു സെക്കന്റ് ടീം ഇതിനോടൊപ്പം ഉണ്ടായിരിക്കും. പഠനം നടത്തുന്ന ടീമിനോട് ചേർന്ന് പ്രവർത്തിക്കാൻ ഇവരെ നിയോഗിക്കും. ഒരു സുതാര്യത ഉറപ്പ് വരുത്തുവാനായി കടലറിവുള്ള, കടലുമായി ബന്ധമുള്ള മൽസ്യത്തൊഴിലാളികളെയും ഉൾപ്പെടുത്തിയായിരിക്കും ഈ സെക്കന്റ് ടീം രൂപീകരിക്കുന്നത്.

***തുറമുഖ വിഷയത്തിൽ അദാനി ഗ്രൂപ്പ് തുടർച്ചയായി നൽകുന്ന ഹർജികളും അതേത്തുടർന്നുള്ള കോടതി ഇടപെടലുകളും മാധ്യമങ്ങളിലൂടെ നാം കേൾക്കുകയും കാണുകയും ചെയ്തതാണ്. എന്നാൽ തുറമുഖ പദ്ധതിക്കായുള്ള സഭയുടെ നിയമപോരാട്ടങ്ങൾ ഇപ്പോഴും അവ്യക്തമായി തന്നെ തുടരുന്നു. 'ഇനി വിഴിഞ്ഞം വിഷയത്തിന്റെ ഭാഗം കേൾക്കേണ്ടതില്ല, തുറമുഖഭാഗത്തെ സമരപന്തൽ പൊളിച്ചു നൽകുക 'എന്നിങ്ങനെയുള്ള കോടതി വിധികൾ നിലനിൽക്കുമ്പോൾ സഭ ഇതുവരെ കൈകൊണ്ട നിയമ പോരാട്ടങ്ങൾ വിശദീകരിക്കാമോ?***

കരാറുകാരൻ ആദാനി പോലീസ് പ്രൊട്ടക്ഷൻ വേണം എന്ന് ആവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിച്ചു. തീർച്ചയായിട്ടും നിയമപരമായി മാത്രമേ നമുക്കതിനെ കൈകാര്യം ചെയ്യുവാൻ കഴിയുകയുള്ളൂ. നമ്മൾ വിദഗ്ധരായ നിയമജ്ഞരെ അതിനായി നിയോഗിച്ചിട്ടുണ്ട്. ആവർത്തിച്ചാവർത്തിച്ചു സമര പന്തൽ പൊളിച്ചു മാറ്റണം എന്നും ആളുകൾക്ക് നേരെ നടപടി എടുക്കണം എന്നും അദാനി കോടതിയോട് ആവശ്യപ്പെടുന്നുണ്ട്. കോടതി പറഞ്ഞത് ഇപ്രകാരമാണ്; ജനാധിപത്യ രാജ്യത്ത് ജനാധിപത്യവും സ്വാതന്ത്ര്യവും നിലനിർത്തുവാനായിട്ട് സമരം ആകാവുന്നതാണ്. ഒപ്പം അദ്ദേഹത്തിന്റെ പണി തടസ്സപ്പെടുത്തരുതെന്നും പറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ ജൂൺ ജൂലൈ ആഗസ്ത് മാസങ്ങളിൽ അവിടെ ഒരു പണിയും നടന്നിട്ടില്ല. സെപ്തംബർ പകുതി കഴിയുമ്പോഴേ പണി നടക്കുകയുള്ളൂ. ആ രീതിയിലുള്ള ആലോചനകളും ചർച്ചകളും നടന്നിരുന്നുവെങ്കിൽ ചിലപ്പോൾ ഈ കാര്യങ്ങളിലൊക്കെ ഒരു സമീപനം ഉണ്ടാകുമായിരുന്നു. കോടതിയിൽ അദ്ദേഹം കൊടുത്ത റിട്ട് പെറ്റിഷനുമേൽ നമ്മുടെ ഭാഗം കൂടി കേൾക്കുന്ന ഒരു മനസ്സ് കാണുകയാണെങ്കിൽ തീർച്ചയായിട്ടും ഈ പറഞ്ഞിരിക്കുന്ന റിട്ട്പെറ്റിഷൻ തള്ളിക്കളയുവാനുള്ള എല്ലാ സാധ്യതകളും ഉണ്ട്. നമ്മൾ തന്നെ ഈ പറഞ്ഞിരിക്കുന്ന കടൽത്തീര ശോഷണത്തിന്റെയും തൊഴിൽ നഷ്ടപെട്ടതിന്റെയുമൊക്കെ ഭാഗമായി നഷ്ടങ്ങൾ ഉണ്ടായിരിക്കുന്ന ആളുകളെയൊക്കെ വാദികളായി ചേർത്തുകൊണ്ട് ഒരു റിട്ട് പെറ്റിഷൻ ഹൈക്കോടതി മുമ്പാകെ സമർപ്പിക്കുകയാണ്. അതോടൊപ്പം ഹൈക്കോടതിൽ വന്ന കേസിന്റെ പേരിൽ ഇവിടത്തെ ADM ഒരു കേസ് സ്വമേധയാ എടുത്തു. അങ്ങനെ നമ്മുടെ വക്കീൽ ഹാജരായി. പക്ഷേ വക്കീൽ നൽകിയ സാക്ഷിപ്പട്ടികയിലെ സാക്ഷികളെ പോലും കേൾക്കാതെ ദുരൂഹമായ സാഹചര്യത്തിൽ അന്തംവിട്ട പോലെയാണ് ഓടുന്നത്. അത് ആരെ ഭയപ്പെടുത്താൻ ആണെന്ന് അറിയില്ല. നിയമവ്യവസ്ഥക്ക് ന്യായമായ ചില നിയമരീതികളുണ്ട് .ആ പ്രോസിജേഴ്സ് പോലും പാലിക്കാതെ വളരെ വേഗത്തിൽ നിഗൂഢമായി സമ്മർദ്ദങ്ങൾക്ക് വിധേയമായി നീങ്ങുന്ന ഒരു സ്ഥിതിയാണ് കാണുന്നത്. അത്തരം സമ്മർദ്ദങ്ങൾ അല്ല നമ്മുടെ പ്രശ്നം. സത്യം പുറത്തു കൊണ്ടുവരുക എന്നുള്ളതാണ്. അതിനു വേണ്ടി നമ്മൾ നടപടികൾ എടുക്കും.

***ഇപ്പോൾ ഏറ്റവും കൂടുതൽ സൈബർ ആക്രമണങ്ങൾക്ക് വിധേയമാകുന്നത് ലത്തീൻ സഭയിലെ വൈദീ***



**2019 ഡിസംബർ 3-ാം തിയതി കമ്മീഷൻ ചെയ്യേണ്ട പോർട്ട് 5 വർഷം പിന്നിട്ടിട്ടു പോലും പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതി ഒരു മൂന്നു മാസം നിർത്തിവച്ച് പഠനം നടത്തിയാൽ ഒരു നഷ്ടവും ഉണ്ടാകാൻ പോകുന്നില്ല. സർക്കാരും അദാനിയും ഇത് മനസിലാക്കേണ്ടതുണ്ട്. ഇനി ഒരു ദുരന്തവും ഉണ്ടാകാതിരിക്കുവാനും ഭാവിതലമുറയുടെ സുരക്ഷിതത്വം കിണക്കിലെടുത്തുമാണ് ഈ 7 ആവശ്യങ്ങളും സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നത്.**

***കരും മത്സ്യത്തൊഴിലാളികളും ആണ്. അത്തരം സൈബർ ആക്രമണങ്ങൾക്കുള്ള മറുപടി ?***

ഇത് ആധുനിക കാലത്തു രൂപപ്പെടുന്ന പൊതുസമൂഹത്തിന്റെ ചില സമീപനങ്ങളാണ്. നമ്മളെ സംബന്ധിച്ചു 7 ആവശ്യങ്ങൾ മുന്നോട്ടു വച്ചിട്ടുണ്ട്. ഈ 7 ആവശ്യങ്ങളെയും ഖണ്ഡിക്കാൻ ആരെങ്കിലും മുന്നോട്ടു വരുകയാണെങ്കിൽ തീർച്ചയായും അവരുമായി സംവാദത്തിൽ ഏർപ്പെടും. ഇത്തരം എതിർപ്പുകൾ വ്യക്തിഹത്യ ചെയ്യാനുള്ള ശ്രമമാണ്. അതുപോലെ മറ്റു നിഗൂഢമായ താല്പര്യങ്ങളും ഉണ്ട്. ഞാൻ അത്തരം കാര്യങ്ങളോട് വ്യക്തിപരമായി ഒരിക്കലും പ്രതികരിക്കാറില്ല. ചില ആളുകളൊക്കെ ഫോണിൽ വിളിച്ചു സംസാരിക്കാൻ ശ്രമിക്കാറുണ്ട്. ഞാൻ പറയും, നേരിട്ട് വരൂ. നേരിട്ട് വന്നാൽ സംസാരിക്കാൻ റെഡി ആണ് എന്നാണ്. നമ്മുടെ ഭാഗത്തു തെറ്റുകൾ ഉണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ അത് ഉൾകൊള്ളാനും റെഡി ആണ്. അല്ലാതെ നടത്തുന്ന ഒരു പ്രതികരണങ്ങളും ഭയപെടുത്തില്ല. മറ്റാർക്കെങ്കിലും സമരം ചെയ്യുന്നതിൽ ജനാധിപത്യ രാജ്യത്തു ഒരു തടസവും ഇല്ല. എന്നാൽ അത് മര്യാദകൾ പാലിച്ചായിരിക്കണം. മര്യാദകൾ ലംഘിച്ചുകൊണ്ട് ആര് വാളെടുത്താലും വാളെടുക്കുന്നവൻ വാളാലെ എന്നാണ് കർത്താവ് പറഞ്ഞിരിക്കുന്നത്. അത് അങ്ങനെയേ സംഭവിക്കൂ.

***കോടതി വിധിയും സംസ്ഥാന സർക്കാർ നിലപാടുകളും സഭയ്ക്ക് പ്രതികൂലമായി നിലനിൽക്കുന്ന ഈ അവസരത്തിൽ സമര സമിതിയുടെ തുടർ നീക്കങ്ങൾ എന്തൊക്കെയാണ്? സമരം തുടരുമോ അതോ വിട്ടുവീഴ്ചയ്ക്ക് തയ്യാറാകുമോ? സമരം തുടരാനാണെങ്കിൽ എത്ര നാൾ നീണ്ടു നിൽക്കും? ഏതൊക്കെ സമര രീതികൾ അവലംബിക്കും?***

സർക്കാർ നിലപാട് വ്യക്തമാക്കുന്നു എന്ന് പറയുമ്പോഴും ഞങ്ങൾ പറയാത്ത കാര്യങ്ങൾ നിലപാട് ആയി പറയുകയാണ്. ഞങ്ങൾ പോർട്ട് ഉപേക്ഷിക്കണം എന്ന് പറഞ്ഞിട്ടില്ല. സംസ്ഥാന സർക്കാരിന്റെ താല്പര്യം കൂടി സംരക്ഷിക്കത്തക്ക രീതിയിൽ ഇത് താത്കാലികമായി നിർത്തിവച്ച് പഠനം നടത്തുവാനാണാവശ്യപ്പെടുന്നത്. ഈ പോർട്ട് നിർമ്മാണത്തിന് ചിലവഴിക്കുന്നതിനെക്കാളും വല്യ തുക ഇതിന്റെ ആഘാതങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി ചിലവഴിക്കേണ്ടി വരും. അന്ന് ഇങ്ങനെ നോക്കിയിരിക്കാനൊന്നും കഴിയില്ല. അതുകൊണ്ട് അക്കാര്യത്തിൽ സർക്കാർ നിലപാട് എടുത്തിരിക്കുന്നു എന്ന് പറയുമ്പോൾ അത് മത്സ്യത്തൊഴിലാളികൾക്ക് ഗുണകരമല്ലാത്ത നിലപാട് ആണെങ്കിൽ മത്സ്യത്തൊഴിലാളികൾ അത് ഉപേക്ഷിക്കും. നമ്മുടെ രാജ്യത്തു ഭരണഘടന ഉറപ്പു വരുത്തുന്ന നിയമവ്യവസ്ഥയും അതിന്റെ അരൂപിയും ഉൾക്കൊണ്ടുകൊണ്ട് ഈ കേസ് കോടതി പരിഗണിക്കേണ്ടതാണ്. കോടതിയിൽ അദാനി കൊടുത്ത കേസിൽപോലും നാല് കാര്യങ്ങൾ നമുക്ക് അനുകൂലമാണ്. ഒന്ന് തീരശോഷണത്തിൽ വീട് നഷ്ടപെട്ട് ക്യാമ്പുകളിൽ കഴിയുന്നവരെ പുനരധിവസിപ്പിക്കണം. രണ്ട് പാരിസ്ഥിതികവും സാങ്കേതികവുമായ വിഷയങ്ങൾ ഉണ്ടെങ്കിൽ ഹരിത ട്രൈബ്യൂണലിനെ സമീപിക്കണം. നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടി സമരം ചെയ്യുവാനുള്ള അവകാശം ഉണ്ടെന്നും കോടതി പറഞ്ഞിട്ടുണ്ട്. എന്നാൽ അതേ കോടതി തന്നെയാണ് സമരപന്തൽ പൊളിച്ചുമാറ്റണം എന്ന് ആവശ്യപ്പെട്ടതും. അതിനെതിരെ നമ്മുടെ ഭാഗത്തു നിന്നും ഒരു കൗണ്ടർ ഫയൽ ചെയ്തിട്ടുണ്ട്. എന്നാൽ എടുത്ത നിലപാടിൽ ഉറച്ചുനിൽക്കുന്ന സമീപനമാണ് ഇപ്പോൾ കോടതി കൈക്കൊണ്ടിരിക്കുന്നത്. അക്കാര്യത്തിൽ രാജ്യത്തു ഹൈക്കോടതി കഴിഞ്ഞാൽ സുപ്രീം കോടതി ഉണ്ട്. ഡിവിഷൻ ബഞ്ച് ഉണ്ട്. മറ്റു പല സംവിധാനങ്ങളും നിയമ വ്യവസ്ഥിതികളും ഉണ്ട്. ഇത്തരം സംവിധാനങ്ങളെ സമീപിക്കുകയും ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കുന്നതുവരെ സമരത്തെ മുന്നോട്ടു കൊണ്ടുപോകും. സമരമുറകൾക്കും മാറ്റം ഉണ്ടാകും. വ്യത്യസ്തമായ രീതിയിലുള്ള സമര മുറകളായിരിക്കും മൽസ്യത്തൊഴിലാളികൾ ഇനി മുന്നോട്ടു വയ്ക്കുക. ■

## ലേഖനം



# ജീവിതം ലഹരിയാക്കൂ...

കുറച്ചുനാൾ മുൻപ് എന്റെ നാട്ടിലെ സ്കൂളിൽ ശിശുദിനത്തിന്റെ അതിഥിയായി എത്തിയ ഒരു അധ്യാപകൻ ചൊല്ലിയ കവിത കേൾക്കാനിടയായി. ഒരു കൊച്ചുകുഞ്ഞ്, മൂന്ന്-മൂന്നരവയസ്സുള്ള ഒരു പെൺകുഞ്ഞ് അമ്മയോട് പറയുന്ന സംഭാഷണമായിട്ടാണ് ആ കവിത. കുഞ്ഞ് അമ്മയോട് പറയുകയാണ്;

'അപ്പുറം വീട്ടിലെ അപ്പൂപ്പനിന്നലെ
കാക്കേടെ പൂച്ചേടെ കഥ പറഞ്ഞു...
തത്തമ്മ പെണ്ണിന്റെ, താറാ കോഴീടെ
തക്കിടി മുണ്ടന്റെ കഥ പറഞ്ഞു...
മുത്തങ്ങൾ തന്നെത്തന്നെ മാറോടു
ചേർത്തുകൊണ്ടിത്തിരി നേരം കഥ പറഞ്ഞു.
തൂക്കണാം കുരുവീടെ കഥ കേൾക്കുവാനമ്മേ..
ഞാനിന്നു പോകയാണക്കരേക്ക്...

(ഇങ്ങനെ പറഞ്ഞ് യാത്ര പറഞ്ഞ് പോകുകയാണ് കുട്ടി) അപ്പോൾ അമ്മ പറഞ്ഞു;

"തൂക്കണാം കുരുവീടെ കഥ കേൾക്കുവാൻ മോളെ
ഞാനിന്നു പോരുന്നു നിന്റെ കൂടെ...
ഒറ്റക്കിരിക്കുന്നൊരപ്പൂപ്പൻ ചൊല്ലുന്ന
ഒറ്റ കഥയും കഥകളല്ല....
ഒറ്റയ്ക്കുപോയി കഥകൾ നീ കേൾക്കേണ്ട
ഒക്കത്തു കേറി മറിഞ്ഞിടേണ്ട...
അപ്പൂപ്പനും മോളും നല്ലവരെങ്കിലും
അത്രക്കു നല്ലതല്ലിന്നു കാലം..."

......

ഇന്ന്, കാലമത്ര നല്ലതല്ല. എന്താ കാലത്തിന് പറ്റിയത്? നിങ്ങൾ കേട്ടുകാണും ഇലന്തൂരിലെ നരബലിയെപ്പറ്റി... പ്രണയപ്പകയിൽ അരിഞ്ഞുവീഴ്ത്തപ്പെടുന്ന പെൺമക്കളെപ്പറ്റി, എൺപതുകാ



**ജയന്തി ടി**
സെന്റ് മേരീസ് എച്ച്എസ്എസ്, വെട്ടുകാട്

രിയെ ലൈംഗിക അതിക്രമം ചെയ്യുന്ന മുപ്പതുകാരനെപ്പറ്റി, എന്നും വാർത്തകളിൽ നിറഞ്ഞുനിൽക്കുന്ന നൂറുനൂറ് കുറ്റകൃത്യങ്ങളെപ്പറ്റി... അതെ, ഇന്ന് കാലമത്ര നല്ലതല്ല.

മക്കളെ സ്കൂളിലേക്കയച്ചിട്ട് വേവലാതിയോടിരിക്കുന്ന മാതാപിതാക്കൾ. ഇന്നിന്റെ ശാപമായ ലഹരിവസ്തുക്കൾ മക്കളുടെ അടുത്തെങ്ങാനും എത്തുമോ എന്ന വേവലാതി. എത്രയോ മഹാരഥന്മാർ, കലാകാരന്മാർ ലഹരി വസ്തുക്കൾക്കടിമയായി നമ്മെ വിട്ടുപോയി.

"മിന്നാമിനുങ്ങേ, മിന്നും മിനുങ്ങേ
എങ്ങോട്ടാണെങ്ങോട്ടാണീ തിടുക്കം?
നീ തനിച്ചല്ലേ, പേടിയാവില്ലേ...
കൂട്ടിനു ഞാനും വന്നോട്ടെ....."

എന്നു പാടിയ അനുഗൃഹീത കലാകാരൻ ഇന്ന് നമുക്കൊപ്പമില്ല, പാതിവഴിയിൽ നിലച്ചുപോയ ജീവിതങ്ങൾ...

നമ്മുടെ നാട്ടിലും എത്രയോ ജീവിതങ്ങൾ പാതിവഴിയിൽ നിലച്ചുപോയി. യുവാക്കൾ, ബന്ധുക്കൾ, അയൽക്കാർ, നാട്ടുകാർ - ലഹരിക്കടിമയായി ജീവൻ നഷ്ടപ്പെട്ടവർ, ആത്മഹത്യചെയ്തവർ, അപകടങ്ങളിൽപെട്ടവർ, അതുമല്ലെങ്കിൽ നാടിനും വീടിനും അപകടകാരികളായി ജീവിക്കുന്നവർ....

എന്താണ് ലഹരി? ഉപയോഗത്തിലൂടെ തലച്ചോറിന് ഉത്തേജനം നൽകുകയും വീണ്ടും വീണ്ടും ഉപയോഗിക്കാൻ തോന്നുന്നതുമായ ഒന്നാണ് ലഹരി. മദ്യവും മയക്കുമരുന്നും എന്നുവേണ്ട മൊബൈൽ ഫോണും പ്രണയിതാവും ബിരിയാണിയും ഷവർമയും ബൈക്കും അശ്ലീല വീഡിയോകളും ഈ ഗണത്തിൽപ്പെടുമെന്ന് പറയേണ്ടിയിരിക്കുന്നു. ഇതിൽതന്നെ മദ്യവും മയക്കുമരുന്നും ജീവിതം അപ്പേ തകർക്കുന്ന വില്ലന്മാരാണ്.

"വൈകിട്ടെന്താ പരിപാടി' എന്ന പരസ്യവാചകം വലിയ ദുഃസ്വാധീനമുണ്ടാക്കി. 10 വർഷം മുമ്പ് ലഹരി ഉപയോഗിക്കുന്നവരുടെ പ്രായം 20-22 ആയിരുന്നെങ്കിൽ ഇന്ന് നാലാംക്ലാസുകാരൻ പോലും ഇതിനടിമപ്പെടുന്ന സാഹചര്യമുണ്ട്. രാവെന്നോ പകലെന്നോ ഇല്ലാതെ ഒരു 'മിസ്ഡ് കോളി'ൽ പറയുന്നിടത്ത് എത്തിക്കുന്ന ഒന്നായി മാറി ലഹരിവസ്തു.

എവിടെയാണ് തെറ്റിപ്പോകുന്നത്? സ്വസ്ഥതയില്ലാത്ത കുടുംബങ്ങൾ, ഭദ്രതയില്ലാത്ത ജീവിതം, മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട മാതാപിതാക്കളും കുടുംബാംഗങ്ങളും, കൂട്ടുകാരുടെ പ്രേരണ ഇവ ചിലതുമാത്രമാണ്. ആഘോഷങ്ങളും ഡി.ജെ. പാർട്ടികളും പുതുവർഷവുമെല്ലാം ലഹരിയിടങ്ങളായി. ആഘോഷിക്കാൻ ഒത്തുകൂടുമ്പോൾ ഇതൊന്നും ഉപയോഗിക്കാതെ മാറിനിൽക്കുന്ന കൂട്ടുകാരനോട് "നീയെന്തൊരു പൊട്ടനാണെടാ?" "നീയൊരു ലോക തോൽവിയല്ലേ" എന്നൊക്കെ കേൾക്കുമ്പോൾ അവന് സ്വയം തെളിയിക്കേണ്ടി വരുന്നു - "ഞാനും നിങ്ങൾക്കൊപ്പം" എന്ന്. കൗതുകത്തിനും ബോറടി മാറ്റാനും സാഹസികതയ്ക്കുമായി ഉപയോഗിക്കുമ്പോൾ അവർ അറിയുന്നില്ല ഒരിക്കലും വിട്ടുപോരാൻ കഴിയാത്ത നീരാളിപ്പിടുത്തത്തിലേക്കാണ് വീണു പോകുന്നതെന്ന്.

ലഹരിക്കടിമപ്പെട്ടവരെ നമുക്ക് തിരിച്ചറിയുവാൻ സാധിക്കും. അവരുടെ പെരുമാറ്റത്തിൽ കാര്യമായ മാറ്റമുണ്ടാകും. അകാരണമായ ദേഷ്യം, മുറിയിൽ അടച്ചിരിക്കുക, പെരുമാറ്റ വൈകല്യങ്ങൾ, ഉന്മേഷക്കുറവ്, കൂടുതൽ സമയം ഉറങ്ങുക, നിരന്തരം പ്രശ്നങ്ങളിൽ പോയി ചാടുക, കണ്ണുകൾ ചുവന്നിരിക്കുക, പഠനത്തിൽ പി

**ലഹരിക്കടിമപ്പെട്ടവരെ നമുക്ക് തിരിച്ചറിയുവാൻ സാധിക്കും. അവരുടെ പെരുമാറ്റത്തിൽ കാര്യമായ മാറ്റമുണ്ടാകും. അകാരണമായ ദേഷ്യം, മുറിയിൽ അടച്ചിരിക്കുക, പെരുമാറ്റ വൈകല്യങ്ങൾ, ഉന്മേഷക്കുറവ്, കൂടുതൽ സമയം ഉറങ്ങുക, നിരന്തരം പ്രശ്നങ്ങളിൽ പോയി ചാടുക, കണ്ണുകൾ ചുവന്നിരിക്കുക, പഠനത്തിൽ പിന്നോട്ടുപോകുക, രഹസ്യാത്മകത, മുറിക്കകത്ത് അസാധാരണമായ മണം അനുഭവപ്പെടുക, ശരീരത്തിൽ കുത്തിവച്ചപാടുകൾ തുടങ്ങിയവ ഇവരിൽ കാണപ്പെടുന്നു**



ന്നോട്ടുപോകുക, രഹസ്യാത്മകത, മുറിക്കകത്ത് അസാധാരണമായ മണം അനുഭവപ്പെടുക, ശരീരത്തിൽ കുത്തിവച്ചപാടുകൾ തുടങ്ങിയവ ഇവരിൽ കാണപ്പെടുന്നു. ഉറക്കച്ചടവോടെ ക്ലാസിലിരിക്കുന്ന കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

മയക്കുമരുന്ന് ഉപയോഗിക്കുന്നതും കൈവശം വയ്ക്കുന്നതും ഗൗരവകരമായ കുറ്റമാണ്. മയക്കുമരുന്നുമായി പിടിക്കപ്പെട്ടാൽ ഏറ്റവും കുറഞ്ഞ അളവാണെങ്കിൽ ഒരുവർഷം തടവും 10,000/- രൂപയുമാണ് പിഴ. ഇടത്തരം അളവാണെങ്കിൽ 10 വർഷം വരെ തടവും 1,00,000/- രൂപയുമാണ് പിഴ. വാണിജ്യ അളവാണെങ്കിൽ 20 വർഷം വരെ തടവും 10 ലക്ഷം രൂപയുമാണ് പിഴയായി ഈടാക്കുക. നിരന്തരം ഇത്തരം കേസുകളിൽ പെട്ടാൽ ജീവിതാവസാനം വരെ തടവറക്കുള്ളിലാകും ജീവിതം. സിന്തറ്റിക് ഡ്രഗ്സിന്റെ ഏറ്റവും കുറഞ്ഞ ഉപയോഗത്തിന് 20 വർഷം തടവുശിക്ഷയുണ്ട്.

മയക്കുമരുന്നുകൾ ഒരു മനുഷ്യന്റെ കാല്പാദം മുതൽ തലവരെയുള്ള എല്ലാ അവയവങ്ങളെയും രോഗാതുരമാക്കും.

പ്രിയ കുഞ്ഞുങ്ങളോട് പറയുവാനുള്ളത്, മദ്യത്തോടും മയക്കുമരുന്നിനോടും 'നോ' പറയാനുള്ള ചങ്കുറപ്പ് നമുക്കുണ്ടാകണം. എല്ലാ കടുത്ത മദ്യപാനികളും ആരംഭിച്ചത് ഒരു ബിയറിൽ നിന്നാണെന്ന് ഓർമ്മ വേണം.

പ്രിയ രക്ഷിതാക്കളോട് പറയുവാനുള്ളത്, കുടുംബത്തിൽ നിയമങ്ങൾ ഉണ്ടാകട്ടെ. നമ്മുടെ രാജ്യവും സംസ്ഥാനവും സ്ഥാപനങ്ങളും സ്കൂളുകളുമെല്ലാം ചില നിയമങ്ങളിന്മേലാണ് പ്രവർത്തിക്കുന്നത്. അതുപോലെ നമ്മുടെ ഓരോരുത്തരുടെയും കുടുംബങ്ങളിൽ അലിഖിതമായ ചില നിയമങ്ങൾ ഉണ്ടാകട്ടെ. കുടുംബാംഗങ്ങൾക്ക് തോന്നിയതുപോലെ വരുകയും പോകുകയും ചെയ്യാമെന്നതും തോന്നിയതുപോലെ ജീവിക്കാം എന്നുള്ളതുമായ അവസ്ഥ കുടുംബത്തെ തകർക്കും. അമ്മമാർക്ക് ഇവിടെ വലിയ ചുമതല നിർവഹിക്കാനുണ്ട്. അച്ഛൻ നായകനാകുമ്പോൾ അമ്മ വഴികാട്ടിയാകണം. മക്കളോട് നല്ല അടുപ്പം സൂക്ഷിക്കണം. അവരറിയാതെ നമ്മുടെ കണ്ണുകൾ അവർ പോകുന്നിടത്തെല്ലാം ഉണ്ടാകണം.


ലഹരിമാഫിയ നമ്മുടെ കാമ്പസ്സുകളിൽ കടന്നുവരാതെ കരുതലായ് കാവലായ് വിദ്യാർഥികൾക്കൊപ്പം ഉണ്ടാകേണ്ട ധാർമ്മിക ഉത്തരവാദിത്തം അധ്യാപകരായ നമ്മൾ ഓരോരുത്തർക്കുമുണ്ട്. കുട്ടികൾ എത്തും മുൻപേ വിദ്യാലയത്തിൽ എത്തിച്ചേരുന്നതിലൂടെ അധ്യാപകർക്ക് സ്കൂളിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്താനാകും. ഭവന സന്ദർശനത്തിലൂടെ കുട്ടികളുടെ കുടുംബാംഗങ്ങളുമായി ഒരു നല്ല ബന്ധം സ്ഥാപിക്കാനാകും.



എക്സൈസ്/പോലീസ് ഡിപ്പാർട്ടുമെന്റുകളുടെ നിരന്തരമായ ബോധവൽക്കരണ ക്ലാസുകൾ, രക്ഷാകർത്താക്കൾക്കുള്ള 'മക്കളെ അറിയാൻ' പോലുള്ള പരിപാടികൾ വളരെ പ്രയോജനപ്രദമായിരിക്കും. സ്കൂൾ സമയം കഴിഞ്ഞാലുടൻ ബസ് സ്റ്റോപ്പിലും പരിസരത്തും ഇടവഴികളിലും അധ്യാപകരുടെയും പിടിഎ അംഗങ്ങളുടെയും സാന്നിധ്യത്തിലൂടെ കുട്ടികൾ അപരിചിതരുമായി അനാവശ്യ ഇടപെടലുകൾ നടത്തുന്നില്ല എന്ന് ഉറപ്പുവരുത്താനാകും. പെരുമാറ്റത്തിൽ വ്യത്യാസം തോന്നുന്ന കുട്ടികളെ സൂക്ഷ്മമായി നിരീക്ഷിക്കുകയും കൗൺസിലിംഗ് നൽകുകയും ചെയ്യുക. ഇത്തരം ഇടപെടലുകളിലൂടെ വിദ്യാലയത്തെ പുരോഗമനപരമായ മാറ്റത്തിലേക്ക് നയിക്കുവാൻ സാധിക്കും.

ജീവിതം മനോഹരമാണ്. സ്കൂൾ വിദ്യാർത്ഥി ആയിരിക്കുമ്പോൾതന്നെ ലക്ഷ്യബോധത്തോടെ പഠിച്ച് നല്ല സൗഹൃദങ്ങൾ നേടി ആഗ്രഹിക്കുന്ന ജോലി കരസ്ഥമാക്കുവാൻ കഴിഞ്ഞാൽ ജീവിതം ഭദ്രമാകും. ഇന്ന് നമ്മുടെ കുടുംബത്തിന്റെ അവസ്ഥകൾ മോശമായിരിക്കാം. പക്ഷേ, എപ്പോഴും നമ്മൾ സ്വപ്നം കാണേണ്ടത് അങ്ങകലെ തന്നെയും കാത്തിരിക്കുന്ന മനോഹരമായ ജീവിതത്തെയാണ്. കാലംമാറും ജീവിതസാഹചര്യങ്ങൾ മാറും. അന്ന് നമ്മൾ സ്വപ്നം കാണുന്ന ഉയരങ്ങളിൽ എത്തുക തന്നെ ചെയ്യും. എന്തുസ്വപ്നമാണ് നമ്മൾ കാണേണ്ടത്? നമ്മെ ഉറങ്ങാതിരിക്കാൻ പ്രേരിപ്പിക്കുന്ന സ്വപ്നം.

എന്ത് ജോലി ലഭിക്കണമെന്ന് ഇപ്പോഴേ സ്വപ്നം കാണണം. അതിനായി പരിശ്രമിക്കണം. വീഴ്ചകൾ ഉണ്ടാകാം. വീഴുമ്പോൾ തളർന്നുപോകാതെ നിരന്തരമായ പരിശ്രമത്തിലൂടെ നമുക്ക് ലക്ഷ്യത്തിൽ എത്തിച്ചേരാനാകും. വായനയാണ് ലഹരി.... പഠനമാണ് ലഹരി... ലക്ഷ്യമാണ് ലഹരി.... ജീവിതമാണ് ലഹരി.... ഈ ലഹരിയിലൂടെയാകട്ടെ നമ്മൾ ഓരോരുത്തരുടെയും ജീവിത വിജയം. ■



# സാധ്യത

കുരുടന്റെ കാഴ്ചകൾക്ക് മങ്ങൽ
താളുകളടർന്ന പുസ്തകത്തിൽ
അക്ഷരങ്ങൾ കലഹിക്കുന്നു.
പുകിലു പറയുന്ന ബന്ധങ്ങളിൽതട്ടി
നാട്ടുക്കൂട്ടം ഓരിയിടുന്നു.
എന്റെ വിലാസത്തിന്റെ ചതുപ്പുനിലത്തിൽ
ആരോ ഭീഷണിക്കത്തുകളയയ്ക്കുന്നു.
പ്രാവുകളുടെ കുറുകലിൽ
ഇലകൊഴിഞ്ഞ മഴത്തുമ്പികൾ പിടഞ്ഞുവീഴുന്നു
പ്രപഞ്ചസിലിണ്ടറിൽ നിന്ന്
സൂര്യൻ തലകുനിച്ച് പുറത്തേക്കു വരുന്നു
വെയിലും മഴയും ഒത്തുകളിക്കുന്ന
പ്രകാശമില്ലാത്ത നേരം
കട്ടുറുമ്പുകൾ വരിതെറ്റി നീങ്ങുന്നു.
മതിൽപറ്റിയ തവളക്കുഞ്ഞ്
നേരം കെട്ടനേരത്ത് കരഞ്ഞു കലങ്ങുന്നു
ഭ്രാന്തില്ലാത്ത ഒരുവനെത്തേടി
ഭൂലോകംചുറ്റി ഞാൻ തളർന്നു വീഴുന്നു.



ഷൈജു അലക്സ്

ലേഖനം



### അന്ധവിശ്വാസങ്ങളും ആഭിചാരക്രിയകളും

# ഈശ്വരനോടുള്ള വെല്ലുവിളി

**അന്ധവിശ്വാസങ്ങളും ആഭിചാരക്രിയകളും ദൈവവിശ്വാസത്തെ നിഷേധിക്കുന്നതും ദൈവീകകല്പനകൾക്ക് എതിരുമാണ്.**



എം. ജോൺസൺ റോച്ച്

**പ**ത്തനംതിട്ടയിലെ ഇലന്തൂരിൽ ക്രൂരപീഡനങ്ങൾക്ക് വിധേയമാക്കി കൊലപ്പെടുത്തിയ പത്മത്തിന്റെയും റോസ്‌ലിയുടെയും നരബലി അന്ധവിശ്വാസങ്ങളുടെയും ആഭിചാരക്രിയകളുടെയും ഒരു മുഖംകൂടി നമ്മുടെ മുന്നിൽ അനാവരണം ചെയ്യപ്പെട്ടിരിക്കുകയാണ്. അന്ധവിശ്വാസങ്ങളും, ആഭിചാരക്രിയകളും ദൈവവിശ്വാസത്തെ നിഷേധിക്കുന്നതും ദൈവീകകല്പനകൾക്ക് എതിരുമാണ്. ജനിച്ചുവീണ കുഞ്ഞിന് വിശപ്പടക്കാൻ ഒരിറ്റു മുലപ്പാൽ കൊടുക്കാൻ അന്ധവിശ്വാസം തടസ്സമായി നിന്ന നാടാണ് നമ്മുടെ കേരളം. ഇലന്തൂരിൽ പത്മയും റോസ്‌ലിയും കരുനാഗപ്പള്ളിയിൽ ഹസീനയും, പത്തനംതിട്ടയിൽ തന്നെയുള്ള ആതിരയും, കൂടാതെ അജിതയും, സോഫിയായുമൊക്കെ ദുർമന്ത്രവാദത്തിനിടയിൽ കൊല്ലപ്പെട്ടതിൽ നിന്നുതന്നെ അന്ധവിശ്വാസത്തിലധിഷ്ഠിതവും ദുരാചാരപരവുമായി ദൈവേച്ഛയ്ക്ക് വിധേയമല്ലാതെ ജീവിക്കുന്ന ഒരു സമൂഹമാണ് നമ്മുടേതെന്ന് നാം തെളിയിച്ചുകൊണ്ടിരിക്കുന്നു.

ആനയെ സുഖപ്പെടുത്താനും നിധി കണ്ടെത്താനും ധനം വന്നെത്താനും, കുടുംബ ഐശ്വര്യമുണ്ടാകാനും സ്വന്തം മക്കളെയും കൂട്ടുകാരനെയും ബലികൊടുത്ത നാടാണ് നമ്മുടേത്. നാം അഭിമാനപൂർവ്വം അവകാശപ്പെടുന്ന പ്രബുദ്ധകേരളം അന്ധവിശ്വാസത്താലും അനാചാരങ്ങളാലും അധിഷ്ഠിതമാണെന്ന് ഇലന്തൂരിലെ നിഷ്ഠൂരകൃത്യം തെളിയിച്ചിരിക്കുകയാണ്. ഓഫീസ് മേധാവി സ്ഥാനമൊഴിഞ്ഞതിനെ തുടർന്ന് അദ്ദേഹമിരുന്ന കസേരയിൽ ചാ

ണകവെള്ളം തളിച്ച് ശുദ്ധീകരിച്ചതും നമ്മുടെ പ്രബുദ്ധത എവിടെ നിൽക്കുന്നുവെന്നതിനു തെളിവായി നിലനിൽക്കുന്നു. കേരളത്തിൽ ദുർമന്ത്രവാദങ്ങളാൽ മാത്രമല്ല, നരബലി നടന്നിട്ടുള്ളത്. രാഷ്ട്രീയ അന്ധവിശ്വാസത്തിലധിഷ്ഠതമായ പകകൾ കൊണ്ടും നരബലികൾ നടന്നുകൊണ്ടിരിക്കുന്നു. ഒന്ന് അന്ധവിശ്വാസത്തിലധിഷ്ഠിതമായി ആഭിചാരക്രിയകളിലൂടെയാണെങ്കിൽ മറ്റൊന്ന് രാഷ്ട്രീയ വിശ്വാസത്തിലധിഷ്ഠിതമായ നരബലിയാണെന്നു മാത്രം. ഇന്നത്തെ ഈ ജനതയെ ദൈവത്തെ ഉപേക്ഷിച്ച് പൈശാചിക ആരാധനകളിലേക്ക് തിരിഞ്ഞ അന്നത്തെ ഇസ്രയേൽ ജനതയോടു ഉപമിക്കാവുന്നതാണ്. നമ്മെ അറിയുന്ന ദൈവം നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുമെന്നുള്ള വിശ്വാസമില്ലായ്മയിൽ നിന്നുമാണ് നമ്മൾ മന്ത്രവാദികളുടെ പിറകെപ്പോയി പൈശാചിക ക്രിയകളിലേക്ക് നീങ്ങുന്നത്.

അന്ധവിശ്വാസങ്ങളും അതിന്റെ അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന ദുർമന്ത്രവാദങ്ങളും ഈശ്വരവിശ്വാസത്തെയും വ്യക്തികളെയും സമൂഹത്തെയും കലുഷിതമാക്കിക്കൊണ്ടിരിക്കുന്നു. അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും ഒരു ജനതയെ മുക്തമാക്കി അവർക്ക് ദൈവീകപാത ഒരുക്കാൻ ശ്രമിച്ചതിനാണ് ക്രിസ്തുവിനു കൊടിയ പീഢനങ്ങൾ ഏൽക്കേണ്ടി വന്നത്. ആഭിചാര ക്രിയകളിലും അന്ധവിശ്വാസങ്ങളിലും അധിഷ്ഠിതമായൊരു സമൂഹം കെട്ടിക്കിടക്കുന്ന വെള്ളംപോലെയാണ്. അവിടെ പൈശാചികത കടന്നുവരും. തുടർന്ന് നമ്മെ ഈ പൈശാചികതയായിരിക്കും നിയന്ത്രിക്കുന്നത്. ഇത്തരമൊരു സമൂഹത്തിൽ ഒരു കൂട്ടർ മദ്യംപോലെ മയക്കുമരുന്നുപോലെ മനുഷ്യ മസ്തിഷ്കങ്ങളിലേക്ക് പൈശാചിക വിശ്വാസങ്ങളെ കടത്തിവിട്ട് വ്യക്തികളെ കൊതിപ്പിക്കുകയും ഭയപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇവർ ദൈവത്തെയും ദുർമന്ത്രവാദങ്ങളെയും കൂട്ടിക്കെട്ടി അവതരിപ്പിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്ന ഹീനമായ കുതന്ത്രമാണ് പ്രയോഗിച്ചുകൊണ്ടിരിക്കുന്നത്. ഇവരുടെ ഈ തന്ത്രത്തിൽ കുടുങ്ങിയാണ് ആഭിചാര ക്രിയകളുടെയും അന്ധവിശ്വാസങ്ങളുടെയും പിറകെപോയി പ്രശ്നങ്ങൾ മറികടക്കാമെന്ന വിശ്വാസത്തിലെത്തി, മന്ത്രവാദികൾ നിർദ്ദേശിക്കുന്ന ആഭിചാരക്രിയകൾ നടത്തി മന്ത്രവാദികളാൽ കബളിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്.

**അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും ഒരു ജനതയെ മുക്തമാക്കി അവർക്ക് ദൈവീകപാത ഒരുക്കാൻ ശ്രമിച്ചതിനാണ് ക്രിസ്തുവിനു കൊടിയ പീഢനങ്ങൾ ഏൽക്കേണ്ടി വന്നത്. ആഭിചാര ക്രിയകളിലും അന്ധവിശ്വാസങ്ങളിലും അധിഷ്ഠിതമായൊരു സമൂഹം കെട്ടിക്കിടക്കുന്ന വെള്ളംപോലെയാണ്. അവിടെ പൈശാചികത കടന്നുവരും.**

ഇവർ മന്ത്രവാദം നടത്തുന്നതിന്റെ ലക്ഷ്യം കാശ് ഉണ്ടാക്കലാണെന്ന് നാം തിരിച്ചറിയുന്നില്ല. ചികിത്സയ്ക്കുപോലും മന്ത്രവാദ തട്ടിപ്പുകൾ പ്രയോഗിച്ചു കൊണ്ടിരിക്കുന്നു. ഇവരുടെ കെണിയിൽപ്പെട്ട് ദൈവശാപം ഏറ്റുവാങ്ങി അവസാനം സകലതും നഷ്ടപ്പെട്ട് ഇവരുടെ കെണിയിൽ കുടുങ്ങിയവർ പാടെ നശിച്ചുപോകുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. നവോത്ഥാന പ്രസ്ഥാനങ്ങൾ ഉന്മൂലനം ചെയ്ത അനാചാരങ്ങളും അന്ധവിശ്വാസങ്ങളും മറുരൂപങ്ങൾ പ്രാപിച്ച് സമൂഹത്തിൽ നിലനിൽക്കുന്നതായി ഇലന്തൂർ ദാരുണ സംഭവം തെളിയിച്ചിരിക്കുന്നു. നമ്മുടെ ജനതയെ ദുർമന്ത്രവാദത്തിലുള്ള വിശ്വാസത്തിൽ നിന്നും മോചിപ്പിച്ച് ദൈവവിശ്വാസത്തിൽ ഉറപ്പിച്ചെടുക്കേണ്ടിയിരിക്കുന്നു. ദൈവവിശ്വാസത്തിൽ അടിയുറച്ചു കഴിഞ്ഞാൽ അന്ധവിശ്വാസങ്ങളുടെയും ആഭിചാരക്രിയകളുടെയും പിറകെ പോകാനാവില്ല എന്നതാണ് വസ്തുത.



സമ്പദ്സമൃദ്ധിക്കുവേണ്ടി പൂജ നടത്താൻ ബന്ധപ്പെടുകയെന്ന മുഹമ്മദ്ഷാഫിയുടെ ഫെയ്സ്ബുക്ക് പേജ് കണ്ടാണ് അന്ധവിശ്വാസികളായ ഭഗവൽസിംഗും ലൈലയും കുരുങ്ങിയത്. അങ്ങനെയാണ് മുഹമ്മദ്ഷാഫിയെ ഇവർ ബന്ധപ്പെടുന്നത്. ഇതിനു സമാനമായ പരസ്യങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ മാത്രമല്ല മുഖ്യധാരാ മാധ്യമങ്ങളിലും വന്നുകൊണ്ടിരിക്കുന്നു. അന്ധവിശ്വാസികളെ കുരുക്കാൻ മന്ത്രവാദികൾ ഏത് പഴുതും ഉപയോഗിക്കും. കുടുങ്ങിക്കഴിഞ്ഞാൽ കൂടോത്രമാണ് പരിഹാരമാർഗ്ഗമായി നിർദ്ദേശിക്കുന്നത്. ഇവരുടെ ഈ നിർദ്ദേശത്തിൽ കുടുങ്ങി കൂടോത്രങ്ങൾക്കായി ലക്ഷങ്ങളാണ് മുടക്കുന്നത്. എന്തിനധികം പ്രബുദ്ധ മലയാളി മന്ത്രവാദ ചികിത്സവരെ ഇവരെക്കൊണ്ട് നടത്തിപ്പിച്ചുകൊണ്ടിരിക്കുന്നു. ഐശ്വര്യലബ്ധിയെന്ന പ്രലോഭനത്തിലെ പരസ്യത്തിന്റെ പേരിലാണ് കൊടും ക്രൂരതയാർന്ന പൈശാചികപ്രവർത്തിയിൽ ഇലന്തൂർ സംഭവമെത്തുന്നത്. കേരളത്തിൽ നടന്ന ഇത്തരം സംഭവങ്ങൾ വിലയിരുത്തുമ്പോൾ സാക്ഷരത പ്രബുദ്ധതയ്ക്ക് മാനദണ്ഡമല്ലായെന്ന് തെളിയുന്നു. ഇലന്തൂരിൽ നടന്ന നരബലി ഒരു പ്രാകൃത സമൂഹത്തെയാണ് അടയാളപ്പെടുത്തുന്നത്. കൊടുംക്രൂരതയാൽ അരങ്ങേറിയ പൈശാചികമായ സംഭവം കേരളത്തിൽ ഇതാദ്യമല്ല. ആറ് വയസ്സുള്ള സ്വന്തം മകനെ അമ്മ തന്നെ കൊന്നിട്ടുണ്ട്. സ്വന്തക്കാരായ ആറ് പേരെയാണ് ഒരു സ്ത്രീ കൊന്നുതള്ളിയത്. ഇത്തരം ചില സംഭവങ്ങൾക്ക് പ്രേരണ നൽകുന്ന ചേതോവികാരമായി കാണുന്നത് മനുഷ്യന്റെ പണത്തിനുവേണ്ടിയുള്ള ഒടുങ്ങാത്ത ആർത്തിയാണ്. ■

## ചരിത്രപഥം

ഇഗ്നേഷ്യസ് തോമസ്



**അനന്തപുരിയുടെ ചരിത്രവഴികളിലൂടെ നിശബ്ദനായി നടന്നുനീങ്ങിയ മാത്യു പെരേരയെക്കുറിച്ചുള്ള ഓർമ്മകൾ...**

# നഗരപഴമയുടെ നേർസാക്ഷി

സി.പി.രാമസ്വാമിഅയ്യർ തിരുവിതാംകൂർ ദിവാനായിരുന്ന കാലയളവിൽ ഉന്നതവിദ്യാഭ്യാസമേഖലയുടെ വളർച്ച ലക്ഷ്യമാക്കി ഒരു സർവകലാശാല സ്ഥാപിക്കാനുള്ള നടപടികൾക്ക് തുടക്കമിട്ടു. വിദ്യാഭ്യാസ വിചക്ഷണനും പൊതുവിദ്യാഭ്യാസ ഡയറക്ടറുമായിരുന്ന ഡോ. സി.വി.ചന്ദ്രശേഖരൻ യൂണിവേഴ്സിറ്റിയുടെ സാധ്യതകളും മറ്റ് അനുബന്ധ കാര്യങ്ങളും പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാനായി നിയോഗിക്കപ്പെട്ടു.

ശാസ്ത്രസാങ്കേതിക വികസനത്തിനായുള്ള ഇൻസ്റ്റിറ്റ്യൂട്ട്, കേന്ദ്ര ഗവേഷണ വികസന കേന്ദ്രം, കേരള ചരിത്ര സാംസ്കാരിക പഠനകേന്ദ്രം തുടങ്ങി, വൈജ്ഞാനിക മേഖലകളിൽ മികവ് കൈവരിക്കാനുള്ള ഉന്നതപഠന ഗവേഷണ കേന്ദ്രമാക്കി, സർവകലാശാലയെ വളർത്തിയെടുക്കുന്നതിന് നിരവധി നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് ഡോ. ചന്ദ്രശേഖരൻ ദിവാന് സമർപ്പിച്ചു.

ഇപ്പോൾ ജഗതിയിൽ സ്ഥിതിചെയ്യുന്ന ഡി.ജി.ഐ. ഓഫീസിൽ (പഴയ ഡിപിഐ ഓഫീസ്) ജോലി ചെയ്തിരുന്ന മാത്യു പെരേരക്കായിരുന്നു ഡോ. ചന്ദ്രശേഖരന്റെ സഹായിയായി, തിരുവിതാംകൂർ സർവകലാശാല രൂപീകരണത്തിനുള്ള പദ്ധതികൾ തയ്യാറാക്കാൻ നിയോഗം ലഭിച്ചത്.

പാളയം ഇടവകയിൽ ബാർട്ടൺഹില്ലിൽ 1914 – ൽ ജനിച്ച മാത്യു പെരേര 23 –ാം വയസ്സിൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് ഡോ. സി.വി.ചന്ദ്രശേഖരനോടൊപ്പം തിരുവിതാംകൂർ സർവകലാശാല രൂപീകരണ സംരംഭങ്ങളിൽ പങ്കാളിയായി. സ്പെഷ്യൽ ഓഫീസറുൾപ്പെടെ 4 പേരായിരു


ന്നു ചന്ദ്രശേഖരനോടൊപ്പം പ്രവർത്തിച്ചത്. ദീർഘദർശനത്തോടുകൂടിയ സമഗ്രറിപ്പോർട്ടാണ് അദ്ദേഹം തയ്യാറാക്കിയത്.

സ്കൂൾ ഓഫ് ആർട്സ്, പബ്ലിക് ലൈബ്രറി, മ്യൂസിയം, ഒബ്സർവേറ്ററി തുടങ്ങിയ സ്ഥാപനങ്ങളുടെ നിയന്ത്രണവും നടത്തിപ്പും പുതിയതായി രൂപീകരിക്കപ്പെടുന്ന യൂണിവേഴ്സിറ്റിയുടെ കീഴിൽ കൊണ്ടുവരാൻ റിപ്പോർട്ടിൽ നിർദ്ദേശിച്ചു. യൂണിവേഴ്സിറ്റിയുടെ നിയന്ത്രണാധികാരം ചാൻസിലർ, പ്രോചാൻസിലർ, വൈസ് ചാൻസിലർ എന്നിവരിൽ നിക്ഷിപ്തമാക്കി. സെനറ്റ് സിൻഡിക്കേറ്റ് സംവിധാനങ്ങൾ രൂപീകരിക്കാനും ശുപാർശ ചെയ്തു. ചിത്തിരതിരുനാൾ പുറപ്പെടുവിച്ച 1113 (1937) രാജകീയ വിളംബരമനുസരിച്ച് തിരുവിതാംകൂർ സർവകലാശാല നിലവിൽ വന്നു. പുതിയ സർവകലാശാലയുടെ ചാൻസിലറായി മഹാരാജാവും പ്രോചാൻസിലറായി മഹാരാജാവിന്റെ മാതാവ് സേതു പാർവതിഭായിയും ചുമതലയേറ്റു.

ഡോ. സി.വി. ചന്ദ്രശേഖരന്റെ വിപുലവും സമഗ്രവുമായ റിപ്പോർട്ട് മുഴുവൻ വായിച്ച് സ്വന്തം കൈകൊണ്ട് ടൈപ്പ് ചെയ്തത് മാത്യു പെരേരയായിരുന്നു.

തിരുവിതാംകൂർ സർവകലാശാല ഓഫീസിനുവേണ്ടി കണ്ടെത്തിയ സ്ഥലം യൂണിവേഴ്സിറ്റി സെനറ്റ് ഹാളിന്റെ പുറകുവശത്ത് തിരുവിതാംകൂർ സ്റ്റേറ്റ് ഫോഴ്സ് കമാൻഡന്റ് സ്റ്റ്യൂവർട്ടിന്റെ ഔദ്യോഗികവസതിയായിരുന്നു.

ലോകപ്രശസ്ത ശാസ്ത്രജ്ഞനായിരുന്ന ആൽബർട്ട് ഐൻസ്റ്റീനെ തിരുവിതാംകൂർ സർവകലാശാലയുടെ വൈസ് ചാൻസിലറായി നിയമിക്കുവാൻ സർ സി.പി. ശ്രമിച്ചുവങ്കിലും വ്യക്തിപരമായ കാരണങ്ങളാൽ ഐൻസ്റ്റീൻ ചുമതലയേൽക്കാൻ തയ്യാറായില്ല. സർ സി.പി. രാമസ്വാമി അയ്യർ തന്നെ സർവകലാശാലയുടെ പ്രഥമ വൈസ് ചാൻസിലറായി ചുമതലയേറ്റു. 'കർമ്മാണി വ്യാജ്യതെ പ്രജ്നാ', (ജ്ഞാനം കർമ്മത്തിൽ പ്രകടമാകുന്നു) പഞ്ചതന്ത്രത്തിലെ വാക്യം സർവകലാശാലയുടെ ആപ്തവാക്യമായി സ്വീകരിച്ചുകൊണ്ട് 1937 നവംബർ 1 ന് തിരുവിതാംകൂർ സർ



വകലാശാല ഔദ്യോഗികമായി നിലവിൽവന്നു. പഴയനിയമസഭാ ഹാളിൽ വച്ചായിരുന്നു സർവകലാശാലയുടെ ഉദ്ഘാടന കർമ്മം നടന്നത്. ആദ്യകാലത്ത് ബിരുദദാന ചടങ്ങുകൾ നടന്നതും ഇതേ ഹാളിൽ വച്ചായിരുന്നു. ആദ്യത്തെ ഓഫീസ് സ്റ്റാഫായി നിയമിതരായ എട്ടുപേരിൽ ഒരാളായി മാത്യു പെരേര. യൂണിവേഴ്സിറ്റി ഗവേഷണവിഭാഗം മേധാവിയായി നിയമിതനായ കെ.എൻ.മൗഡ്ഗില്ലിന്റെ അസിസ്റ്റൻഡായാണ് ആദ്യ നിയമനം. തുടർന്ന് വൈസ് ചാൻസിലറുടെ സെക്രട്ടറിയായി സ്ഥാനക്കയറ്റം ലഭിച്ചു. എട്ട് വി.സി.മാരുടെ കീഴിൽ പ്രവർത്തിക്കുവാൻ അവസരം ലഭിച്ച മാത്യു പെരേര ഡോ. അയ്യപ്പൻപിള്ളയുടെ സെക്രട്ടറിയായിരുന്ന വേളയിലാണ് സർവകലാശാലയിൽ നിന്ന് വിരമിച്ചത്.

ഉത്തരവാദപ്പെട്ട പല ചുമതലകളും സർവകലാശാലയിൽ ഔദ്യോഗിക ജീവിതത്തിനിടയിൽ അദ്ദേഹം നിർവഹിച്ചു. സർവകലാശാലാ പരീക്ഷ ചോദ്യക്കടലാസുകൾ അച്ചടിച്ച് മൂല്യനിർണത്തിനായി പരീക്ഷാ പേപ്പറുകൾ വിവിധ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന്റെ ചുമതല ഇദ്ദേഹത്തിനായിരുന്നു. മൂന്നര ദശകത്തോളം നീണ്ടുനിന്ന സ്തുത്യർഹമായ സേവനത്തിന് ശേഷം 1970 ജനുവരി 24 ന് സർവകലാശാലയുടെ പടവുകളിറങ്ങി. ഗതകാലസ്മരണകൾ അയവിറക്കാൻ കൂടെക്കൂടെ അദ്ദേഹം സർവകലാശാലാ ഓഫീസ് പരിസരത്ത് എത്തിച്ചേർന്നിരുന്നു.


അനന്തപുരിയുടെ പ്രൗഢഗംഭീരമായ മുഖം ഓർത്തെടുത്ത് ചരിത്രകുതുകികളുമായി പങ്കുവയ്ക്കാൻ തന്റെ അന്ത്യകാലംവരെ അദ്ദേഹം സന്നദ്ധനായിരുന്നു. വൈദ്യുതി, നഗരവീഥികളെ പ്രകാശമാനമാക്കുന്നതിന് മുമ്പ് സന്ധ്യാനേരങ്ങളിൽ നഗരത്തിൽ നിന്ന് അദ്ദേഹം താമസിച്ചിരുന്ന ബാർട്ടൺഹില്ലിലേക്ക് ചൂട്ടും കത്തിച്ച് വിജനവീഥികളിലൂടെ നടന്നത് അദ്ദേഹം ഓർമ്മിക്കുന്നു. സമയം അറിയിക്കാനായി പട്ടാളക്കാർ ഗുണ്ടുകാട് എന്ന ബാർട്ടൺഹില്ലിൽ പീരങ്കിവെടി മുഴക്കുന്നതും അദ്ദേഹത്തിന്റെ സ്മരണകളിലുണ്ടായിരുന്നു. പിൽക്കാലത്ത് പീരങ്കികൾ ഇന്നത്തെ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലേക്ക് മാറ്റുകയുണ്ടായി. പീരങ്കിമൈതാനം യൂണിവേഴ്സിറ്റി സ്റ്റേഡിയമായി മാറിയ ചരിത്രം പറയുമ്പോൾ മാത്യു പെരേര വാചാലനാകുമായിരുന്നു. ക്ഷേത്രപ്രവേശന വിളംബരാഘോഷ പരിപാടികൾ ഈ സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെട്ടതും ഈ ചടങ്ങിൽ പങ്കെടുത്ത മഹാത്മാഗാന്ധിയെ നേരിൽ കണ്ടതും ഒളിമങ്ങാത്ത ഓർമ്മകളായിരുന്നു.

മാത്യു പെരേര വിദ്യാർത്ഥിയായിരുന്ന കാലയളവിലാണ് പാളയം സെന്റ് ജോസഫ്സ് മെട്രോപൊളിറ്റൻ കത്തീഡ്രലിന്റെ ഗോപുരനിർമ്മാണം പൂർത്തീകരിക്കപ്പെട്ടത്. ഗോപുരത്തിന്റെ മുകളിൽ സ്ഥാപിതമായിരിക്കുന്ന യേശുവിന്റ പ്രതിമ പ്രതഷ്ഠിക്കുന്നതും മനോഹരമായ ദൈവാലയ മണികൾ സ്ഥാപിക്കുന്നതും കാണുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

നഗരപെരുമയും പഴമയും കോർത്തിണക്കി മനോഹരമായ ചിത്രങ്ങൾ വാക്കുകളിലൂടെ വരയ്ക്കുമായിരുന്ന മാത്യു പെരേര 2021 മേയ് 16 ന് കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. ഒരു നൂറ്റാണ്ടിലേറെക്കാലം നഗരമധ്യത്തിൽ ജീവിച്ച് കേരള വൈജ്ഞാനിക മണ്ഡലത്തെ സമ്പന്നമാക്കിയ തിരുവിതാംകൂർ/കേരള സർവകലാശാലകളുടെ ഭരണചക്രം തിരിച്ച വിശ്രുതരായ വൈസ്ചാൻസിലർമാരോടൊപ്പം നീണ്ട മുപ്പത്തിനാല് വർഷം അദ്ദേഹം പ്രവർത്തിച്ചു. അനന്തപുരിയുടെ സംഭവബഹുലമായ ചരിത്രവഴികളിലൂടെ നിശബ്ദനായി നടന്നുനീങ്ങിയ ഈ പഥികനെപ്പറ്റിയുള്ള ഓർമകൾ, ചരിത്രസ്നേഹികളുടെ മനസ്സിൽനിന്ന് പെട്ടെന്ന് മായുകയില്ല. ■

# പ്രാർത്ഥനകൾ

ഗോതമ്പു റോഡിൽ ഡാനിയേലും കൂട്ടരും ഗോലി കളിച്ചു കൊണ്ടിരിക്കുമ്പോൾ കടപ്പുറത്ത് കുട്ടികളുടെ കൂട്ടസ്വരം ഉയർന്നു കേട്ടു. കാര്യമന്വേഷിച്ചപ്പോഴാണ് യാഗപ്പാണ്ണൻ പുതിയ മടി ഇറക്കുന്നു. അതുകൊണ്ട് കരിപ്പട്ടിയും തേങ്ങയും വിതരണം ചെയ്യുന്നതിന്റെ ബഹളമാണ് കേൾക്കുന്നത്..... ഡാനിയേലും കൂട്ടരും സ്ർ..... എന്ന വേഗത്തിൽ ഓടിപ്പോവുകയും കരിപ്പട്ടിയും തേങ്ങയും വാങ്ങാൻ ഒച്ചപ്പാടു കൂട്ടുകയും ചെയ്തു. എന്നാൽ ഡാനിയേലിനും മാർട്ടിനും വയറ്റുഭാഗ്യമില്ലാത്തതുകൊണ്ട് കിട്ടിയില്ല. ഈ രംഗം കണ്ടുനിന്ന മടികെട്ടിയാള് കാർലോസ് അയാളുടെ മടിയിൽ കെട്ടിവച്ചിരുന്ന ഒരു കഷണം കരിപ്പട്ടിയും കുറച്ചു തേങ്ങയും അവർക്കു കൊടുത്തു. ഡാനിയേലും മാർട്ടിനും പങ്കിട്ടു കഴിച്ച് സന്തോഷിച്ചു.



വൈകുന്നേരമായപ്പോൾ പുറത്ത് തെങ്കാശി അണ്ണാച്ചി ചാക്കും കൊണ്ട് നടന്ന് 'കടൽക്കുതിരയുണ്ടോ കടൽക്കുതിര....' എന്നു നീട്ടിവിളിക്കുന്നു. ഡാനിയേൽ ചാടിയെഴുന്നേറ്റ് അടുക്കളയിലേക്ക് ഓടി ചെറുകലത്തിൽ ഒളിപ്പിച്ചു വച്ചിരുന്ന കടൽക്കുതിരകളെ എടുത്തുകൊണ്ടുവന്നു. പലതരത്തിലുള്ള വലുപ്പചെറുപ്പമുള്ള കടൽക്കുതിരകളെ അണ്ണാച്ചിക്ക് കൊടുത്ത് രൂപ വാങ്ങി, അമ്മയുടെ കയ്യിൽ ഏല്പിച്ചു. മകന്റെ അധ്വാനശീലത്തെക്കുറിച്ച് അമ്മയ്ക്ക് മതിപ്പുണ്ടായി.

ഡാനിയേൽ ദേഹം കഴുകി, ഉടനെ കടപ്പുറത്ത് ഓടി..... തന്റെ ക്ലാസ്സിൽ പഠിക്കുന്ന കബീറിനെ പട്ടികളെല്ലാം വളഞ്ഞ് കുരയ്ക്കുന്നു. കബീർ വല്ലാതെ ഭയന്നു നിൽക്കുന്നു. ഡാനിയേൽ ആ പട്ടികളെ കല്ലെറിയുന്നതായി അഭിനയിച്ച് അവറ്റകളെ ഓടിച്ചുവിട്ടു.

“കബീറെ, നമ്മുടെ കൂട്ടുകാർ വാളിശംഖ് കളിക്കുകയാവും, നീ വരുന്നോ?” ഡാനിയേൽ ചോദിച്ചു. “ഇല്ല, ഡാനിയേൽ, കച്ചവടം നടക്കുന്ന സമയമാണ്. ഞാൻ പോകുന്നു.”

“സേമ്യ, സേമ്യ...” എന്ന് വിളിച്ച് കബീർ നടന്നകന്നു.



വിർജിൻ എസ്.

മണൽക്കൂമ്പാരം റോഡുപോലെ നിരപ്പാക്കി പൊക്കത്തിൽ നിന്ന് താഴേക്ക് വള്ളംപോലെ നിരപ്പാക്കിയ വാളിശംഖ് മുകളിൽ നിന്ന് താഴേക്കു വിടും, വിജയിക്കുന്ന വ്യക്തിക്ക് പത്തു ചുപ്പിപ്പണം കൊടുക്കണം. അല്ലെങ്കിൽ വീശിയടി കൊടുക്കണം. കുട്ടികൾ കളിക്കുകയാണ്. ചില കുട്ടികൾ കളിക്കാനായി കടപ്പുറത്ത് ചിപ്പിക്കായുള്ള തിരച്ചിലിലാണ്.

ഒന്നാം കളി അവസാനിച്ച് അടുത്ത കളിയായ ചങ്കുംചോവിലേക്കും പ്രവേശിച്ചിരിക്കുന്നു. നാണയത്തെ കറക്കി മുകളിലേക്ക് ഇട്ട് പിടിച്ചു കളിക്കുന്നുതാണ്. ചങ്കും ചോവും.

ഡാനിയേൽ ചാളത്തടിയുടെ കീഴെയിരുന്ന് നാണയം പൊക്കി കൈകൊണ്ട് കമഴ്ത്തി കളിച്ചുകൊണ്ടിരുന്നു.

അപ്പോൾ പുറകിൽ നിന്ന് ഒരു കൈ ഡാനിയേലിന്റെ തോളത്ത്. ഫാദർ ബഞ്ചമിൻ “സ്തുതിയുണ്ടച്ചാ...” കുട്ടികളെല്ലാം ചാടിയെഴുന്നേറ്റ് അച്ചന് സ്തുതി പറഞ്ഞു. “അച്ചനും ഈ കുട്ടിക്കളിയിൽ കൂട്ടം ചേരുന്നോ?” ഡാനിയേലിന്റെ കലർപ്പില്ലാത്ത ചോദ്യം.... ഫാദർ ബഞ്ചമിൻ ചിരിച്ചു. “ ഈ ളോഹ മാറ്റിവച്ച് ഞാൻ കുട്ടിക്കൂട്ടത്തോടൊപ്പം ചേർന്നാൽ ആളുകൾ പലതും പറയും.....”

“പലതും പറയുന്നവരെപ്പോലെയല്ല ഞങ്ങള്, ഞങ്ങൾക്ക് ഒറ്റ മതം, ഒറ്റ സൗഹൃദം, ഒറ്റച്ചിന്ത അതുമാത്രമേ ഉള്ളൂ.” ഡാനിയേലിന്റെ വർത്തമാനം കേട്ട് ഫാദർ ബഞ്ചമിൻ വീണ്ടും ചിരിച്ചു.

ഫാദർ ബഞ്ചമിൻ തന്റെ സഞ്ചിയിൽ നിന്ന് കുറേ മിഠായികളെടുത്ത് കുട്ടികൾക്കെല്ലാം നൽകി.... പിന്നെ ഒരു ഉപദേശവും;

പതിനാലു വയസ്സുവരെ കളിപ്രായമാണ്. കൂട്ടുകാരോടൊത്തു കളിച്ചും ബന്ധുക്കളുടെ സ്നേഹസമ്പന്നതയിലും വളരും. പതിനാലു വയസ്സു മുതൽ പതിനെട്ടു വയസ്സുവരെ മാതാപിതാക്കളുടെ ഉപദേശത്തിലും നിയന്ത്രണത്തിലും വളരണം. പത്തൊൻപത് വയസ്സ് ഏറെ സൂക്ഷിക്കണം, നമ്മുടെ ജീവിതരേഖ തിരിയുന്നത് ഈ പ്രായത്തിലാണ്. പി


**കഥ**

# തമ്പാളി

തിരയുടെ തൂവാനി തെറിക്കുന്ന നാട്ടിലൊക്കെ തമ്പാളി, കുമ്പാരി എന്നാൽ കൂട്ടുകാരനെന്നർത്ഥം. ഇന്നലെ രാത്രിയിൽ കടപ്പുറ പുസ്തകത്തിലായി പതിഞ്ഞ മണലക്ഷരങ്ങൾ കൂട്ടി വായിച്ചപ്പോൾ കണ്ടത് രണ്ട് കൊച്ചു തമ്പാളിമാർ ഉറങ്ങാനെത്തിയപ്പോഴുള്ള കൊച്ചു വാർത്തമാനങ്ങളായിരുന്നു. പവ മുഴുവൻ കറങ്ങി നടന്ന് പണമൊക്കെ മറിച്ച് കടത്താളെ വന്നവരാണവർ രണ്ട് തമ്പാളിമാരും. കിടക്കാനിടം തീച്ച്, മണ്ടയ്ക്കു മണൽ കൂപ്പി, പണ്ടാരി തമ്പാളി കൊണ്ടുവന്ന മുഷിഞ്ഞ മലുമല് വിരിച്ച് മാണ്ട് കിടക്കുന്നു അവർ കുമ്പാരിമാർ. വാങ്കല് വീഴുന്ന ശബ്ദത്തിനൊപ്പം കോടക്കാറ്റിന്റെ സ്പർശനമാസ്വദിച്ചു നിലത്ത് കിടക്കുന്ന തമ്പാളിമാർ കാല് മണ്ണിൽ പൂഴ്ത്തി കൈ പിറന്തലയിൽ താങ്ങി ഇവയ്ക്കൊന്നിനും ചിലവില്ലയെന്ന് പറഞ്ഞാശ്വസിച്ചു. ബലി പെരുന്നാൾ വരുന്നുണ്ടല്ലോ അസ്ഥി, ഭസ്മം, തുട്ടൊക്കെ ഒഴുക്കലും കൈ കൊട്ടലുമുണ്ടാകും. ശ്വാസംമുട്ടൽ മാറാൻ ബലിച്ചോറ് വേണ്ടിപ്പിടിച്ചു തിന്നണമണ് വലിയോങ്ക പറഞ്ഞിട്ടുണ്ടെങ്കിലും ബലിയിടാൻ വരുന്ന ദേഹത്ത് നൂല് കെട്ടിയ ആളുവളുക്കതിഷ്ടപ്പെട്ടില്ല. വരുന്നവരിൽ കടലിൽ ഇറങ്ങാൻ പേടിയുള്ളോങ്കളുക്ക് ഉപ്പ് വെള്ളം കോരിക്കൊടുത്ത് പൈസ വാങ്ങാമെന്നവർ തീരുമാനിച്ചു.

വരുന്നവർ ഉടുപ്പൂരി തിരയിൽ തിരിഞ്ഞ് നിന്ന് ബലിക്കുടമെറിഞ്ഞ് ഒറ്റപ്പന്ത് കളിക്കുന്നതെന്തിനാണെന്ന് തമ്പാളിമാരിലുണ്ട് വലിയൊരാശങ്ക. കുടത്തിലെ തുട്ടുകളാണ് വർഷം മുഴുവൻ പൈസ വാങ്ങാതെ മീന് വിൽക്കുന്ന കടലമ്മക്കച്ചവടക്കാരിയുടെ വരുമാനമെന്നഭിപ്രായപ്പെട്ട പണ്ടാരി തമ്പാളിയോട് യോജിക്കുന്നു പഠിത്തക്കാറൻ കുമ്പാരി.

കടൽക്കരയിലെ കുളിന്നണ്ടിനെ പിടിച്ച് കല്ലിൽ ചതച്ചു പൊന്തമുണ്ടാക്കി കായലിലെറിഞ്ഞു കൊടുത്തിട്ടുണ്ടീ തമ്പാളിമാർ. പെരുന്നാളിന് നാട്ടിലെ വീടുകളിൽ ഉണ്ടാക്കുന്ന പാച്ചോർ രുചി പൊന്തത്തിൽ ചതച്ചുണ്ടാക്കിവെച്ച കുഴി ഞണ്ടിന്റെ മാംസത്തിൽ തോന്നിക്കാണും അതല്ലേ കച്ചാലു കൊണ്ട് കോരിയിട്ടും കായൽ ഞണ്ട് പറിയാട്ടയ്. സ്കൂളിൽ വെളിച്ച് വിട്ട നേരത്ത് ഗ്രൗണ്ടിനടുത്ത് കാണുന്ന വെള്ളക്കാരാകുന്ന കൊള്ളക്കാർ ഉപേക്ഷിച്ചുപോയ ഗോഡൗണിന്റെ മുകളിൽ നിന്നും മൂന്നാമത്തെ വരിയിൽ രണ്ട് പേരുടെയും പേരെഴുതിണ പഠിത്തക്കാറൻ തമ്പാളി വെള്ളക്കാരുടെ മന്നണ്ട്രായെന്ന് പണ്ടാരി കുമ്പാരി പ്രശംസിച്ചു. ഈസ്റ്റർ ദിനത്തിൽ കടപ്പുറത്ത് ഉറങ്ങാൻ വന്നൊരുദ്യോഗസ്ഥൻ കയ്യിലെ സ്വർണ്ണമൂരി പോക്കറ്റിലിടുന്നത് ശ്രദ്ധിച്ച പണ്ടാരി തമ്പാളി ചെന്ന് ഈ കാണുന്ന മണ്ണെല്ലാം കൂടി പോക്കറ്റിൽ സൂക്ഷിക്കാൻ ആവശ്യപ്പെട്ടു. ഈ മണ്ണാണ് എങ്കള സ്വർണ്ണമെന്നഭിമാനം കാട്ടിയ പണ്ടാരിയെ പ്രശംസിക്കുന്നു പഠിത്തക്കാറൻ കുമ്പാരി. രാത്രിയിൽ എപ്പോഴോ വാങ്കല് കെമ്പി വേലിയേറ്റം വന്നത് പണ്ടാരി ശ്രദ്ധിച്ചു. എളവി ഓടാ തമ്പാളിയെന്ന് വിളിച്ചെങ്കിലും കൂടെയുള്ള പഠിത്തക്കാറനപ്പോഴേക്കും ഉറങ്ങിക്കഴിഞ്ഞിരുന്നു. എടാ കള്ളാപ്പി ഇനി നീ ഇവിടെ കിടന്നു നീന്താൻ തുടങ്ങിക്കോയെന്ന് പണ്ടാരി പറഞ്ഞു ചിരിച്ചു. മണ്ടയ്ക്ക് കൂപ്പിയ മണ്ണിലായി ഉപ്പുവെള്ളംകൊണ്ട് ചുരുണ്ടുകിടന്ന അവരുടെ ആ മുഷിഞ്ഞ തുണി ഞാനെടുത്ത് വെയിലത്ത് വിരിച്ചിട്ടുകൊടുത്തു. ■



പ്രവീൺ പി.

ന്നീട് നിങ്ങൾ വളരുകയും ജീവിതവഴികളിലേക്ക് നീങ്ങുകയും ചെയ്യും.

കുട്ടികൾ ഗൗരവത്തോടെ അച്ചനെ കേട്ടു. അച്ചൻ തുടർന്നു;

"ജീവിതാന്തസ്സിലേക്ക് കടക്കുമ്പോൾ കിളികൾ മൂളിപ്പാട്ട് പാടും, വാടിയ പൂക്കൾപോലും സുഗന്ധം പടർത്തും. കടൽ കൊട്ടുതാളമിടും. ഭൂമി ആനന്ദംകൊള്ളും. പക്ഷേ ജീവിതത്തിന് ഒരു ചങ്ങലത്താളമുണ്ട്. അത് പൊട്ടിയാൽ... അത് പൊട്ടിയാൽ എന്തു സംഭവിക്കും?" അച്ചൻ ഉറക്കെ ചോദിച്ചു.

കുട്ടികളെല്ലാം ഒരേ സ്വരത്തിൽ അച്ചനോട് പറഞ്ഞു;

"ജീവിതത്തിന്റെ സൂര്യനസ്തമിക്കും."

അച്ചൻ കൈകൊട്ടി; "മിടുക്കന്മാർ..."


അപ്പോഴേക്കും മെലിഞ്ചി മണിമുഴക്കിക്കൊണ്ട് ഗോതമ്പു റോഡിലൂടെ വരുന്നത് കണ്ട് കുട്ടികൾ ഓടിച്ചെന്ന് മുട്ടുകുത്തിയിരുന്നു. എല്ലാവരുടേയും തലയ്ക്കു മുകളിൽ മണി മുഴക്കിക്കൊണ്ട് മെലിഞ്ചി മറഞ്ഞു. എല്ലാവരും എഴുന്നേറ്റിട്ടും "അപ്പന്റെ മദ്യപാനം മാറണേ ദാരിദ്ര്യം തീരണേ" എന്ന പ്രാർത്ഥനയിൽ ഡാനിയേൽ മാത്രം മുട്ടിൻമേലിരുന്നു. ഫാദർ ബഞ്ചമിൻ കണ്ണീർ തുടച്ചുകൊണ്ട് ഡാനിയേലിന്റെ തല തൊട്ടുകൊണ്ട് പറഞ്ഞു; "ഞാൻ പ്രത്യേകമായി പ്രാർത്ഥിക്കാം." ശേഷം അച്ചൻ മേടയിലേക്ക് പോയി. ഡാനിയേൽ തന്റെ കുടിലിലേക്കും. ■



# ദയാബായി എന്ന സമരസഞ്ചാരി

*"The struggle of man against power is the struggle of memory against forgetting."*

**Milan Kundera**



**ബർഗ്മാൻ തോമസ്**

തിരുവനന്തപുരത്തെ സെക്രട്ടറിയേറ്റിനുമുന്നിലെ ഫുട്പാത്തിൽ പഴന്തുണി വിരിച്ച് ചുരുണ്ടുകൂടി കിടന്നു പെണ്ണൊരുത്തി. എൺപതുവയസുകാരിയായ ഒരു നാടോടി സ്ത്രീ. കറുത്ത സാരിയണിഞ്ഞ് കഴുത്തിലും കൈകളിലും സ്റ്റീൽ വളകളിട്ട് വലിയൊരു ചുവന്ന പൊട്ടും തൊട്ട് അങ്ങനെ കിടന്നു. വെറുതെയല്ല, പട്ടിണി കിടന്നു. കാസർകോട്ടെ എൻഡോസൽഫാൻ ഇരകൾക്ക് നീതി ലഭിക്കണം എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ടായിരുന്നു കിടപ്പ്. കഴിഞ്ഞ അമ്പതുവർഷമായി, പുറമ്പോക്കിലകപ്പെട്ടവരുടെ അവകാശസമരങ്ങളിൽ എന്നും പട്ടിണിപ്പാവങ്ങളോടൊപ്പം നിന്ന ചരിത്രം അവൾക്ക് പിൻബലമായുണ്ട്. ഇന്ത്യൻ കർഷകരുടെ സമരത്തിനൊപ്പം ചേർന്നുനിന്നു. നർമ്മദയിലെ ജന്ദർമന്ദി

റിൽ മേധാപട്കർക്കൊപ്പം സത്യാഗ്രഹപ്പന്തലിൽ ഉണ്ടായിരുന്നു. പാലക്കാട് കൊക്കോകോളക്കെതിരെ നടത്തിയ സമരത്തിൽ നിരാഹാരം അനുഷ്ഠിച്ചു. ഗുജറാത്തിലെ മുസ്ലീങ്ങളുടെ കൂട്ടക്കൊലയെപ്രതി തെരുവുനാടകവുമായി രാജ്യമെമ്പാടും അലഞ്ഞു. അലച്ചിലിലാകെയും ദയ എന്ന രണ്ടക്ഷരമായിരുന്നു കൂട്ട്. ആ ദയാർദ്രയുടെ പേര് ദയാബായി.

1941 ഫെബ്രുവരി 22ന് പാലായ്ക്കടുത്ത് പൂവരണി പുല്ലാട്ടുകുടുംബത്തിലാണ് ദയാബായി എന്ന മെഴ്സിയുടെ ജനനം. അപ്പൻ മാത്യു. തികഞ്ഞ ഗാന്ധിയൻ. 1958-ൽ 17-ാം വയസ്സിൽ ഈ ലോകത്ത് എനിക്കെന്തോ ചെയ്യാനുണ്ട് എന്നുറച്ച് ഒരു ദിവസം ബിഹാറിലേക്ക് തീവണ്ടി കയറി. ഹസാരിബാഗ് കോൺവെന്റിൽ കന്യാസ്ത്രീയായി ചേർന്നു. റാഞ്ചി സെന്റ് സേവിയേഴ്സ് കോളേജിൽ നിന്നും ബി.എസ്.സി പാസായി. 1965-ൽ കോൺവെന്റ് ജീവിതം ഉപേക്ഷിച്ചു. നാട്ടിൽ തിരിച്ചെത്തി. കുറെക്കാലം കോഴിക്കോട് മേരിക്കുന്ന് ഹോസ്പിറ്റലിൽ നഴ്സിങ് പരിശിലിച്ചു. തയ്യൽ കരകൗശല ജോലികൾ ചെയ്തു. ഇങ്ങനെ നിസ്സാരമാക്കാനുള്ളതല്ല നിന്റെ ഈ ജന്മം എന്ന് ഉൾവിളിയുണ്ടായി. 1970-ൽ ബോംബെയിലേക്കുപോയി. ബോംബെ നഗരത്തിലെ ഫുട്പാത്തുകളിൽ ആലോചനാമഗ്നയായി ഏറെനാൾ അലഞ്ഞു. ബോംബെയിലെ സിസ്റ്റേഴ്സ് ഒഫ് ചാരിറ്റിയിൽചേർന്ന് ചാരിറ്റിപ്രവർത്തനങ്ങൾക്കു തുടക്കമിട്ടു. 1971-ൽ ബംഗ്ലാദേശ് യുദ്ധത്തോടനുബന്ധിച്ച് സന്നദ്ധസേവനത്തിനുപോയി. ഒരു ക്രിസ്ത്യൻ സംഘടനയുടെ കീഴിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മുഴുകി. ഇതിനിടയിൽ 1978-ൽ ഹരിയാനയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കെടുത്തു. 1979-ൽ ബോംബെയിലേക്കു മടങ്ങിവന്നു. എംഎസ്.ഡബ്ല്യുവിനു ചേർന്നു. ചേരികളിൽ കറങ്ങി നടന്നു. ചേരിയിൽത്തന്നെ മുറിയെടുത്ത് അവർക്കിടയിൽ പ്രവർത്തിച്ചു. ആന്ധ്രാപ്രദേശിൽ കൊടുങ്കാറ്റിലും വെള്ളപ്പൊക്കത്തിലും മനുഷ്യർ ദുരിതത്താൽ വലഞ്ഞപ്പോൾ അവിടേക്കുപോയി. ദുരിതാശ്വാസ പ്രവർത്തനം മുഴുമിപ്പിച്ചശേഷം പിന്നെയും ബോംബെയിലേക്കു മടങ്ങി. എം. എസ്. ഡബ്ല്യൂ പഠനം തുടർന്നു. 1980-ൽ പഠനത്തിന്റെ ഭാഗമായി മദ്ധ്യപ്രദേശിലേക്കുപോയി. ചിന്ത്വാഡ ജില്ലയിലെ സൂർളാഘോപ്പയിലെ ഗ്രാമവാസികൾക്കിടയിലേക്ക്. പിന്നെ അവിടെത്തന്നെ തങ്ങി. ചിന്ത്വാഡയിൽനിന്നും എൽ.എൽ. ബി ബിരുദമെടുത്തു. 1981-ൽ തിൻസെ എന്ന ഗോത്ര ഗ്രാമത്തിലെത്തി. 1995 വരെ തിൻസെയിലെ ഗോണ്ടുകളോടൊപ്പം അവരിലൊരാളായി ജിവിച്ചു. അവരുടെ അവകാശത്തിനും അഭിമാനത്തിനും സംരക്ഷണത്തിനുമായി പോരാടി. അങ്ങനെ മേഴ്സി അവരുടെ ദയാബായി ആയി.

ദയാബായി തന്റെ 'പച്ചവിരൽ' എന്ന ആത്മകഥയിൽ എഴുതുന്നു; 'അനിതിയോട് പ്രതികരിച്ചതിന്റെ പേരിലാണ് പോലിസിന്റെ കൈകളാൽ എന്റെ മുൻനിരയിലെ പല്ലുകൾ നഷ്ടപ്പെട്ടത്." മറ്റൊരിടത്തു പറയുന്നു; 'ഒരു ഗോത്രവർഗ പെൺകുട്ടിയുടെമേലുള്ള അതിക്രമത്തിന് അന്യായം ബോധിപ്പിക്കാൻ ചെന്ന എന്നെ 'നീ ആരാടീ...' എന്നാക്രോശിച്ചുകൊണ്ട് എന്റെ കരണക്കുറ്റിക്കടിച്ചു ഒരു പോലീസ് ഓഫീസർ. 'യു ഹാവ് നോ റൈറ്റ് ടു ടച്ച് മീ' എന്നുപറഞ്ഞ് ഞാൻ പ്രതിരോധിക്കാൻ ശ്രമിച്ചെങ്കിലും പോലീസ് ഓഫീസർ എന്റെ ശരീരത്തിലും ചെകിടത്തും അടിക്കുകയും ഇടിക്കുകയും ചെയ്തു. ശേഷം എന്റെ ചുമലിൽപിടിച്ച് തള്ളിക്കൊണ്ടുപോയി ലോക്കപ്പിന്റെ ഭിത്തിയിലിടിച്ചു. അപ്പോഴേക്കും എന്റെ സാരി മുഴുവനും അഴിഞ്ഞുകഴിഞ്ഞിരുന്നു. അങ്ങനെ നിരവധിയായ സമരാനുഭവങ്ങൾ... ജീവിതാനുഭവങ്ങൾ...

ദയാബായി ഒരു പേരായല്ല, പോരാട്ടത്തിന്റെ ഒരു രാജ്യമായി ജീവിച്ചുകൊണ്ടേയിരിക്കുന്നു.

## അനുബന്ധം:

എൻഡോസൾഫാൻ ഇരകൾക്കു സമാനമാണ് കടലെടുക്കുന്ന തിരദേശ ജനതയും. ഭരണകൂടത്തിന്റെ ക്രൂരതകളാണ് രണ്ടുകൂട്ടരും അനുഭവിക്കുന്നത്. വികസനത്തിന്റെ പേരിൽ ഇരയാക്കപ്പെട്ട നിഷ്ക്കളങ്കർ. ഒരിടത്ത് വിഷം തളിച്ച് അതിക്രൂരമായി ഇരകളാക്കപ്പെട്ടുവെങ്കിൽ മറ്റൊരിടത്ത് കടലിൽ അസംഖ്യം പാറക്കല്ലുകൾ കൊണ്ടിട്ട് തീരദേശവാസികളെ, അവരുടെ പല തലമുറകളെയാകെ ഇരകളാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. രണ്ടിടത്തും പാവപ്പെട്ട മനുഷ്യരുടെ സ്വന്തം ആവാസവ്യവസ്ഥയും ജീവനവും ഭാവിയും ആണ് തകർന്നത്. കൺമുന്നിൽ മറ്റൊരുവഴിയും ഇല്ലാത്തതുകൊണ്ടാണ് അവർ സമരപോരാട്ടത്തിന് ഇറങ്ങിയത്. നമ്മുടെ കാലത്ത്, നീതിനിഷേധങ്ങൾക്കെതിരെ സമരതീക്ഷ്ണതകൊണ്ട് ആഴത്തിൽ അടയാളപ്പെടുത്തുന്ന രണ്ടു ജന്മങ്ങളാണ് ദയാബായി എന്ന സമരസഞ്ചാരിയും തിരുവനന്തപുരത്തെ തീരദേശ ജനതയും. ഒരാൾ ഒറ്റയ്ക്കൊരു ആൾക്കൂട്ടം. രണ്ടാമത്തേത് ഒറ്റപ്പെട്ടുപോയ ഒരു സാഗരസമൂഹം.



# കാനൻ ലോ

**ഫാ. ജോസ് ജി.**
ജൂഡീഷ്യൽ വികാർ

# സഭാപരമായി വിവാഹിതരാകാത്ത ദമ്പതികളുടെ മക്കൾക്ക് ജ്ഞാനസ്നാനം നല്കേണ്ടത് എപ്പോൾ?

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 849–878 ജ്ഞാനസ്നാനമെന്ന കൂദാശയെക്കുറിച്ച് വിശദീകരിക്കുന്നു. മുതിർന്നവർക്കും ശിശുക്കൾക്കും ജ്ഞാനസ്നാനം നല്കുമ്പോൾ ഇടവക വികാരിമാർ ഉറപ്പുവരുത്തേണ്ട കാര്യങ്ങളാണ് CIC 851 വ്യക്തമാക്കുന്നത്. ശിശുക്കൾക്ക് ജ്ഞാനസ്നാനം നല്കുമ്പോൾ പ്രസ്തുത കൂദാശയുടെ അർത്ഥവും അതിൽ അടങ്ങിയിരിക്കുന്ന കടമകളും മാതാപിതാക്കളെയും ജ്ഞാനമാതാപിതാക്കളെയും ഇടവക വികാരി ഓർമ്മപ്പെടുത്തേണ്ട കർത്തവ്യവും ഓർമ്മിപ്പിക്കുന്നു.



ശിശുക്കളുടെ ജ്ഞാനസ്നാനം സംബന്ധിച്ച വിവരണം CIC 867 നല്കുന്നു. അതനുസരിച്ച് ആദ്യ ആഴ്ചകളിൽത്തന്നെ തങ്ങളുടെ കുഞ്ഞുങ്ങൾ ജ്ഞാനസ്നാനം സ്വീകരിക്കുന്നുവെന്ന് മാതാപിതാക്കൾ ഉറപ്പുവരുത്തുകയും അതിനായി തങ്ങളെത്തന്നെ ഒരുക്കുകയും വേണം.

CIC 1093 പ്രകാരം, സഭാപരമായി വിവാഹിതരാകാത്ത ദമ്പതികളുടെ ഒരുമിച്ചുള്ള ജീവിതം ക്രിസ്തീയ ജീവിതമല്ല. പ്രത്യക്ഷത്തിൽ ക്രിസ്തീയ ജീവിതം നയിക്കാത്ത ക്രൈസ്തവ ദമ്പതികൾ തങ്ങളുടെ മക്കളെ ക്രിസ്തീയ വിശ്വാസത്തിൽ വളർത്തുമെന്ന് പ്രതീക്ഷിക്കാൻ കഴിയില്ല. CIC 851, 1° പ്രകാരം, ജ്ഞാനസ്നാനം സ്വീകരിക്കാനാഗ്രഹിക്കുന്ന പ്രായപൂർത്തിയായ വ്യക്തിയ്ക്ക് നിർദ്ദിഷ്ട കാറ്റക്യൂമനേറ്റ് (വിശ്വാസ സ്വീകരണത്തിനാവശ്യമായ പരിശീലനം) പൂർത്തിയായ ശേഷം ജ്ഞാനസ്നാനം സ്വീകരിക്കാവുന്നതാണ്. CIC 852 §1 പ്രകാരം, പ്രായപൂർത്തിയായവരുടെ ജ്ഞാനസ്നാനം സംബന്ധിച്ച കാനോനിക ആനുകൂല്യം, ശൈശവം കഴിഞ്ഞ ആലോചനാശേഷിയുള്ള എല്ലാവർക്കും ലഭിക്കുന്നു. 7 (ഏഴ്) വയസ്സുകഴിഞ്ഞ പ്രായപൂർത്തിയാകാത്തവർ ആലോചനാശേഷി കൈവരിച്ചതായി CIC 97§2 കണക്കാക്കുന്നു.

CIC 872 പ്രകാരം, മാതാപിതാക്കളോടൊപ്പം ശിശുക്കളെ ജ്ഞാനസ്നാനത്തിന് ഹാജരാക്കാനും ജ്ഞാനസ്നാനത്തിന് അനുയോജ്യമായ ക്രിസ്തീയ ജീവിതം നയിക്കാനും കടമകൾ നിർവ്വഹിക്കാനും സഹായിക്കേണ്ട ചുമതല ജ്ഞാനമാതാപിതാക്കൾക്കുണ്ട്.

സഭാപരമല്ലാത്ത വിവാഹജീവിതം നയിക്കുന്ന ദമ്പതികളുടെ മക്കളെ രണ്ടു ഗണമായി തിരിക്കണം: ഏഴു വയസ്സ് പൂർത്തിയായവരും; പൂർത്തിയാകാത്തവരും. CIC 851, 1° പ്രകാരം, ഏഴു വയസ്സ് തികഞ്ഞവർക്ക്, നിർദ്ദിഷ്ട കാറ്റക്യൂമനേറ്റിന് വിധേയമാക്കിയ ശേഷം, ഇടവക വികാരിക്ക് ജ്ഞാനസ്നാനം നല്കാവുന്നതാണ്. ഏഴു വയസ്സ് തികയാത്ത കുട്ടികളുടെ കാര്യത്തിൽ, അവരെ കത്തോലിക്കാ വിശ്വാസത്തിൽ വളർത്തുമെന്ന ഉറപ്പോ പ്രതീക്ഷയോ നല്കാൻ സഭാപരമല്ലാത്ത വിവാഹജീവിതം നയിക്കുന്ന മാതാപിതാക്കൾക്ക് കഴിയില്ല. ആയതിനാൽ, ആ ദമ്പതികളുടെ മക്കൾക്ക് അവരുടെ അഭ്യർത്ഥനയിന്മേൽ, ജ്ഞാനസ്നാനം നല്കാൻ കഴിയില്ല. CIC 872 പ്രകാരം, ജ്ഞാനസ്നാനം സ്വീകരിക്കുന്ന ശിശുക്കളുടെ ക്രൈസ്തവ കത്തോലിക്കാ വിശ്വാസ ജീവിത രൂപീകരണം, മാതാപിതാക്കളോടൊപ്പം ഉറപ്പുവരുത്താനുള്ള കൂട്ടുത്തുരവാദിത്ത ജ്ഞാനമാതാപിതാക്കൾക്കുണ്ട്. ആയതിനാൽ, കുഞ്ഞിന്റെ കുടുംബ സാഹചര്യം പരിശോധിച്ച് വിലയിരുത്തിയ ശേഷം, കുഞ്ഞിനെ കത്തോലിക്കാ വിശ്വാസത്തിൽ വളർത്തിക്കൊണ്ടുവരാൻ കഴിയുന്നവരെ ജ്ഞാനമാതാപിതാക്കളായി കണ്ടെത്താൻ കഴിഞ്ഞാൽ അവരുടെ ഉറപ്പിന്മേൽ വിവേചനാപൂർവ്വം ഇടവക വികാരിക്ക്, ജ്ഞാനസ്നാനം അനുവദിക്കുന്നതിന് തടസ്സമില്ല.




# നെഞ്ചിടി

ബുള്ളറ്റ് ട്രെയിൻ പായുകയാണ്;
പുറകിലോട്ട്
പ്രളയം പ്രാണനെടുത്ത ഗ്രാമഹൃദയങ്ങളിലൂടെ
മണൽക്കുന്ന് മൂടിയ കവളപ്പാറയിലെ
കല്ലറകൾക്കു മുകളിലൂടെ
പശ്ചിമഘട്ടത്തിന്റെ ശവമടക്കിന്
പുഷ്പചക്രവും സമർപ്പിച്ച്
അയൽപക്കക്കാർക്കിടയിൽ
ഇരുവശങ്ങളിലുമുയരുന്ന
അപരിചിതത്വത്തിന്റെ എംബാങ്ക്മെൻറ്,
മറ്റൊരു ബാബേൽ ഗോപുരം
സ്വർഗ്ഗത്തെ തൊടുന്ന ഗോവണി
നരകത്തെയും തൊടുമെന്നറിയാത്തതോ?
നിസ്സംഗതയ്ക്കും അതിവേഗത്തിനു-
മിടയിലെ ചങ്കിടി
വെള്ളിടിപോലെ പായുകയാണ്
ബുള്ളറ്റ് ട്രെയിൻ,
പുറകോട്ട്.

കൂരയില്ലാത്തവന്റെ നെഞ്ചിടി
ഹൃദയശൂന്യന് കാഹളം.

വേഗത്തിൽ പാഞ്ഞെത്തുന്നത്
എവിടേക്കാണ്?
വീണ്ടും ഒച്ചുവേഗത്തിൽ ചലിക്കും
ഫയലുകൾക്കടുത്തേക്കല്ലേ?
ആഹാ!
എത്ര വേഗം
ആകാശയാനം കണക്കൊരു അത്ഭുതച്ചെപ്പ്
അരിയില്ലെങ്കിലെന്ത്?
തൊഴിലില്ലെങ്കിലെന്ത്?
കടംകേറി മുച്ചൂടും മുടിഞ്ഞാലെന്ത്?
കുടിവെള്ളമില്ലെങ്കിലെന്ത്?
വെള്ളിടി വെട്ടിപ്പായും വേഗ ട്രെയിനാണഭിമാനം.

ഭിക്ഷതെണ്ടുന്നവർ അകത്തില്ല,
പുറത്തുണ്ട് പതിനായിരങ്ങൾ.

ഓടിയെത്തി മുട്ടിലിഴയുന്ന വിദ്യ
കൂകിപ്പാഞ്ഞു വരുന്നത് നെഞ്ചിലേക്കാണ്.



ഗ്ലേവിയസ് അലക്സാണ്ടർ




# 'ഈശോ' എന്നത് ഒരു പേരുമാത്രമല്ല!

## ഈശോ എന്ന സിനിമയുടെ വായന



സുനിൽ സി.ഇ.

ചില വിവാദങ്ങൾ ചരിത്ര നിശ്ചയങ്ങളാണ്. ചില പ്രധാനപ്പെട്ട സത്തകളിലേക്ക് കടക്കാൻ ഏകജാലകങ്ങൾ പര്യാപ്തമല്ലെന്ന് പറഞ്ഞു തരുന്നതും ചില വിവാദങ്ങൾ തന്നെയാണ്. ചീത്ത രക്തത്തെ പുറത്തുകളയാൻ തീർക്കപ്പെടുന്ന ഉപമകളായി വിവാദങ്ങളെ ഉൾക്കൊള്ളാൻ പഠിപ്പിച്ച ആളാണ് ക്രിസ്തു. നമുക്ക് വശമില്ലാത്ത ഒന്നിലധികം വിഷയങ്ങളലുടെ ഏറ്റുമുട്ടലായി വിവാദം കൊഴുത്തേക്കാം. അപ്പോഴൊക്കെ സമചിത്തതയുടെ വിപരീതമായ വിവാദത്തിലേക്ക് കടക്കാതിരിക്കാൻ അതിന്റെ സുതാര്യമായ പാരായണം അനിവാര്യമാണ്. 'ഈശോ' എന്ന സിനിമ സ്ക്രീൻ സ്പേസിലേക്ക് എത്തുംമുമ്പ് ചില വിവാദങ്ങൾ അഴിച്ചുവിടപ്പെട്ടിരുന്നു. ശീർഷകങ്ങൾ ഗൂഢാർത്ഥങ്ങളെ തിരഞ്ഞുപിടിക്കാൻ നമ്മെ നിർബന്ധിക്കുന്ന കാലമാണിത്. റോൺ ഹബാർഡ് എന്നൊരു ചിന്തകനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട പ്രസ്താവനകളിലൊന്നിതാണ്, 'യുക്തിപരമായ ചിന്തയിൽ നിന്നുള്ള രക്ഷപ്പെടലാണ് എല്ലാ വിവാദങ്ങളും" ഇതൊരുതരം ബൗദ്ധികമായ അകൽച്ചയാണ്. യാഥാർത്ഥ്യത്തിന് പിന്നാലെ പോകുന്നതിനുപകരം നാം നിർമ്മിത വിവാദത്തിന് പിന്നാലെ പോകുകയും യാഥാർത്ഥ്യത്തെ പുറത്താക്കുകയും ചെയ്തു. ക്രിസ്തു എന്ന നാമം ഒരു അഭ്രപാളിക്കപ്പുറമാണ് എന്ന യാഥാർത്ഥ്യത്തെയാണ് നാം ബോധത്തിന്റെ അടുക്കിൽ നിന്നും മറിച്ചിട്ടത്. ഒരു വിവാദവും ഒരു ക്രിസ്തുസ്നേഹിക്ക് ശല്യകാരണങ്ങളല്ല. ഇത്തരം ഒരു പ്രവേശിക കുറിക്കുമ്പോൾ മുമ്പിലുള്ളത് 'ഈശോ' എന്ന സിനിമയുടെ ഫ്രെയിമുകൾ തന്നെയാണ്. വിവാദം ചില മാനസിക കുഴപ്പങ്ങളെ ചികിത്സിച്ചു ഭേദമാക്കുന്നതിന്റെ വലിയ സാക്ഷ്യമായി 'ഈശോ എന്ന സിനിമാ ശീർഷകനാമം ഇനി ചരിത്രത്തിൽ ഉറങ്ങാതെ കിടപ്പുണ്ടാവും.

ലോകത്തിന്റെ കേന്ദ്രം ക്യാച്ചിംഗ് ശീർഷകമാണ് (ടാഗ്ലൈനാണ്) എന്ന തെറ്റായ ധാരണയാണ് നമ്മെ ഈ വിധം കൂടുതൽ പേടിപ്പിക്കുന്നത്. ഈ പേടികളെയെല്ലാം അപ്രസക്തമാക്കിക്കൊണ്ടാണ് 'ഈശോ' എന്ന സിനിമ സ്ക്രീനിലെത്തിയത്. ചില പൊതു സത്യങ്ങളിൽ ചെന്നെത്തണമെങ്കിൽ വിവാ

ദങ്ങൾ ചിലപ്പോൾ അനിവാര്യമായി തീരും. ഇവിടെ രൂപം കൊണ്ടുവരുന്ന പുതിയ മാനേജീരിയൽ വർഗത്തിന്റെ ഭീതികളും ഉൽക്കണ്ഠകളും ആവിഷ്കരിക്കാനാണ് ചിത്രത്തിന് ഒരു ക്യാച്ചിംഗ് ശീർഷകം നൽകിയത്.

## ഈശോ: കാലത്തിന്റെ ചുവരോ?

വൈകാരികമായ തലത്തിൽ നിന്ന് സാമൂഹ്യമായ വിതാനത്തിലേക്ക് ചില പ്രമേയങ്ങൾ ഇറങ്ങിവരും. അത്തരം ഒരു പ്രമേയത്തെയാണ് 'ഈശോ' എന്ന സിനിമ കൈകാര്യം ചെയ്യുന്നത്. ഒരുപക്ഷേ ഈ ശീർഷകം വിവാദത്തെ കൊഴുപ്പിച്ചപ്പോൾ 'ശിശുക്കൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുക. അവരെ തടയരുത്' എന്ന് മൊഴിഞ്ഞ ക്രിസ്തുവിന്റെ മനോഭാവത്തെ ഒന്നു അനുധാവനം ചെയ്യേണ്ടതായിരുന്നു. കാരണം ഈ സിനിമ വിരൽചൂണ്ടുന്നത് അത്തരം ഒരു പ്രമേയത്തിലേക്കാണ്.

ചെറിയ പെൺകുട്ടികൾക്കുനേരെ നടക്കുന്ന ലൈംഗികാതിക്രമങ്ങളെ പ്രമേയമാക്കിയാണ് നാദിർഷ ഈ സിനിമ ഒരുക്കിയിരിക്കുന്നത്. ഒരു സെമി ത്രില്ലർ സിനിമയ്ക്ക് വേണ്ട എല്ലാത്തരം സാഹചര്യങ്ങളും ഇതിണ്ട്. ഏറ്റവും അടഞ്ഞ ഇടങ്ങളിൽ കുട്ടികൾ ഉപദ്രവിക്കപ്പെടാനുള്ള സാധ്യതയെയും അവർ അത് തുറന്നുപറയാൻ കാട്ടുന്ന മനോഭാവത്തിന്റെ കാരണങ്ങളെയും തുറന്നു പറഞ്ഞാൽ ഒരുപക്ഷേ ആ കുട്ടിയും കുടുംബവും നേരിടേണ്ടിവരുന്ന പരിണിത ആഘാതങ്ങളെ ഒക്കെ ഈ സിനിമ വിഷയമായി മാറ്റുന്നുണ്ട്. ശീർഷകമെഴുത്തു മുതൽ പ്രത്യക്ഷപ്പെടുന്ന വാളയാർ പെൺകുട്ടികളുടെ മരണവും ഇവിടുത്തെ പോക്സോ കേസുകളും ഈ സിനിമയെ കാലവുമായി ബന്ധിപ്പിക്കുന്നു. ഇവിടെ ഇപ്പോൾ പ്രവർത്തിക്കപ്പെടുന്ന ഒരു ആൾക്കൂട്ട മനഃശാസ്ത്രത്തെയും പ്രതികാരത്തെയും, കോടതിക്കപ്പുറത്തെ നീതി നടപ്പിലാക്കലിന്റെ രാഷ്ട്രീയത്തെയും സിനിമ ഉറ്റുനോക്കുന്നു. ഇവിടത്തെ സെൻസേഷണൽ ന്യൂസ് റീലുകൾ ജീവിതത്തിനേൽപ്പിക്കുന്ന പരിക്കുകളെയും, ഇവിടേക്ക് കുടിയേറിയ അതിഥിതൊഴിലാളികളുടെ അനാഥത്വത്തെയും സിനിമ പകർത്തിക്കാട്ടുന്നു. സുധീഷ് വരനാട് തിരക്കഥ എഴുതി നാദിർഷ സംവിധാനം നിർവഹിച്ച ഈ ചിത്രം അക്ഷരാർത്ഥത്തിൽ നാം ജീവിക്കുന്ന കാലത്തിന്റെ മുറിവുകളെയാണ് അനാവരണപ്പെടുത്തിയത്. ജയസൂര്യയും ജാഫർ ഇടുക്കിയും നടത്തുന്ന സംഭാഷണങ്ങളിലെല്ലാം കാലത്തിന്റെ ഈ നീറ്റൽ ഉണങ്ങാതെ നിൽക്കുന്നതു കാണാം.

ഈശോയുടെ ക്ലൈമാക്സും മിസ്റ്ററി അനാവരണം ചെയ്യുന്നതുമൊന്നം ലോജിക്കില്ലാത്ത വയലന്റ് ആക്ഷനുകൾ കൊണ്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. അപ്പോഴും ഈശോ എന്ന ശീർഷകത്തിന് ഒരു അധികവായന സാധ്യമാണ്. എല്ലാം നഷ്ടപ്പെട്ട് ക്രൂശിതനാകേണ്ടിവരുന്ന, ശിക്ഷകനും രക്ഷകനുമായി എത്തുന്ന ഏതൊരാളുടെയും പ്രതിനിധാനമായി ഇതിലെ കേന്ദ്രകഥാപാത്രത്തെ വായിക്കാവുന്നതാണ്. ■

# വായന






**പ**കലിന്റെ ഗർഭത്തിലുള്ള രാത്രിയിൽ ഇരുളിന്റെ മാത്രമല്ല, പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും വായനയുടെയും എഴുത്തിന്റെയും ചിന്തയുടെയുമൊക്കെ തെളിനീർ ഒഴുകുന്നുണ്ടെന്ന് സിനോയി കപ്പൂച്ചിന്റെ 'രാവിന്റെ ദൂരം' താണ്ടുമ്പോൾ മനസ്സിലാകും. രാവിന്റെ ദൂരങ്ങളിൽ കൂടെ നടക്കാൻ സദാ നിലാവെട്ടമില്ലെന്ന് വരാം. എന്നാൽ 'സ്നേഹം' എന്ന ഒരുവാക്ക് പന്തംകൊളുത്തി നടക്കുമെന്ന് ഈ പുസ്തകത്തിലെ വരികൾ ഓർമിപ്പിക്കുന്നു.

'രാവിന്റെ ദൂരം' താണ്ടുമ്പോൾ തർക്കശാസ്ത്രത്തിന്റെ നിയമങ്ങൾക്കനുസരണമായി വാചകങ്ങളെ കൊരുത്തുവയ്ക്കുന്ന സിനോയി കപ്പൂച്ചിൻ എന്ന എഴുത്തുകാരനെയല്ല പരിചയപ്പെടുന്നത്, പിന്നെയോ സ്നേഹമെന്ന വാക്കിന്റെ അർത്ഥം വിമലീകരിക്കുവാൻ ശ്രമിക്കുന്ന ഒരാളെയാണ് കണ്ടുമുട്ടുന്നത്. ഒരു വ്യക്തി ഒരു വസ്തുവിനെപ്പറ്റിയുള്ള അറിവ് നേടുമ്പോൾ ഒരു ജനിതക ശസ്ത്രക്രിയയിലൂടെ അവൻ പോലും അറിയാതെ അറിയുന്ന വിസ്തുവിനെ വിഘടിക്കുന്ന കോശങ്ങൾക്കൊപ്പം തുന്നിചേർക്കുന്നു. പിന്നീടുള്ള അവന്റെ മുൻവിധിയും അനുമാനവും നിഗമനവുമൊക്കെ താൻ പോലുമറിയാതെ തുന്നിചേർത്ത അറിവുകളുടെ ബലത്തിലായിരിക്കും. അങ്ങനെ ചിന്തിക്കുമ്പോൾ തന്റെ മനനത്തിന്റെയും ധ്യാനത്തിന്റെയും ഏകാന്ത സഞ്ചാരങ്ങളിൽ അനവധി ശസ്ത്രക്രിയകൾ നടത്തിയ വ്യക്തിയാണ് സിനോയി കപ്പൂച്ചിൻ എന്ന് നിസംശയം പറയാം,



**സിബിൽ ചെറിയാൻ**

കാരണം സ്നേഹത്തിനും പ്രണയത്തിനും കരുണയ്ക്കും ക്രിസ്തുവിനുമൊക്കെ പുതിയ നിർവചനങ്ങൾ നൽകുന്നുണ്ട്. ഇതൊക്കെ ഒരു വിരമിക്കലിന്റെ പരിണിത ഫലമായാണ് സംഭവിക്കുന്നതെന്ന് പുസ്തകത്തിൽ വിശ്വാസത്തിന് നൽകുന്ന നിർവചനത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കിയെടുക്കാൻ സാധിക്കും. 'വിശ്വാസം ഒരു വിരമിക്കലാണ്' ഒരാളുടെ സ്വന്തമായ ചിന്തകളിൽ നിന്നുള്ള വിരമിക്കൽ. തന്റേതായ ചിന്തകൾ ഉപേക്ഷിച്ച് ദൈവത്തിന്റെ ചിന്തകളുമായുള്ള കൂടിച്ചേരൽ. ഈ വിശ്വാസം അദ്ദേഹത്തെ അറിവിലേക്കും അറിവ് നിർവചനത്തിലേക്കും നയിക്കുന്നുണ്ട്. എന്നാൽ നിർവചനങ്ങൾ നിർവചിക്കപ്പെടുന്നവയെ അതിർത്തികെട്ടി നിർത്തുമെന്ന് അറിയാവുന്നതുകൊണ്ട് തന്നെയാണ് ഈ എഴുത്തുകാരൻ സ്നേഹത്തിന്റെ ആയുസ്സതിർത്തികൾക്കുള്ളിൽ എഴുതിയിരിക്കുന്നത്.

തീർച്ചയായും പറയാൻ കഴിയും ഒരിക്കലെങ്കിലും രാവിന്റെ ദൂരം താണ്ടിയ ഒരാളുടെ ദിനവാചകങ്ങളിൽ 'സ്നേഹം' എന്ന മാന്ത്രിക വാക്ക് മുഴങ്ങിക്കേൾക്കാനാകും. അത് ഉച്ചരിക്കുന്നവനും കേൾക്കുന്നവനും വിമലീകരിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു. ഈ പുസ്തകത്തിലെ വിഭിന്ന കുറിപ്പുകൾ വായനക്കാരനെ പോയകാലത്തിന്റെ രാവുകളിലേക്ക് മടക്കിക്കൊണ്ടുപോകുന്നുണ്ട്, അങ്ങനെയുള്ള രാവുകളുടെ ദൂരങ്ങൾ ഒരിക്കൽക്കൂടി താണ്ടുമ്പോൾ കാണാൻ മറന്നുപോയ ചിലരുടെ മുഖം കാണുന്നു. ചിലരുടെ കണ്ണേറുകളുടെയും ചിരിയുടെയുമൊക്കെ ഭാഷ വായിക്കുവാൻ കഴിയുന്നു. ചിലരുടെ കാൽപ്പെരുമാറ്റത്തിന്റെ താളംപോലും പിടിത്തംകിട്ടുന്നു. തെറ്റിദ്ധാരണകളും മുൻവിധികളുമൊക്കെ കാരണം നഷ്ടപ്പെട്ടുപോയ നന്മയുടെ നുറുങ്ങു നിമിഷങ്ങളെ വീണ്ടെടുക്കുവാൻ രാവിന്റെ ദൂരം സഹായിക്കുന്നു.

പുസ്തകത്തിന്റെ പുറംചട്ട സൂചിപ്പിക്കുന്നത് രാവിന്റെ ദൂരം താണ്ടിയുള്ള യാത്ര ഒരിക്കലും അവസാനിക്കുകയില്ലെന്നാണ്. പൂർണചന്ദ്രനിലേക്കുള്ള യാത്ര ഒരു രാവിന്റെ ദൂരം താണ്ടുമ്പോൾ ലക്ഷ്യം കാണില്ല. അതിന് അനേകം രാവുകൾ താണ്ടേണ്ടിയിരിക്കുന്നു. അപ്പോൾ ജീവിതത്തിന് നിലാവ് പകരുന്ന അനേകം പൂർണചന്ദ്രനെ കണ്ടുമുട്ടാനാകും. രാവിന്റെ ദൂരത്തിന് അന്ത്യമില്ല. അത് തുടർച്ചയാണ്.... ■




## 'ഓർമ്മത്തിര' പ്രകാശനം ചെയ്തു



ഡോ. തോമസ് ജെ. നെറ്റോയുടെ മെത്രാഭിഷേകത്തോടനുബന്ധിച്ച് അതിരൂപതയുടെ ചരിത്രവും ജനതയുടെ സ്വത്വവും ഉള്ളടക്കമാവുന്ന സ്മരണിക 'ഓർമ്മത്തിര' പുറത്തിറങ്ങി. ഇന്ത്യയിലേക്കുള്ള വത്തിക്കാൻ സ്ഥാനപതി പ്രകാശനം ചെയ്ത സ്മരണികയുടെ ആദ്യ പ്രതി നെയ്യാറ്റിൻകര രൂപതാ ബിഷപ്പ് ഡോ. വിൻസെന്റ് സാമുവേൽ ഏറ്റ് വാങ്ങി. നൂറ്റിയറുപതോളം പേജുകളിൽ മൾട്ടിക്കളറിൽ ആകർഷകമായി രൂപകൽപ്പന ചെയ്തിരിക്കുന്ന സ്മരണികയിൽ രൂപതാ ചരിത്രവും, പഴയ പിതാക്കന്മാരെക്കുറിച്ചുള്ള കുറിപ്പുകളും അതിരൂപതാ ജനതയെ സാംസ്കാരികവും, സാമൂഹികവുമായി അടയാളപ്പെടുത്തുന്ന മുപ്പത്തിരണ്ടോളം ലേഖനങ്ങളും പത്ത് കവിതകളും, ഒരു തിരക്കഥയും ഉൾപ്പെടുത്തിയിരിക്കുന്നു. മലയാളത്തെ കൂടാതെ ഇംഗ്ലീഷ്, തമിഴ് ലേഖനങ്ങളും സ്മരണികയിലുണ്ട്. ഫാ. പങ്ക്രേഷ്യസ് ചീഫ് എഡിറ്ററായുള്ള സമിതിയുടെ നേതൃത്വത്തിലാണ് സ്മരണികയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചത്.

## വിശപ്പുരഹിത സമൂഹം

വിശപ്പു രഹിത ഇടവകയ്ക്കായി അതിരൂപത കുടുംബ ശുശ്രൂഷാ സമിതിയുടെ നേതൃത്വത്തിൽ ആരംഭിച്ച 'മന്ന' പദ്ധതിയോടൊപ്പം ചേർന്ന് പൂന്തുറ ഇടവകയും. അനാഥരായി കഴിയുന്നവരെയും ഭക്ഷണത്തിനായി ബുദ്ധിമുട്ടനുഭവിക്കുന്നവരെയും വഴിയോരങ്ങളിൽ കഴിയുന്നവരെയും കണ്ടെത്തി ഭക്ഷണമെത്തിക്കുകയാണ് 'മന്ന' എന്ന കാരുണ്യ പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. പൂന്തുറ ഇടവകയിലെ കരിസ്മാറ്റിക് കൂട്ടായ്മയാണ് ഈ കാരുണ്യ പദ്ധതിക്ക് നേതൃത്വം നൽകുന്നത്. 'കരുതലോടെ' എന്ന ഭാവി പദ്ധതിയുടെ ഭാഗമായാണ് മന്ന പദ്ധതിക്ക് ഇടവക തുടക്കം കുറിച്ചിരിക്കുന്നത്. കരുതലോടെ പദ്ധതിയുടെ ഭാഗമായി ഭക്ഷണത്തിനും മരുന്നിനും ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ കണ്ടെത്തി സഹായിക്കുന്നതിനോടൊപ്പം തുടർവിദ്യാഭ്യാസത്തിനായി ബുദ്ധിമുട്ട് അനുഭവിക്കുന്ന വിദ്യാർത്ഥികൾക്കും ആവശ്യമായ സഹായങ്ങൾ നൽകുകുന്നുണ്ട്. വലിയതുറ ഫെറോനയുടെ നേതൃത്വത്തിൽ ഒരു വർഷത്തിലധികമായി മന്ന പദ്ധതി വിജയകരമായി നടന്നുവരുന്നു.

# പാലിയം അണിയിച്ചു



ഡോ. തോമസ് ജെ നേറ്റോ മെത്രാപ്പൊലീത്തയെ വത്തിക്കാന്റെ ഇന്ത്യൻ സ്ഥാനപതി ഔദ്യോഗികമായി പാലിയം അണിയിച്ചു. പാളയം സെന്റ് ജോസഫ്സ് കത്തീഡ്രലിൽവച്ച് നടന്ന ദിവ്യബലി മധ്യേയാണ് ആർച്ച് ബിഷപ്പുമാരുടെ സ്ഥാനിക ചിഹ്നമായ പാലിയം ഔദ്യോഗികമായി അണിയിച്ചത്. തിരുവനന്തപുരം പ്രോവിൻസിലെ മറ്റുരൂപതകളായ കൊല്ലം രൂപതാ അധ്യക്ഷൻ ഡോ. പോൾ മുല്ലശ്ശേരി, ആലപ്പുഴ മെത്രാൻ ഡോ. ജെയിംസ് ആനപറമ്പിൽ, നെയ്യാറ്റിൻകര രൂപത അധ്യക്ഷൻ ഡോ. വിൻസന്റ് സാമുവൽ, പുനലൂർ മെത്രാൻ ഡോ. സിൽവസ്റ്റർ പൊന്നു മുത്തൻ, ആർച്ച് ബിഷപ്പ് എമിരിറ്റസ്. ഡോ. എം. സൂസപാക്യം, എമിരിറ്റസ് ബിഷപ്പ് സ്റ്റാൻലി റോമൻ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് എന്നിവർ പങ്കെടുത്ത ദിവ്യബലിയ്ക്ക് ആർച്ച് ബിഷപ്പ് ഡോ. തോമസ് ജെ നെറ്റോ മുഖ്യ കാർമ്മികത്വം വഹിച്ചു. ഇന്ത്യാ–നേപ്പാൾ രാജ്യങ്ങൾക്കുവേണ്ടിയുള്ള വത്തിക്കാൻ പ്രതിനിധി ആർച്ച് ബിഷപ്പ് ലിയോപോൾഡോ ജിറേല്ലിയാണ് പാലിയം കഴുത്തിലണിയിച്ചത്. ജൂൺ 29ന് സെന്റ് പീറ്റേഴ്സ് ബെസിലിക്കയിൽ നടന്ന ദിവ്യബലിക്കിടയിൽ ലോകമെമ്പാടും നിന്നെത്തിയ നിരവധി മെത്രാപ്പൊലീത്തമാർക്കൊപ്പമാണ് തിരുവനന്തപുരം അതിരൂപതാധ്യക്ഷൻ ഡോ. തോമസ് ജെ. നെറ്റോ ഫ്രാൻസിസ് പാപ്പയുടെ പക്കൽനിന്നും പാലിയം കൈകളിൽ സ്വീകരിച്ചത്. മെത്രാപ്പൊലീത്തമാർ തങ്ങളുടെ പ്രവിശ്യയിന്മേലുള്ള ഭരണാധികാരത്തിന്റെ പ്രതീകമായി ഉപയോഗിക്കുന്ന പാലിയം അണിയിക്കുന്ന ചടങ്ങ് അതാത് രൂപതകളിലാണ് നടക്കുക. അതിരൂപതയിലെ വൈദികർ, സന്യസ്തർ, ഇടവക പ്രതിനിധികൾ ചടങ്ങിൽ പങ്കെടുത്തു.

# മരിയൻ ക്രാഫ്റ്റ് & ആർട്സ് സെന്റർ ഓഫ് എക്സലൻസ് പുനഃരാരംഭിച്ചു




മേനംകുളം മരിയൻ എൻജിനീയറിംഗ് കോളേജ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന മരിയൻ ക്രാഫ്റ്റ് & ആർട്സ് സെന്റർ ഓഫ് എക്സലൻസിന്റെ പുനരാരംഭവും പുതിയ അധ്യായന വർഷത്തിന്റെ ഉദ്ഘാടനവും തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് നിർവഹിച്ചു. കേരള സർക്കാർ സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ മേൽനോട്ടത്തിൽ ഒരു വർഷം ദൈർഘ്യമുള്ള ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എൻജിനീയറിങ്, അഡ്വാൻസ്ഡ് വെൽഡിങ് ടെക്നോളജി, സോളാർ എനർജി ടെക്നോളജി എന്നീ മൂന്ന് ഡിപ്ലോമ കോഴ്സുകളാണ് ഇവിടെ പഠിപ്പിക്കുന്നത്. മരിയൻ എൻജിനീയറിങ് കോളേജ് മാനേജർ മോൺ. വിൽഫ്രഡ് ഇ. അദ്ധ്യക്ഷത വഹിക്കുകയും തിരുവനന്തപുരം സോഷ്യൽ സർവീസ് സൊസൈറ്റി സെക്രട്ടറി ഫാ. ആഷ്ലിൻ ജോസ് സ്വാഗതം ചെയ്യുകയും SRC പ്രോജക്ട് കോർഡിനേറ്റർ ഡോ. സുരേഷ് കുമാർ, ഡോ. സ്വരാജ്, SRC ടെക്നിക്കൽ കമ്മിറ്റി അംഗം ഡോ. രാജേന്ദ്രൻ, TSSS ഇൻസ്റ്റിറ്റ്യൂഷൻ കോഡിനേറ്റർ ശ്രീ. ലവകുമാർ എന്നിവർ ആശംസകൾ അർപ്പിക്കുകയും, തിരു. ലത്തീൻ അതിരൂപത സാമൂഹിക ശുശ്രൂഷ അസിസ്റ്റൻറ് ഡയറക്ടർ ഫാ. രജീഷ് വി. രാജൻ നന്ദി പറയുകയും ചെയ്തു.

# തുറമുഖസമരം: കടൽമാർഗ്ഗവും കരമാ



വിഴിഞ്ഞം തുറമുഖത്തിന്റെ അശാസ്ത്രീയ നിർമ്മാണത്തിനെതിരായി മത്സ്യത്തൊഴിലാളികൾ നയിക്കുന്ന സമരത്തിന്റെ നൂറാം ദിനത്തിൽ, മുതലപ്പൊഴിയിലും വിഴിഞ്ഞത്തും തുറമുടക്കിക്കൊണ്ട് മത്സ്യത്തൊഴിലാളികൾ വള്ളങ്ങൾ ഇറക്കി കടൽ ഉപരോധിച്ചു. വിവിധയിടങ്ങളിൽ ഇടവകകളുടെ നേതൃത്വത്തിൽ ബൈക്ക് റാലിയോടുകൂടി ആരംഭിച്ച കരയിലെ പ്രക്ഷോഭത്തിൽ ആയിരക്കണക്കിന് ജനങ്ങളാണ് പങ്കെടുത്തത്. പോലീസിന്റെ ബാരിക്കേഡുകൾ തള്ളി നീക്കി ജനങ്ങൾ തുറമുഖത്തിനുള്ളിലേക്കിരച്ചു കയറി. വലിയതുറ, കോവളം, പുല്ലുവിള ഫെറോനകൾ മുല്ലൂർ കേന്ദ്രീകരിച്ച് കര സമരത്തിന് നേതൃത്വം നൽകിയപ്പോൾ തുറമുഖ പദ്ധതി പ്രദേശമായ വിഴിഞ്ഞം നിവാസികളും പൂന്തുറയിലെ ജനങ്ങളും വള്ളങ്ങൾ ഇറക്കി കടൽ മാർഗ്ഗം ഉപരോധിച്ചു. ജൂലൈ 21 ന് സെക്രട്ടറിയേറ്റിനു മുന്നിൽ ആരംഭിച്ച മത്സ്യത്തൊഴിലാളികളുടെ അവകാശ സമരം വിവിധ ഘട്ടങ്ങളിലൂടെ കടന്ന് 100 ദിവസങ്ങൾ പിന്നിട്ടിരിക്കുന്ന സാഹചര്യത്തിൽ മുല്ലൂരിലും മുതലപ്പൊഴിയിലും ബഹുജന കൺവെൻഷൻ നടന്നു. പുതുക്കുറിച്ചി,അഞ്ചുതെങ്ങ് ഫെറോനകളുടെ നേതൃത്വത്തിൽ മുതലപ്പൊഴി ഭാഗത്തെ കടലും കരയും ഉപരോധിച്ചു. അദാനി കമ്പനി കല്ലുകൾ ഇറക്കുന്ന പ്രദേശവും സമരക്കാർ ഉപരോധിച്ചു. ഞങ്ങൾക്ക് നഷ്ടപ്പെട്ട വീടുകൾ, തൊഴിലിടങ്ങൾ, തൊഴിലുകൾ ഇവയൊക്കെ തിരിച്ചു കിട്ടണം. മത്സ്യത്തൊഴിലാളിയെന്നത് ഒരു വംശത്തിന്റെ പേരാണ്. തൊഴിലിന്റെയും ജീവിതത്തിന്റെയും പേരാണ്. വർഗീയവാദം പറഞ്ഞതുകൊണ്ടോ തീവ്രവാദം പറഞ്ഞതുകൊണ്ടോ ഞങ്ങളെ പിന്തിരിപ്പിക്കാനാവില്ല. ഞങ്ങൾ 7ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഇതുന്നയിക്കാൻ ഭരണനേതാക്കൾ തന്നെയാണ് ഞങ്ങളെ പ്രേരിപ്പിച്ചതെന്നാണ് പ്രതിഷേധത്തിനായി ഒരുമിച്ചുകൂടിയ ജനങ്ങൾ പറഞ്ഞു. കടലിലെ സമരം മോൺ. നിക്കോളാസ് ടി യും കരസമരം വിളപ്പിൽശാല സമര നായകൻ ബുർഹാനും ഉദ്ഘാടനം ചെയ്തു. മത്സ്യതൊഴിലാളികളുമായി ചർച്ചചെയ്ത് പ്രശ്നങ്ങൾ പരിഹരിക്കാൻ മുഖ്യമന്ത്രി തയ്യാറാകണമെന്ന് മോൺ. നിക്കോളാസ് ആവശ്യപ്പെട്ടു. ജീവിക്കാനുള്ള അടിസ്ഥാനപരമായ ആവശ്യങ്ങൾക്ക് വേണ്ടിയാണ് പാവപ്പെട്ടവർ കഴിഞ്ഞ 100 ദിവസങ്ങളായി സമരം ചെയ്യുന്നത്. പക്ഷേ മുഖ്യമന്ത്രി അവരെ അവഗണിക്കുകയാണ്. പുരോഹിതന്മാർ സമര രംഗത്തിറങ്ങുന്നത് ഞങ്ങൾ മത്സ്യത്തൊഴിലാളികളുടെ മക്കളായതുകൊണ്ടാണ്. സിനിമാതാരം അലൻസിയർ സമരത്തെ അഭിസംബോധനചെയ്ത് സംസാരിച്ചു. ഇടതുപക്ഷ സർക്കാരിൽ നിന്ന് ഇത്തരം ഒരു നടപടി ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല എന്ന് അദ്ദേഹം പറഞ്ഞു. എല്ലാ രാഷ്ട്രീയക്കാരും ഭരണാധികാരികളും അദാനിയുടെയും അംബാനിയുടെയും വാക്കുകേട്ട് ജീവിക്കുന്നവരാണെന്ന് ബോധ്യമായി. നമ്മുടെ മണ്ണെല്ലാം അവർ കവർന്നെടുക്കുകയാണെന്ന് അദ്ദേഹം ആരോപിച്ചു. തിരുവനന്തപുരം അതിരൂപത വികാരി ജനറൽ മോൺ. യൂജിൻ പെരേര, കവിയും പരിസ്ഥിതി പ്രവർത്തകനുമായ ഇഞ്ചക്കാട് ബാലചന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു. 73 ദിവസങ്ങളായി വിഴിഞ്ഞത്ത് കേരളം കാണുന്നത് സമാനതകളില്ലാത്ത സമരമാണ്.

# ർഗ്ഗവും ഉപരോധിച്ച് മത്സ്യത്തൊഴിലാളികൾ



പോലീസ് ബാരിക്കേടുകൾ തകർത്ത സമരസമിതി പ്രവർത്തകർ പലതവണ പദ്ധതി പ്രദേശത്ത് പ്രവേശിച്ചു. എന്നിട്ടും മത്സ്യത്തൊഴിലാളികളുടെ ദയനീയ അവസ്ഥയെ മനസ്സിലാക്കാത്ത ഭരണാധികാരികളോട് ശക്തമായ സമരമുറകൾ ഇറക്കി പൊരുതാൻ തന്നെയാണ് കടൽ ജനതയുടെ തീരുമാനം.

## കടലിൽ വള്ളം കത്തിച്ച് പ്രതിഷേധിച്ച് കടലിൻമക്കൾ

മത്സ്യത്തൊഴിലാളികളുടെ അതിജീവന സമരത്തിന്റെ നൂറാം ദിന പ്രക്ഷോഭത്തിൽ കടലുപരോധിച്ച മത്സ്യത്തൊഴിലാളികൾ കടലിൽ വള്ളം കത്തിച്ച് പ്രതിഷേധിച്ചു. തങ്ങളുടെ ജീവനും ജീവിതത്തിനും വെല്ലുവിളിയാകുന്ന തുറമുഖ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്ന ഭരണകർത്താക്കളും ഇതു തന്നെയല്ലേ ലക്ഷമിടുന്നതെന്ന ചോദ്യമുയർത്തിക്കൊണ്ടാണ് മത്സ്യത്തൊഴിലാളികൾ വള്ളം കത്തിച്ചത്. ജീവനും ജീവനോപാദികളും സംരക്ഷിക്കപ്പെടണമെന്നാവശ്യപ്പെട്ടുകൊണ്ട് മത്സ്യതൊഴിലാളികൾ നയിക്കുന്ന സമരം 100 ദിവസം പിന്നിട്ടിട്ടും സമരത്തിലൂടെ മുന്നോട്ടുവയ്ക്കുന്ന ഏഴ് ആവശ്യങ്ങളിൽ ഒന്നിൽ പോലും ശാശ്വതമായ പരിഹാരം നടപ്പിലാക്കാൻ ഇതുവരെയും ഭരണകർത്താക്കൾക്കായിട്ടില്ല.

# പൊതുനിരത്തിൽ പ്രതിഷേധത്തിര



തലസ്ഥാന നഗരിയിലെ പ്രധാന നിരത്തുകളിൽ മത്സ്യത്തൊഴിലാളികളുടെ പ്രതിഷേധത്തിര. സ്ത്രീകളും കുട്ടികളുമടങ്ങുന്ന വൻജനാവലിയാണ് അതിരൂപത ആഹ്വാനം ചെയ്ത പ്രതിഷേധത്തിനായി നിരത്തുകളിൽ അണിനിരന്നത്. മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന ആവശ്യങ്ങൾക്ക് നേരെ മുഖം തിരിക്കുന്ന സർക്കാർ സംവിധാനങ്ങളുടെ നിഷേധാത്മക നിലപാടിനെതിരെയാണ് മത്സ്യത്തൊഴിലാളികൾ ദീർഘനാളുകളായി സമരം ചെയ്യുന്നത്. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ ആറ്റിങ്ങൽ, സ്റ്റേഷൻകടവ്, ചാക്ക, തിരുവല്ലം, വിഴിഞ്ഞം, പൂവാർ, ഉച്ചക്കട, സെക്രട്ടറിയേറ്റ് എന്നിവിടങ്ങളിലെ പ്രധാന പാതകൾ ഉപരോധിച്ചു. വികസനത്തിന്റെ പേരിൽ തങ്ങളുടെ ജീവനും ജീവനോപാധികളും കണ്മുന്നിൽ ഇല്ലാതാകുന്ന ദുരവസ്ഥ ഇനി സഹിക്കാനാവില്ലെന്ന വേദന പങ്കുവച്ചുകൊണ്ടാണ് തീരത്തെ സ്ത്രീ-പുരുഷ സമൂഹം സമരത്തിലണിനിരന്നത്. ജീവിതം നഷ്ടപെട്ട, ജീവനോപാധികൾ നഷ്ടപ്പെട്ട ജനതയുടെ കണ്ണീരിന് ഒരുത്തരം പറയണമെന്ന ചോദ്യവുമായി വൈദിക സമൂഹവും ജനങ്ങൾക്കൊപ്പം പ്രതിഷേധത്തിൽ അണിനിരന്നു. ഓരോയിടങ്ങളിലും അതാത് പ്രദേശങ്ങളിൽ നിന്നുള്ള ഫൊറോനാ വൈദികരും സന്യസ്ഥരും സമരത്തിന് നേതൃത്വം നൽകി. രാവിലെ എട്ടു മണിമുതൽ വൈകുന്നേരം 3 മണിവരെയാണ് റോഡ് ഉപരോധിച്ചത്. മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി സമരസമിതി ഉന്നയിച്ച ഏഴ് ആവശ്യങ്ങളിൽ ഒന്നിൽ പോലും അനുകൂലമായ നിലപാട് സർക്കാരും മന്ത്രി സഭ ഉപസമിതിയും ഉറപ്പുതരാൻ തയ്യാറാവാത്ത സാഹചര്യത്തിലാണ് അതിജീവന സമര വിജയത്തിനായി തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ ജനങ്ങളൊന്നടങ്കം പ്രതിഷേധവുമായി നിരത്തുകളിലിറങ്ങിയത്.

# കടലും കാടും മലനിരകളും വരും തലമുറയ്ക്കായ്



വിഴിഞ്ഞം സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ച് കലാസാംസ്കാരിക സംഘടനകൾ. സംസ്ഥാനത്തെ എല്ലാ ജില്ലാഭരണ കേന്ദ്രങ്ങളിലും ജില്ലാ ഐക്യദാർഢ്യ സമിതിയുടെ നേതൃത്വത്തിൽ ബഹുജനധർണ നടത്തി. തിരുവനന്തപുരം സെക്രട്ടറിയേറ്റിനു മുന്നിൽ ആരംഭിച്ച ഐക്യദാർഢ്യ പരിപാടിയിൽ ചിത്രപ്രദർശനവും, ചിത്രരചനയും, വിവിധ കലാപരിപാടികളും സംഘടിപ്പിച്ചു. വിഴിഞ്ഞം പദ്ധതി കോവിഡിനേക്കാൾ വിനാശകരമാണെന്നും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നയങ്ങൾ ഒരുപോലെ വിനാശകരമാണെന്നും പരിസ്ഥിതി പ്രവർത്തക കെ.ജി.താര ഐക്യദാർഢ്യം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിച്ചു. ലോകത്തിലേറ്റവും ജനസാന്ദ്രതയുള്ള തീരം കേരളത്തിലേതാണ്. ഇവിടെയൊരു നിർമ്മാണം നടത്തുന്നതിന് മുൻപ് ശ്രദ്ധാപൂർവ്വമായ പഠനം നടത്തുകയെന്നത് നിർണ്ണായകമാണെന്നും, ഈ സമരങ്ങളിലൊക്കെ സ്ത്രീകൾ കടന്നു വരികയും അത് തുടരുകയും ചെയ്യുന്നത് വിഴിഞ്ഞം സമരത്തിന് ഊർജമാണെന്നും ശ്രീമതി താര അഭിപ്രായപ്പെട്ടു. സാഹിത്യകാരൻ വിനു എബ്രഹാമിനൊപ്പം വിവിധ സാമൂഹിക കലാ സാംസ്കാരിക സംഘടനകളിലെ പ്രതിനിധികളും ഏകത പരിഷത്ത് പോലുള്ള സാമൂഹ്യ സംഘടനകളും കലാസാംസ്കാരിക കൂട്ടായ്മയ്ക്ക് പിന്തുണയുമായി എത്തി. ആലപ്പുഴ ജില്ലാ സമിതിയുടെ നേതൃത്വത്തിൽ നടന്ന സമ്മേളനം ബിഷപ് ഡോ. ജെയിംസ് റാഫേൽ ആനാപറമ്പിൽ ഉദ്ഘാടനം ചെയ്തു. വിഴിഞ്ഞം സമരത്തിന്റെ ജനകീയ പിന്തുണയ്ക്ക് മുന്നിൽ സർക്കാർ തലകുനിക്കേണ്ടിവരുമെന്നും, ജനശക്തിക്ക് മുന്നിൽ തലകുനിക്കാത്ത ഭരണാധികാരികൾ ഒരു കാലത്തും ദീർഘകാലം ഭരിച്ചിട്ടില്ലെന്നും പ്രമുഖ മനുഷ്യാവകാശ പ്രവർത്തകനും ഗാന്ധിയനുമായ പ്രൊഫ.എം പി. മത്തായി കാക്കനാട് ചേർന്ന ധർണ്ണയിൽ അഭിപ്രായപ്പെട്ടു. പത്തനംതിട്ടയിൽ ചേർന്ന പ്രതിഷേധ ധർണ്ണ ബിഷപ്പ് സാമുവൽ ഐറേനിയസ് ഉദ്ഘാടനം ചെയ്തു. കണ്ണൂരിൽ നടന്ന പ്രകടനത്തിൽ മോൺ. ക്ളാരൻസ് പാലിയത്ത്, ആന്റണി നെറോണ എന്നിവരും സന്നിഹിതരായി. തൃശൂർ ജില്ലാ സമിതിയുടെ നേതൃത്വത്തിൽ നടന്ന സമ്മേളനത്തിൽ വൻ ജനാവലിയാണ് പങ്കെടുത്തത്.

# ലോഗോസ് ആപ്പ് വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു



ഈ വർഷത്തെ ലോഗോസ് ആപ്പ് സമ്മാനങ്ങൾ തിരുവനന്തപുരം അതിരൂപത അദ്ധ്യക്ഷൻ തോമസ് നെറ്റോ പിതാവിൽ നിന്നും വിജയികൾ ഏറ്റുവാങ്ങി. പുതുതലമുറയിലുള്ളവർക്ക് അവരുടെ ഭാഷയിലും, മീഡിയയുടെ എല്ലാവിധ സാങ്കേതികവിദ്യകൾ വിനിയോഗിച്ചുകൊണ്ടും ദൈവവചനത്തോട് താല്പര്യമുണർത്താനും ലോഗോസ് ക്വിസ്സ് അഞ്ചാംപതിപ്പിലൂടെ സാധിച്ചുവെന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരം അതിരൂപതയിലെ പൂന്തുറ ഇടവക അംഗമായ കാൽവിനോ കാർനെറ്റ് ആണ് ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്. വവ്വാമൂല ഇടവകാംഗം ഗ്രേസി തോമസ് രണ്ടും, പൂഴിക്കുന്ന് ഇടവക അംഗമായ റീജ സി മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഫിജി ബെയ്സിൽ പെരേര, റീനു സിൽവസ്റ്റർ, അജു മാത്യു, കെസിയ ജോൺസൺ, ബീന ജോൺസൺ, കെസിയ മാർഗരറ്റ്, ജ്യോതി എൽ, എന്നിവരാണ് കൂടുതൽ സ്കോർ കരസ്ഥമാക്കിയ ആദ്യ 10 പേർ. ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ചുകൊണ്ട് ഓവറോൾ സ്ഥാനം കരസ്ഥമാക്കിയ പൂന്തുറ ഇടവകക്ക് ഫലകം നൽകി. വെള്ളയമ്പലം ടി എസ് എസ് എസ് ഹാളിൽ സംഘടിപ്പിച്ച പരിപാടിയിലാണ് സമ്മാനങ്ങൾ നൽകിയത്. 2017 ൽ ആരംഭിച്ച ആപ്പിൽ ഒരോ വർഷവും ആയിരക്കണക്കിനു പേരാണ് ലോകത്തിലെ വിവിധ ഭാഗങ്ങളിലിരുന്ന് ലോഗോസ് ക്വിസ്സിന് മത്സരിക്കുന്നത്. അതിരൂപത മീഡിയ കമ്മീഷൻ എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ദീപക് ആന്റോ അധ്യക്ഷത വഹിച്ച പരിപാടിയിൽ ബ്രദർ സാലു സിൽവയ്യൻ, ഷാജി ജോർജ്ജ്, മീഡിയ കമ്മീഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് സെക്രട്ടറി സതീഷ് ജോർജ് എന്നിവർ സന്നിഹിതരായിരുന്നു.

**സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ**

# 50-ാം വാർഷിക സമ്മേളനവും ഒസ്സാനാം സ്നേഹഭവന്റെ അടിസ്ഥാനശില ആശീർവാദവും




സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ ഗോൾഡൺ ജൂബിലി വാർഷിക സമ്മേളനം തിരുവനന്തപുരം അതിരൂപത മെത്രാപ്പൊലീത്ത ഡോ. തോമസ് ജെ.നെറ്റോ, വെട്ടുകാട് ക്രൈസ്റ്റ് ദി കിംഗ് കമ്മ്യൂണിറ്റി ഹാളിൽവച്ച് ഉദ്ഘാടനം ചെയ്തു. തുടർന്ന് വെട്ടുതുറയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഗോൾഡൺ ജൂബിലി സ്മാരക മന്ദിരമായ ഒസ്സാനാം സ്നേഹഭവന്റെ അടിസ്ഥാന ശിലാ ആശീർവാദം നിർവഹിച്ചു.

സെൻട്രൽ കൗൺസിൽ ആഴാകുളത്ത് പുരുഷന്മാർക്കുമാത്രമായി നടത്തിവരുന്ന ഒസ്സാനാം കാരുണ്യഭവൻ മാതൃകാപരമായി നടത്തിവരുന്നതുപോലെ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട ആരാലും അഭയമില്ലാത്ത അമ്മമാർക്കും സഹോദരിമാർക്കുമായി നിർമിക്കാൻ ഉദ്ദേശിക്കുന്ന 'സ്നേഹഭവൻ' എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരും ഏക മനസോടെ എത്രയും വേഗം പൂർത്തീകരിക്കണമെന്നും അങ്ങനെ നമ്മുടെ രൂപതയിൽ ഒരു അമ്മയോ, സഹോദരിയോ തലചായ്ക്കാൻ ഇടമില്ലാതെ വേദനിക്കാൻ പാടില്ലെന്നും ഡോ. തോമസ് ജെ. നെറ്റോ പറഞ്ഞു.

തിരുവനന്തപുരം ലാറ്റിൻ സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്രദർ ഡി. ഫ്രാൻസിസ് യോഗത്തിന്റെ അധ്യക്ഷത വഹിക്കുകയും സ്നേഹഭവനുവേണ്ടി സ്ഥലം അനുവദിച്ച പിതാക്കന്മാർക്ക് നന്ദി അർപ്പിക്കുകയും ചെയ്തു. നാഷണൽ കൗൺസിൽ പ്രസിഡന്റ് ബ്രദർ എസ്.ജൂഡ് മംഗൾരാജ്, ആദ്ധ്യാത്മിക ഉപദേഷ്ടാവ് ഫാ. ജോസഫ് ബാസ്റ്റിൻ, വെട്ടുകാട് ഇടവക വികാരി ഡോ. ജോർജ് ഗോമസ്, കെആർസിസിയുടെ യൂത്ത് കോ-ഓർഡിനേറ്റർ ബ്രദർ പോളച്ചൻ, സിസ്റ്റർ അനീറ്റ കൊപ്പാണ്ടിശ്ശേരി തുടങ്ങിയവർ പ്രസംഗിച്ചു. 27 മുൻ സി.സി.പ്രസിഡന്റുമാരെ ആദരിക്കുകയും 17 ഏരിയ കൗൺസിലിൽ നിന്നുമുള്ള ക്യാൻസർ രോഗികൾക്കുള്ള ചികിത്സാ സഹായം നൽകുകയും ചെയ്തു. ഡിസിസി സീനിയർ വൈസ് പ്രസിഡന്റ് ബ്രദർ ഡൈനീഷ്യസ് പെരേര സ്വാഗതം ആശംസിച്ചു. സെക്രട്ടറി ബ്രദർ ലോറൻസ് ടി.ജെ.റിപ്പോർട്ടും, ട്രഷറർ ബ്രദർ ബർക്കുമാൻസ് ടി. വാർഷിക കണക്ക് അവതരിപ്പിക്കുകയും ചെയ്തു. വൈസ് പ്രസിഡന്റ് ബ്രദർ എസ്.ആൽബർട്ട് കൃതജ്ഞത അർപ്പിച്ചു.



*പരുത്തിയൂർ ഇടവകയിൽ കളികളിലൂടെയും ചിരികളിലൂടെയും ക്രിസ്തുവിനെ അടുത്തറിയവാൻ സഹായിക്കുന്ന 'കുഞ്ഞുമാലാഖക്കൂട്ടം' കൂട്ടായ്മയുടെ ഒന്നാം വാർഷികം ആഘോഷിച്ചു. 400 ഓളം കുട്ടികൾ പങ്കെടുത്തു.*

## 10-ാം ചരമവാർഷികം



**ത്രേസ്യാ പ്രകാശി**

**പുതിയതുറ**

ജനനം 4.7.1922

മരണം 14.11.2012

*പ്രാർത്ഥനയോടെ,*

**ദുഃഖിതരായ കുടുംബാംഗങ്ങൾ**

നീർച്ചാൽ

# പുനരുത്ഥാനത്തിന്റെ രഹസ്യം

**ആണ്ടുവട്ടം 32-ാം ഞായർ (നവം. 6)** 2 മക്ക. 7,1-2, 9-14. 2 തെസ. 2, 16-3, 5. ലൂക്ക. 20, 27-38

**ഫാ. വർഗീസ് ജോസഫ്**

ദൈവത്തിൽ ആശ്രയിക്കുക എന്നതാണ് പ്രധാനം. ഭൂമിയിലെ ബന്ധങ്ങളെക്കാളും സ്വർഗത്തിലെ ബന്ധങ്ങളെ ചേർത്ത് പിടിക്കണം. അത് സ്വർഗീയ ഇടപെടലാണ്. ആ ഇടപെടൽ കുറച്ചുകൂടി ജീവനുള്ളവരാക്കി നമ്മെ തീർക്കും.

എല്ലാം അവസാനിച്ചു എന്നുചിന്തിക്കുന്ന മാസമല്ല, എല്ലാം പുതുതായി തുടങ്ങുന്നു എന്ന് മനസ്സിലാക്കേണ്ട മാസമാണ് നവംബർ. മരണത്തോടെ എല്ലാം തീർന്നുവെന്ന് ചിന്തിച്ച് തളരേണ്ട മാസമല്ല, പുനരുത്ഥാനമുണ്ട് എന്ന് ഉറപ്പിക്കേണ്ട മാസമാണ്. ഉത്ഥാനത്തിൽ വിശ്വാസമില്ലാത്ത സദുക്കായരുടെ, അതിശയോക്തികലർന്ന ചോദ്യവും ഉത്തരവുമാണ് ഇന്നത്തെ സുവിശേഷം.

പുരോഹിതഗണമാണ് സദുക്കായർ. പ്രധാന പുരോഹിതഗണത്തെ അംഗീകരിക്കുന്ന ഇവർ സാമ്പത്തികമായും രാഷ്ട്രീയപരമായും ഏറെ ബന്ധപ്പെട്ടുനിൽക്കുന്നു. പഞ്ചഗ്രന്ഥി മാത്രമായിരുന്നു അവർ വിശ്വസിച്ചിരുന്ന ഗ്രന്ഥം. അവർ പുനരുത്ഥാനത്തെ അവഗണിച്ചു, കാരണം പഞ്ചഗ്രന്ഥിയിൽ പുനരുത്ഥാനത്തെ പ്രതിപാദിക്കുന്നില്ല. എന്നാൽ ഫരിസേയർ കൂടുതൽ മതാധിഷ്ഠിതരും രാഷ്ട്രീയകാര്യങ്ങളിൽ താല്പര്യക്കുറവുള്ളവരുമാണ്. അവർ പഞ്ചഗ്രന്ഥിയേയും പ്രചാവക ഗ്രന്ഥത്തെയും അംഗീകരിച്ചു.

പഴയനിമത്തിന്റെ ആദ്യപകുതിയിൽ മനസ്സിലാക്കാൻ സാധിക്കുന്ന ഒരു കാര്യമുണ്ട്. മനുഷ്യർ തുടർന്നും ജീവിക്കുന്നത് അവരുടെ മക്കളിലൂടെയാണ്. യാക്കോബിനോട് ദൈവം പറഞ്ഞു, നിന്റെ സന്തതികൾ ഭൂമിയിലെ പൂഴിപോലെ എണ്ണമറ്റവരായിരിക്കും (ഉത്ത. 28:14). അതുകൊണ്ടുതന്നെ പുതിയ നിയമത്തിന്റെ ആരംഭത്തിൽ പുനരുത്ഥാനത്തെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. എന്നാൽ ജോബിന്റെ പുസ്തകം മുതൽ ഈ പ്രതിപാദനം നൽകപ്പെട്ടിട്ടുണ്ട്. ജോബ് 19:26; സങ്കീർ. 16:10; 49:15; ഏശ25:8, 26:16-9. തുടർന്ന് പുതിയ നിയമത്തിൽ ക്രിസ്തുനാഥന്റെ പുനരുത്ഥാനത്തെക്കുറിച്ചുള്ള വാക്കുകൾ ഉറപ്പുനൽകുന്നതാണ്. ക്രിസ്തുപറഞ്ഞു: ഏകസത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ. പൗലോസ് അപ്പോസ്തലൻ പറഞ്ഞു: ഇതാ, ഞാൻ നിങ്ങളോട് ഒരു രഹസ്യം പറയുന്നു: നാമെല്ലാവരും നിദ്രപ്രാപിക്കുക (1 കോറി 15:51) ഉത്ഥാനം ഉണ്ടെന്ന ഉറപ്പുതന്നെയാണ് ക്രൈസ്തവ ജീവിതത്തിന്റെ വിശ്വാസം.

പുനഃരുത്ഥാനവുമായി ബന്ധപ്പെട്ട പ്രസക്തമായ ചോദ്യം ചോദിക്കപ്പെടുന്നുണ്ട്. പുനരുത്ഥാനത്തിൽ, അവൾ അവരിൽ ആരുടെ ഭാര്യയായിരിക്കും? നിയമാവർത്തന 25:5-6 വാക്യങ്ങളിൽ തന്നെ അതിന്റെ ഉത്തരമുണ്ട്. സഹോദരന്മാർ ഒരുമിച്ചു താമസിക്കുമ്പോൾ അവരിലൊരാൾ പുത്രനില്ലാത്ത മരിച്ചുപോയാൽ അവന്റെ ഭാര്യ അന്യനെ വിവാഹം ചെയ്തുകൂടാ. ഭർത്താവിന്റെ സഹോദരൻ അവളെ പ്രാപിക്കുകയും ഭാര്യയായി സ്വീകരിച്ച് ഭർത്ത്യ-സഹോദരധർമ്മം നിർവഹിക്കുകയും ചെയ്യ

ണം. ഇത് വിവാഹവുമായി ബന്ധപ്പെട്ട നിയമമാണ്. ഈ നിയമത്തിന് അതീതമായി ക്രിസ്തുപറഞ്ഞു: വരാനിരിക്കുന്ന യുഗത്തിൽ വിവാഹം ചെയ്യുകയോ ചെയ്തുകൊടുക്കുകയോ ഇല്ല (ലൂക്ക. 20:35).

മരണത്തിനും പുനരുത്ഥാനത്തിനും അതീതനാണ് ദൈവം. അതുകൊണ്ട് മരിച്ചവരുടെയല്ല; ജീവിച്ചിരിക്കുന്നവരുടെ ദൈവമാണ് നമ്മുടേത് (ലൂക്ക. 20:39). ഈ ദൈവത്തിൽ ആശ്രയിക്കുക എന്നതാണ് പ്രധാനം. ഭൂമിയിലെ ബന്ധങ്ങളെക്കാളും സ്വർഗത്തിലെ ബന്ധങ്ങളെ ചേർത്ത് പിടിക്കണം. അത് സ്വർഗീയ ഇടപെടലാണ്. ആ ഇടപെടൽ കുറച്ചുകൂടി ജീവനുള്ളവരാക്കി നമ്മെ തീർക്കും. ■

# ക്ഷണികനായ മനുഷ്യനും നിത്യനായ ദൈവവും

**ആണ്ടുവട്ടം 33-ാം ഞായർ (നവം. 13)** മലാ. 3, 19-20 a; സങ്കീ. 98, 5-6. 7-8.9. 2 തെസ. 3, 7-12. ലൂക്ക. 21, 5-19

**ഫാ. ഡൈസൻ**

ഈ ലോകത്ത് എല്ലാം അഴിഞ്ഞില്ലാതാകുമ്പോൾ അഴിയാത്ത ആത്മാവിനെ രക്ഷപ്പെടുത്തുവാൻ വേണ്ടിയുള്ള അദ്ധ്വാനമാണ് വേണ്ടത്! ആത്മരക്ഷക്ക് രണ്ട് കാര്യങ്ങൾ അനിവാര്യമാണ്.

**ജീ**വിതത്തിന്റെ ക്ഷണികതയെ ബോധ്യപ്പെടുത്തുവാൻ ഗുരു ശിഷ്യനെ മഞ്ഞുതുള്ളികളിലേക്ക് നയിച്ചു. എന്നിട്ട് അവന്റെ കാതുകളിൽ മന്ത്രിച്ചു; ജീവിതം ഇലത്തുമ്പിലെ മഞ്ഞുതുള്ളിപോലെയാണ്. ഒരു ചെറുതെന്നൽ വരുന്നു അതു പൊഴിയുകയും ചെയ്യുന്നു. സൂര്യൻ ഉദിക്കുന്നു. അത് അപ്രത്യക്ഷമാകുകയും ചെയ്യുന്നു. മനുഷ്യരായ നമ്മൾ അറിയേണ്ട സത്യം: ഈ ലോകത്ത് നമ്മൾ തിരോഭവിക്കുന്ന, മാഞ്ഞുപോകുന്ന വ്യക്തികളാണ്. ജീവിതദൈർഘ്യം ക്ഷണികമാണ്. ആയുസുള്ള കാലത്ത് ഹെനോക്കിനെപ്പോലെ ദൈവത്തിന്റെ കൂടെ നടക്കാം. യാത്ര അവസാനിക്കുംവരെ വഴി തെറ്റിക്കാനും, വഴി മുടക്കാനും വരുന്ന വ്യാജന്മാരെ തിരിച്ചറിയാൻ ദൈവകൃപ യാചിക്കാം. വഴിയിലെ പ്രതിബന്ധങ്ങളെ അതിജീവിക്കുവാൻ നിത്യനായ ദൈവത്തിൽ ആശ്രയിക്കാം.

**1. ക്ഷണികം**

ഇസ്രായേലിന്റെ ദൈവം ഏകദൈവമാണ്. ആ ദൈവത്തിനുള്ള ഏക ആലയം ജെറുസലേമിലാണ്. യഹൂദ ജനതയ്ക്ക് ജെറുസലേം ദൈവാലയം ആനന്ദവും അഭിമാനവുമാണ്. സങ്കീർത്തകൻ പറയുന്നു: കർത്താവേ അങ്ങേ വാസസ്ഥലം എത്ര മനോഹരം! അന്യസ്ഥലത്ത് ആയിരം ദിവസത്തെക്കാൾ അങ്ങയുടെ ആലയത്തിൽ ഒരുദിവസം ആയിരിക്കുന്നത് കൂടുതൽ അഭികാമ്യം (സങ്കീ 84: 1,10). ഇസ്രായേൽ ജനത്തിന് നന്നായി പണിതൊരുക്കിയ ആലയത്തിൽ പോകുന്ന ചിന്ത പോലും ആനന്ദമാണ് (സങ്കീ 122:1–3).

മനോഹരവും ശ്രദ്ധേയവുമായ ആദ്യ ദേവാലയം സോളമൻ രാജാവാണ് പണികഴിപ്പിച്ചത്. എന്നാൽ ബാബിലോണിയൻ സൈന്യം അതിനെ നശിപ്പിച്ചു. സൈറസ് രാജാവിന്റെ കാലത്ത് പേർഷ്യൻ ഗവർണ്ണറും, ദാവീദ് വംശജനുമായ സെറുബാബേലാണ് രണ്ടാമത്തെ ദേവാലയം പണികഴിപ്പിച്ചത്. ആദ്യ ദേവാലയത്തിനുള്ള ഭംഗിയോ വലിപ്പമോ രണ്ടാമത്തെ ദേവാലയത്തിനില്ലായിരുന്നു. മൂന്നാമത്തെ ദേവാലയം പണിതത് ഹേറോദേസ് രാജാവിന്റെ കാലത്തായിരുന്നു. ഈ ദേവാലയത്തിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്റെ സൗന്ദര്യത്തിൽ ആകൃഷ്ടരായി ജനങ്ങൾ പറഞ്ഞു: ഈ ദേവാലയം വിലയേറിയ കല്ലുകളാലും കാണിക്ക വസ്തുക്കളാലും അലങ്കരിക്കപ്പെട്ടിരിക്കുന്നു വല്ലോ! അവരെ ആശ്ചര്യപ്പെടുത്തികൊണ്ട് യേശു പറഞ്ഞു: നിങ്ങൾ കാണുന്ന ഈ ദേവാലയം കല്ലിൻമേൽ കല്ല് ശേഷിക്കാതെ തകർക്കപ്പെടുന്ന സമയം വരുന്നു. എ.ഡി 70-ലെ ആക്രമണത്തിൽ യേശുവിന്റെ ഈ പ്രവചനം പൂർത്തികരിക്കപ്പെട്ടു. കത്തി നശിച്ച ദേവാലയത്തിൽ നിന്ന് ഉരുകിയൊലിച്ച സ്വർണ്ണം കൈവശമാക്കാൻ റോമൻ പടയാളികൾ ദേവാലയത്തിന്റെ കല്ലുകൾ ഇളക്കി മാറ്റിയിരുന്നു. മനുഷ്യ നിർമ്മിതമായ ദേവാലയംപോലും ശാശ്വതമല്ലെന്ന് യേശു പറയുന്നു. ശാശ്വതമായത് ദൈവവും ദൈവം മനുഷ്യനു നല്കുന്ന ആത്മാവുമാണ്! അതുകൊണ്ടാണ് സഭാപ്രസംഗകൻ ഇപ്രകാരം പറയുന്നത്; മിഥ്യകളിൽ മിഥ്യ, സകലവും മിഥ്യ. സൂര്യനു കീഴേ നടക്കുന്ന

എല്ലാ പ്രവൃത്തികളും മിഥ്യയും പാഴ്‌വേലയുമാണ്.

അമേരിക്കാകാരുടെ അഭിമാനവും സ്വകാര്യ അഹങ്കാരവുമായിരുന്നു ന്യൂയോർക്കിലെ ഇരട്ട ഗോപുരം! അത് നിശ്ശേഷം തകർക്കപ്പെട്ടു. ദൈവത്തിനുപോലും തകർക്കാൻ സാധിക്കില്ലെന്ന അഹങ്കാരത്തോടെ ബ്രിട്ടീഷുകാർ കടലിലിറക്കിയ ടൈറ്റാനിക് എന്ന പടുകൂറ്റൻ കപ്പൽ തകർന്നു തരിപ്പണമായി. ഒരിക്കൽ ലോകത്തെ മുഴുവനും അടക്കി വാണിരുന്ന റോമക്കാരും ബ്രിട്ടീഷ്കാരും ഇന്ന് ചെറുരാജ്യങ്ങളിലൊതുങ്ങി ജീവിക്കുന്നു. കവി പറയുന്നു; 'ഒന്നിനുമില്ല നില ഉന്നതമായ കുന്നുമെന്നല്ലയാഴിയുമൊരിക്കൽ നശിക്കുമോർത്താൽ.' ഈ ലോകത്ത് എല്ലാം അഴിഞ്ഞില്ലാതാകുമ്പോൾ അഴിയാത്ത ആത്മാവിനെ രക്ഷപ്പെടുത്തുവാൻ വേണ്ടിയുള്ള അദ്ധ്വാനമാണ് വേണ്ടത്! ആത്മരക്ഷക്ക് രണ്ട് കാര്യങ്ങൾ അനിവാര്യമാണ്. ഒന്ന് ദൈവസ്നേഹവും, രണ്ട് പരസ്നേഹവും. ദൈവസ്നേഹമെന്ന് പറയുന്നത് ആത്മാവിന് ജീവന്റെ തുടിപ്പുകൾ (ശ്വാസം) നല്കുന്ന വിശ്വാസവും വിശുദ്ധിയുമാണ്. പരസ്നേഹമെന്നു പറയുന്നത് പലവിധ ദുരിതങ്ങളാൽ വീണുപോയ വ്യക്തികളെ എഴുന്നേല്പ്പിക്കാനുതകുന്ന നന്മ പ്രവർത്തനങ്ങളാണ്. ജീവന്റെ പുസ്തകത്തിൽ പേര് ഉറപ്പിക്കാൻ ദൈവസ്നേഹവും പരസ്നേഹവും പ്രാവർത്തികമാക്കാം.

**2. ദൈവത്തിന്റെ വര**

വ്യാജന്മാരുടെ കാലമാണിത്. അങ്ങാടി മുതൽ അരമനവരെ വ്യാജന്മാരുടെ വ്യവഹാരം തുടരുന്നു. വഴിവിളക്കുകളാകേണ്ടവർ വഴിമുടക്കികളാകുമ്പോൾ വഴിയാധാരമാകുന്നത് അവരിൽ വിശ്വസിക്കുന്നവരാണ്. യേശു ഇന്നത്തെ വചനഭാഗത്ത് ഇപ്രകാരം പറയുന്നു: 'ആരും നിങ്ങളെ വഴി തെറ്റിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. എന്തെന്നാൽ പലരും അവൻ ഞാനാണ് എന്നും സമയം അടുത്തുവെന്നും പറഞ്ഞുകൊണ്ട് എന്റെ നാമത്തിൽ വരും. നിങ്ങൾ അവരുടെ പിന്നാലെ പോകരുത്.'

യേശുവിനും നാല്പതു വർഷങ്ങൾക്കുമുൻപ് ജീവിച്ചിരുന്ന ഗലീലയക്കാരനായ യൂദാ ഒരിക്കൽ ഗലീലിയിലെ കുന്നിൽ കയറിനിന്ന് ഒരു പ്രഖ്യാപനം നടത്തി. നൂറ്റാണ്ടുകളായി നിങ്ങൾ പ്രതീക്ഷിക്കുന്ന മിശിഹ വെറെയാരുമല്ല; അത് ഞാനാണ്. ഇത് സ്ഥാപിക്കാൻ അവന് സഹായമായുള്ളത് ചില നുറുങ്ങു മന്ത്രവിദ്യകളാണ്. തന്റെ കൈവശമുള്ള മന്ത്രവിദ്യകൾകൊണ്ട് അദ്ദേഹം ജനങ്ങളുടെ മനം കവർന്നു. തത്ഫലമായി യൂദായ്ക്ക് അനേകം ശിഷ്യന്മാരുണ്ടായി. മഹത്വത്തിന്റെ ഉച്ചഘട്ടത്തിലെത്തിനിന്നപ്പോൾ അദ്ദേഹം വീണ്ടുമൊരു പ്രഖ്യാപനം നടത്തി. മോശ ചെങ്കടലിനെ രണ്ടായി പിളർന്നതുപോലെ ഞാൻ ജോർദ്ദാൻ നദിയെ രണ്ടായി പിളർക്കും.

ജോർദ്ദാൻ നദി രണ്ടായി പിളരുന്നതു കാണാൻ ജനങ്ങൾ തടിച്ചുകൂടി. അവർ നോക്കിനില്ക്കേ യൂദാ തന്റെ മാന്ത്രികദണ്ഡ് ജോർദ്ദാൻ നദിക്കു മേലെ ഉയർത്തി. എന്നാൽ നദി രണ്ടായി പിളർന്നില്ല. കണ്ടുനിന്ന ജനങ്ങൾ അക്ഷമരായി. അവർ കല്ലെറിഞ്ഞു യൂദായെ ഓടിച്ചപ്പോൾ, അവസരത്തിനൊത്ത് ഹേറോദോസിന്റെ പടയാളികളിലൊരുവൻ യൂദായുടെ ശിരസ്സ് മുറിച്ചെടുത്തു. ശിഷ്യന്മാർ യൂദായുടെ ശിരസ്സ് കല്ലറയിൽ സംസ്കരിച്ചു. യൂദാ മരണത്തെ ജയിച്ച് ദാവീദിന്റെ സാമ്രാജ്യം പുന:സ്ഥാപിക്കാൻ വീണ്ടും വരുമെന്ന് ശിഷ്യന്മാർ വിശ്വസിച്ചു. ദിവസങ്ങളും മാസങ്ങളും കഴിഞ്ഞ് ശിഷ്യന്മാർ കല്ലറ തുറന്നു നോക്കിയപ്പോൾ യൂദായുടെ ശരീരം പുഴുക്കൾ തിന്നുതീർത്തിരുന്നു.

ഒരു ക്രിസ്തുശിഷ്യൻ എപ്പോഴും വഴികാട്ടിയാണ്, ഒരിക്കലും അവൻവഴിയല്ല. യഥാർത്ഥ വഴിയായ നസ്രായന്റെ കൂടെ ആയിരുന്നുകൊണ്ട് ആ വഴിയിലേക്ക് ജനങ്ങളെ നയിക്കുന്നവനാണ് ക്രിസ്തുശിഷ്യൻ. വിധിക്കുമ്പോഴും, പരിഹസിക്കുമ്പോഴും പതറിപ്പോകാതെ പുത്രനിൽ പൂർണ്ണമായ വിശ്വാസമർപ്പിക്കുന്നവനാണ് യഥാർത്ഥ ക്രിസ്തുശിഷ്യൻ. മനുഷ്യന്റെ സ്വർഗ്ഗീയയാത്രയിലെ വഴികാട്ടിയായ ക്രിസ്തുശിഷ്യൻ ദൈവം വരച്ചുതരുന്ന വരയിലൂടെ, വഴിയിലൂടെ ജനങ്ങളെ നയിക്കുന്നവനാണ്. അവൻ ഒരിക്കലും വഴിതെറ്റിക്കുന്നവനല്ല. നേർവരയിൽ നിന്ന് അല്പം ചരിഞ്ഞ് നീങ്ങുന്നവനുമല്ല.

ഇന്ന് മനുഷ്യൻ ദൈവം വരച്ചുതരുന്ന വര വിട്ട് സ്വന്തം വരകൾ വരയ്ക്കുന്നു. സ്വന്തം വരകൾ തങ്ങൾക്കു വേണ്ടി വരച്ച സോദോം ഗോമോറോ നിവാസികളുടെമേൽ അഗ്നിയും ഗന്ധകവും അയയ്ക്കപ്പെട്ടു. ദൈവം വരച്ചുതന്ന വരവിട്ട് സ്വന്തം വരകൾ വരയ്ക്കുന്നവരാണ് യേശുവിന്റെ പേരു പറഞ്ഞ് വിശ്വാസികളെ വഞ്ചിക്കുന്നത്. യഥാർത്ഥ വഴികാട്ടികളെ തിരിച്ചറിയാൻ ദൈവാത്മാവിന്റെ പ്രേരണയാൽ ഉൾക്കാഴ്ചയുള്ളവർക്ക് മാത്രമേ സാധിക്കുകയുള്ളൂ. ആയതിനാൽ വെറും കാഴ്ചക്കാർ മാത്രം ആകാതെ ഉൾക്കാഴ്ചയും ഉണർവ്വുമുള്ള അജഗണങ്ങളായി മാറുവാനും വ്യാജന്മാരെ ഉന്മൂലനം ചെയ്യുവാനും നമുക്ക് സാധ്യമാവണം.

**3. ഭയപ്പെടാതിരിക്കാം**

നമുക്ക് ഭയക്കാനുള്ളത് ഭയത്തെ മാത്രമാണെന്ന് റൂസ്സ്‌വെൽറ്റ് പറയുന്നു. ഭയം മനുഷ്യനെ ബാധിക്കുന്ന ഏറ്റവും ഹീനമായ രോഗമാണ്. അത് മനുഷ്യന്റെ ശക്തി കെടുത്തുകയും, ജീവിതത്തെ അഭീമുഖീകരിക്കാനാവാത്തവിധം അവനെ ഒളിസങ്കേതങ്ങളിലേക്ക് തളച്ചിടുകയും ചെയ്യുന്നു (ഉൽപ്പത്തി 3:8). ഭയപ്പെടാതിരിക്കണമെങ്കിൽ നമ്മുടെ നയനങ്ങൾ ചക്രവാളങ്ങളിലേക്ക്, ദൈവത്തിങ്കലേക്ക് ഉയർത്തണം. ഭയത്തെ ഇല്ലാതാക്കുന്ന ദൈവമാണ് മനുഷ്യന്റെ ശക്തിയും, ധൈര്യവും. ദൈവം കൂടെയുള്ള സങ്കീർത്തകൻ പറയുന്നു. മരണത്തിന്റെ നിഴൽ വീണ താഴ്‌വരയിലൂടെ നടന്നാലും എനിക്ക് ഭയമുണ്ടാവുകയില്ല. കാരണം ദൈവമാണ് എന്റെ കൂടെയുള്ളത്. ബാലനായ ദാവീദിന് യുദ്ധവീരനായ ഗോലിയാത്തിനെ കീഴടക്കാൻ സാധിച്ചത് ദൈവം അവനോടുകൂടെയുണ്ടായിരുന്നതുകൊണ്ടാണ്. നമുക്ക് ചുറ്റിലുമുണ്ടാകുന്ന യുദ്ധങ്ങളെയും കലഹങ്ങളെയും പ്രകൃതിദുരന്തങ്ങളെയും മഹാമാരികളെയും, മുന്നോട്ടുള്ള യാത്രയെ ദുസ്സഹമാക്കുന്ന എല്ലാ സംഭവവികാസങ്ങളെയും ഭയക്കാതിരിക്കാൻ

ദൈവത്തിൽ ആശ്രയിക്കാം.

മാഞ്ഞുപോകുന്ന മനുഷ്യനിൽ മായാത്തത് അവന്റെ ആത്മാവ് മാത്രമാണ്. ആത്മാവിനെ വഴിതെറ്റിക്കുന്ന വ്യാജന്മാരിൽ നിന്ന് അകലം പാലിക്കാം. കാരണം അവരുമായുള്ള അടുപ്പം ആപത്താണ്. നിത്യനായ ദൈവത്തോട് നിത്യമായി ഒന്നിക്കുവാനുള്ള യാത്രയിലെ പ്രതിബന്ധങ്ങളെ അതിജീവിക്കാൻ ദൈവത്തിൽ ആശ്രയിക്കാം. ഭയപ്പെടാതെ മുന്നേറാൻ ദൈവത്തെ നെഞ്ചിലേറ്റാം. കാരണം ദൈവം നമ്മെ ശക്തിപ്പെടുത്തുന്നവനാണ്. അവനിലൂടെ നമുക്ക് എല്ലാം ചെയ്യാനും അതിജീവിക്കാനും സാധിക്കും (ഫിലി 4:13). ■

# രാജാവ്

**ആണ്ടുവട്ടം 34-ാം ഞായർ (നവം. 20)** 2 സാമു. 5,1-3; സങ്കീ. 122, 1-2. 4-5. കൊളോ. 1, 12-20, ലൂക്കാ. 23, 35-43

**ഫാ. പ്രബൽ**

**1931**-ൽ ലണ്ടനിൽ വച്ചുനടന്ന വട്ടമേശാ സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ ഗാന്ധിജിയെ കണ്ട് പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിൽ പറഞ്ഞു; 'അർധനഗ്നനായ ഈ ഫക്കീറിന് ഇന്ത്യയിൽ എന്ത് സ്വാധീനമാണുള്ളത്'. വർഷങ്ങൾക്കുശേഷം ഇന്ത്യയുടെ അവസാനത്തെ ബ്രിട്ടീഷ് വൈസ്രോയിയായ മൗണ്ട് ബാറ്റൺ പ്രഭു മതവെറിയിൽ വെന്തുരുകിയ ഇന്ത്യാ-പാക് അതിർത്തി ഗ്രാമങ്ങളിലെ ഗാന്ധിജിയുടെ സാന്നിധ്യത്തെക്കുറിച്ച് പറഞ്ഞത്; 'ബ്രിട്ടീഷ് ഇന്ത്യയുടെ മുഴുവൻ സൈന്യത്തിനും സാധിക്കാത്ത കാര്യം ഗാന്ധിജി എന്ന ഒറ്റയാൾ പട്ടാളത്തിന് സാധിക്കുന്നു' എന്നാണ്. കര, വായു, ജല, ബലം കൊണ്ട് ആർജ്ജിച്ച അധികാരത്തിന്റെ നശ്വരതയെ പരിഹസിക്കുന്ന തിരുനാളാണ് ക്രിസ്തുരാജത്വ തിരുനാൾ.

1925 ൽ പീയൂസ് 11-ാമൻ പാപ്പ ക്രിസ്തുരാജത്വ തിരുനാൾ വിളംബരം ചെയ്തുകൊണ്ട് പ്രഖ്യാപിച്ചു; 'ക്രിസ്തുവിന്റെ ഭരണത്തിൽ ക്രിസ്തുവിന്റെ സമാധാനം' (Pax Christi in Regno Christi). ഒന്നാം ലോകമഹായുദ്ധത്തിന്റെ കെടുതികൾ കാരണം (1914-18) ജനം അസമാധാനത്തിലും അരക്ഷിതാവസ്ഥയിലും തുടർന്ന അവസരത്തിൽ ഈ പ്രഖ്യാപനത്തിന് വളരെ പ്രധാന്യമുണ്ടായിരുന്നു. സർവ ജീവജാലങ്ങളുടെയും മേൽ ആധിപത്യമുള്ളവൻ ദൈവമാണെന്നും ദൈവപുത്രനായ യേശുക്രിസ്തുവിലൂടെയാണ് എല്ലാ സൃഷ്ടികളും നയിക്കപ്പെടുകയും രക്ഷിക്കപ്പെടുകയും ചെയ്യുന്നതെന്നും ഉദ്ബോധിപ്പിച്ച് ക്രിസ്തുരാജത്വ തിരുനാളിന്റെ പ്രാധാന്യം പീയുസ് പാപ്പ വ്യക്തമാക്കി.

> ക്രിസ്തുരാജനെ തീർത്ഥാടനത്തിലൂടെയും മറ്റും അനുധാവനം ചെയ്യുമ്പോൾ മതത്തിന്റെ ചട്ടക്കൂടുകൾക്കുമപ്പുറം ക്രിസ്തുവിനെ രാജാവായി അംഗീകരിക്കുകയാണ്.

2011-ൽ സ്പെയിനിലെ മാഡ്രിഡിൽ വച്ചുനടന്ന യുവജന സമ്മേളനത്തിൽ ബെനഡിക്ട് 16-ാമൻ പാപ്പ ഇപ്രകാരം ഉദ്ബോധിപ്പിച്ചു; "നാം വിശ്വസിക്കുന്നതെന്തോ അത് സുപ്രധാനമാണ്. എന്നാൽ അതിനേക്കാൾ പ്രധാനപ്പെട്ടതാണ് നാം ആരിൽ വിശ്വസിക്കുന്നുവോ, ആ വ്യക്തിയെന്നത്.' യേശുവെന്ന വ്യക്തിയിലുള്ള വിശ്വാസമാണ് നമ്മുടെ ജീവിതത്തിനും ഈ തിരുനാളാഘോഷത്തിനും അർഥം നേടിത്തരുന്നത്. നമ്മുടെയെല്ലാം ഭവനങ്ങളിൽ കുടുംബ പ്രതിഷ്ഠാപ്രാർത്ഥനയിൽ നമ്മൾ ആവർത്തിച്ച് ചൊല്ലുന്ന പ്രാർത്ഥനയാണ്, 'ഞങ്ങളുടെ കുടുംബങ്ങളിൽ അങ്ങ് രാജാവായി വാഴണമേ'യെന്ന്. നമ്മുടെ ഭവനത്തിന്റെ കട്ടിളപ്പടിമേൽ എഴുതിവയ്ക്കും, 'ക്രിസ്തു ഈ ഭവനത്തിന്റെ നാഥൻ'. ക്രിസ്തുരാജനെ തീർത്ഥാടനത്തിലൂടെയും മറ്റും അനുധാവനം ചെയ്യുമ്പോൾ മതത്തിന്റെ ചട്ടക്കൂടുകൾക്കുമപ്പുറം ക്രിസ്തുവിനെ രാജാവായി അംഗീകരിക്കുകയാണ്.

ക്രിസ്തു വരുമ്പോൾ തങ്ങളെ അടിമത്തത്തിൽ നിന്ന് രക്ഷിക്കുമെന്ന വിശ്വാസം ഇസ്രായേൽ ജനത്തിനുണ്ടായിരുന്നു. യേശുവിന്റെ ജനനത്തെക്കുറിച്ച് ഗബ്രിയേൽ ദൂതൻ മറിയത്തിന് അറിയിപ്പ് നൽകുന്നത് ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കും എന്നാണ് (ലൂക്കാ. 1:32). സ്നാപകന്റെ പ്രഭാഷണം ആരംഭിക്കുന്നത് 'മാനസാന്തരപ്പെടുവിൻ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു' എന്നാണ് (മത്താ. 3:2). അപ്പം വർധിപ്പിച്ചു അവരെല്ലാം ഭക്ഷിച്ചു തൃപ്തരായപ്പോൾ ജനങ്ങൾ യേശുവിനെ രാജാവാക്കാൻ ശ്രമിക്കുന്നു (യോഹ. 6:15). സെബദിപുത്രന്മാരുടെ അമ്മ യേശുവിനോട് യാചിക്കുന്നതും

രാജ്യത്തിലെ ഇടതും വലതും സ്ഥാനമാണ് (മത്താ. 20:2). യേശു കഴുതക്കുട്ടിയുടെ പുറത്ത് ജറുസലേമിലേക്ക് പ്രവേശിക്കുമ്പോൾ രാജാവ് എന്നാണ് സംബോധന (മത്താ. 21:5). പിലാത്തോസ് യേശു രാജാവാണോ എന്നു ചോദിക്കുമ്പോൾ, സമാനമായ ചോദ്യമുള്ള ഏവർക്കുമായുള്ള ഉത്തരം, 'അതേ' എന്നാണ് (യോഹ. 18:33).

ഭൗമിക രാജാക്കന്മാരുടെ മനുഷ്യത്വരഹിതമായ പ്രവർത്തികൾക്കുമുമ്പിൽ ക്രിസ്തുരാജൻ അസ്വസ്ഥനാണ്. മനുഷ്യൻ അന്തിയുറങ്ങാൻ വിധിക്കപ്പെട്ട സിമന്റ് തറകളെക്കാളും പ്രാമുഖ്യം കാലിത്തൊഴുത്തുകൾക്ക് നൽകുമ്പോൾ ക്രിസ്തു അസ്വസ്ഥനാണ്, സ്വന്തം ജനത പിറന്നമണ്ണിൽ വെള്ളത്തിൽ മുങ്ങിത്താഴുമ്പോൾ ഭൗമികരാജാക്കന്മാർ അതിന്റെ തിരക്കിലാകുമ്പോൾ ക്രിസ്തുരാജൻ അസ്വസ്ഥനാണ്, ക്രിസ്തുശിഷ്യരെ സമൂഹമാധ്യമങ്ങളിൽ അനാവശ്യമായി പിച്ചിച്ചീന്തുമ്പോൾ ക്രിസ്തു അസ്വസ്ഥനാണ്. സ്വന്തം സഹോദരൻ ജീവിതത്തിനും മരണത്തിനുമിടയിൽ വെന്തുരുകുമ്പോൾ വാട്സ് ആപ്പിലും ഫെയ്സ്ബുക്കിലും സ്റ്റാറ്റസ് ഇട്ട് നിർവൃതികൊള്ളുന്നവരെ ഓർത്ത് ക്രിസ്തുരാജൻ അസ്വസ്ഥനാണ്.

ക്രിസ്തുവിനെ അറിഞ്ഞ, ക്രിസ്തുവിനെ ധരിച്ച, ക്രിസ്തുരാജ്യത്തിലേക്ക് നയിക്കുന്ന, ക്രിസ്തുകേന്ദ്രീകൃതമായി നയിക്കുന്ന ഭൗമികരാജാക്കന്മാർക്കായി ക്രിസ്തുരാജാവിന്റെ ചാരെ പ്രത്യാശയോടെ നമുക്കണയാം.

# ജാഗരൂകതയും ഒരുക്കവും

**ആഗമനകാലം 1-ാം ഞായർ (നവം. 27)** ഏശ. 2, 1-5; സങ്കീ. 122, 1-3, 6-7, 8-9. റോമ. 13, 11-14. മത്താ. 24, 37-44

**ഫാ. ലോറൻസ് കുലാസ്**

> രണ്ടാം വരവിന്റെ ചിന്ത മനുഷ്യനെ കൂടുതൽ കൂടുതൽ നന്മയുടെ പ്രവർത്തനപദത്തിലേക്ക് നയിക്കണം. അതിനായി നമ്മുടെ ഹൃദയത്തെയും കാതുകളെയും ദൈവ ശ്രുതിയിലേക്ക് ഇഴചേർക്കേണ്ടതാണ്.

ആഗമനകാലം ഒന്നാം ഞായറോടുകൂടി സഭയിൽ ആരാധനക്രമമനുസരിച്ച് ഒരു പുതിയ വർഷം ആരംഭിക്കുകയാണ്. പുതിയ ആരാധനാ വർഷത്തിലെ ആദ്യ ഞായറിൽ മനുഷ്യപുത്രന്റെ രണ്ടാം വരവിനെക്കുറിച്ചുള്ള ചിന്തകളാണ് രൂപപ്പെടുന്നത്. ഭാവിയിൽ സംജാതമാകാനിരിക്കുന്ന മനുഷ്യപുത്രന്റെ രണ്ടാംവരവിന് വേണ്ടിയുള്ള വർത്തമാനകാലത്തിന്റെ ഒരുക്കമാണ് ഈ ചിന്തയിൽ അടങ്ങിയിരിക്കുന്നത്. വർത്തമാനകാലത്തിൽ ആവശ്യമായി വരുന്ന ഒരുക്കത്തെ പഴയനിയമത്തിലെ ഒരു സംഭവത്തോടും മറ്റുചില പ്രതീകങ്ങളോടും ചേർത്ത് വച്ചുകൊണ്ടാണ് സുവിശേഷകൻ പ്രതിപാതിക്കുന്നത്. ഇവ നോഹയുടെ കാലഘട്ടത്തിലെ ജലപ്രളയ സംഭവവും (ഉത്പ. 6-9) വയലിൽ ജോലി ചെയ്യുന്ന രണ്ടുപേർ, തിരികല്ലിൽ ജോലിചെയ്തുകൊണ്ടിരുന്ന രണ്ട് സ്ത്രീകൾ, ഭവനഭേദനത്തിനെതിരെ ഉണർന്നിരിക്കുന്ന വീട്ടുടമസ്ഥൻ, തുടങ്ങിയവയുമാണ്. മനുഷ്യപുത്രന്റെ രണ്ടാം വരവിനായി വർത്തമാനകാലത്തിൽ എപ്രകാരമായിരിക്കണം എന്നതിലേക്കാണ് മേൽ സൂചിപ്പിച്ച സംഭവവും പ്രതീകങ്ങളും ശ്രോതാവിനെ നയിക്കുന്നത്. അതിന് മുന്നോടിയായി പഴയനിയമ സംഭവവും പ്രതീകങ്ങളും എന്ത് സൂചിപ്പിക്കുന്നുവെന്ന് താഴെപറയും പ്രകാരം വിലയിരുത്താം.

മനുഷ്യപുത്രന്റെ ആഗമനത്തെ സൂചിപ്പിക്കുവാൻ സുവിശേഷകൻ അവലംബിക്കുന്ന പഴയനിയമ സംഭവം നോഹയുടെ കാലത്തെ ദിവസങ്ങളാണ്. നോഹയുടെ ദിവസങ്ങളിൽ ജലപ്രളയം ആരംഭിക്കുന്നതുവരെ ജനം സാധാരണ ജീവിതശൈലി തുടരുകയായിരുന്നു. ആ ദിവസങ്ങളിൽ സംഭവിക്കാനിരിക്കുന്ന ജലപ്രളയത്തെക്കുറിച്ചോ ദൈവത്തിന്റെ വിധിയെക്കുറിച്ചോ യാതൊരു വിധ ധാരണയും മുന്നറിവും ജനത്തിനുണ്ടായിരുന്നില്ല. നോഹയുടെ കാലത്ത് ജനത്തിന് ജലപ്രളയത്തെക്കുറിച്ച് സൂചനയൊന്നും ലഭിക്കാതിരുന്നതുപോലെ ഇന്നിന്റെ ജനതയ്ക്കും മനുഷ്യപുത്രന്റെ രണ്ടാം വരവിനെക്കുറിച്ച് മുന്നറിവ് ലഭിക്കില്ല. കാരണം ആ കാലഘട്ടത്തിലെ ജലപ്രളയംപോലെ അപ്രതീക്ഷിതമായിരിക്കും മനുഷ്യപുത്രന്റെ ആഗമനവും.

മനുഷ്യപുത്രന്റെ രണ്ടാം വരവുമായി ബന്ധപ്പെട്ട് സുവിശേഷകൻ നല്കുന്ന മൂന്ന് പ്രതീകങ്ങളിൽ ആദ്യരണ്ടെണ്ണം സമാനതകൾ ഉള്ളവയാണ്. രണ്ടുപേർ (പുരുഷന്മാർ) വയലിലും, രണ്ടുപേർ (സ്ത്രീകൾ) തിരികല്ലിലും ജോലിചെയ്യുന്ന പ്രതീകങ്ങളാണ്. ഈ രണ്ട് പ്രതീകങ്ങളിലും ഒരാൾ എടുക്കപ്പെടുകയും മറ്റൊരാൾ അവിശേഷിക്കപ്പെടുകയും ചെയ്യുന്നു. 'എടുക്കപ്പെടുക' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് മനുഷ്യപു

ത്രന്റെ രണ്ടാം വരവിൽ രൂപപ്പെടുന്ന 'രക്ഷിക്കപ്പെട്ടവരുടെ ഗണത്തിൽ' (saved community) ചേർക്കപ്പെടുക എന്നതാണ്. 'അവശേഷിപ്പിക്കപ്പെടുക' എന്നാൽ 'രക്ഷപ്പെട്ടവരുടെ ഗണത്തിൽ' ഉൾപ്പെടുന്നില്ല എന്നതാണ്. അപ്രകാരം ഈ രണ്ട് പ്രതീകങ്ങളും മനുഷ്യപുത്രന്റെ രണ്ടാം വരവിലെ നിർണായകതയെ (decisiveness) സൂചിപ്പിക്കുന്നു. അതായത്, ജനങ്ങൾക്കിടയിൽ സംഭവിക്കുന്ന ഒരു തിരഞ്ഞെടുപ്പ് മനുഷ്യപുത്രന്റെ രണ്ടാം വരവിൽ ഉണ്ട് എന്നതിന്റെ വെളിപ്പെടുത്തലാണ്. മൂന്നാമത്തെ പ്രതീകം വീട്ട് ഉടമസ്ഥൻ കരുതിയിരിക്കാതെ രാത്രിയുടെ ഏത് സമയത്തും കടന്നുവരാനിടയുള്ള കള്ളന്റേതാണ്. കള്ളൻ ഏത് സമയത്തും വരുമെന്ന് വീട്ടുടമസ്ഥന് ഇവിടെ കണക്കുകൂട്ടാൻ കഴിയില്ല. അതുപോലെ മനുഷ്യപുത്രന്റെ ആഗമനം ഏത് സമയത്തായിരിക്കുമെന്ന് ഇന്ന് ഈ കാലഘട്ടത്തിലെ ആർക്കും ഗണിച്ചെടുക്കാൻ കഴിയില്ല.

മേൽ വിശകലനം ചെയ്യപ്പെട്ട സംഭവവും പ്രതീകങ്ങളും മനുഷ്യപുത്രന്റെ രണ്ടാം വരവിൽ വർത്തമാന കാലജനം എപ്രകാരം ആയിരിക്കണം എന്ന് തുടർന്ന് ചിന്തിക്കാൻ സഹായിക്കുന്നു. ഈ അവസരത്തിൽ രണ്ട് കാര്യങ്ങളാണ് തെളിഞ്ഞ് വരുന്നത്: ഒന്ന്, ജാഗരൂഗരായിരിക്കുക (24:42); രണ്ട്, തയ്യാറായിരിക്കുക (24:44). "ജാഗരൂകത" പഴയനിയമത്തിലെ നോഹയുടെ ദിനങ്ങളിലെ സംഭവവുമായും 'തയ്യാറെടുപ്പ്' മൂന്ന് പ്രതീകങ്ങളുമായും ബന്ധപ്പെടുത്താവുന്നതാണ്. അപ്രതീക്ഷിതവും നിഗൂഢവുമായ ജലപ്രളയം നോഹമാത്രം തിരിച്ചറിഞ്ഞതെങ്ങനെ? ജാഗരൂകനായിരുന്നതിനാൽ ദൈവത്തിന്റെ പദ്ധതി നോഹ നേരത്തെ അറിഞ്ഞു. ഇവിടെ ജാഗരൂകതകൊണ്ട് ഉദ്ദേശിക്കുന്നത് ദൈവത്തോടുള്ള നിരന്തരമായ വിശ്വസ്തതയെയാണ്. ദൈവത്തിന്റെ ഹിതം അന്വേഷിച്ച് അവിടുത്തെ നിരന്തരം ശ്രവിക്കുന്നവരാണ് ജാഗരൂകരായിരിക്കുന്നവർ. വയലിലും തിരികല്ലിലും ജോലി ചെയ്തിരുന്ന ഇരുവരിൽ ഒരാൾ മാത്രം 'എടുക്കപ്പെട്ട'തെങ്ങനെ? തങ്ങളുടെ ദൈനംദിന ജീവിതത്തിൽ 'എടുക്കപ്പെട്ടവർ' ഒരുക്കമുള്ളവരായിരുന്നു. മനുഷ്യപുത്രന്റെ രണ്ടാം വരവ് ഏത് സമയത്തും ഉണ്ടാകാമെന്ന് പ്രതീക്ഷിച്ച് ഉണർന്നിരിക്കുന്ന വീട്ടുടമസ്ഥൻ ഒരുക്കത്തിന്റെ ദൃഷ്ടാന്തമാണ്. ജാഗരൂകതയും ഒരുക്കവും ഉള്ള ജനങ്ങളാണ് മനുഷ്യപുത്രന്റെ രണ്ടാം വരവിൽ രക്ഷിക്കപ്പെട്ടവരുടെ ഗണത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർ.



**നവംബർ 20-ാം തീയതി നാമഹേതുക തിരുനാളും 25-ാം തീയതി ജന്മദിനവും പൗരോഹിത്യ സ്വീകരണദിനവും ആഘോഷിക്കുന്ന അഭിവന്ദ്യ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് പിതാവിന് തിരുവനന്തപുരം അതിരൂപതയുടെ പ്രാർത്ഥനാശംസകൾ**

മനുഷ്യപുത്രന്റെ ആഗമനം വരും കാലങ്ങളിൽ എപ്പോഴുണ്ടായാലും ആ സംഭവം മനുഷ്യരുടെ വർത്തമാനകാലജീവിതത്തെ നിശ്ചയമായും സ്വാധീനിക്കേണ്ടതാണ്. മത്തായി സുവിശേഷകന്റെ പശ്ചാത്തലത്തിൽ ഒരു വിശ്വാസിയുടെ ഇന്നിന്റെ ജീവിതശൈലിയെ മൂന്ന് രീതിയിൽ ക്രമപ്പെടുത്താം; ഒന്ന്, കാരുണ്യപ്രവൃത്തികൾ (25:35-46), രണ്ട്, ക്ഷമ (18:21-35), മൂന്ന്, സമാധാനം (10:11-13). ഇപ്രകാരമുള്ള ജീവിതശൈലി രൂപപ്പെടുത്തലാണ് ജാഗരൂകതയുടെയും ഒരുക്കത്തിന്റെയും അടയാളം. മനുഷ്യപുത്രന്റെ വരവും പ്രതീക്ഷിച്ച് നിർവ്വഹിക്കപ്പെടേണ്ട ഉത്തരവാദിത്തങ്ങളിൽനിന്ന് വിമുഖരാകുന്നത് ജാഗരൂകതയുടെയോ ഒരുക്കത്തിന്റെയോ അടയാളമല്ല. രണ്ടാം വരവിന്റെ ചിന്ത മനുഷ്യനെ കൂടുതൽ കൂടുതൽ നന്മയുടെ പ്രവർത്തനപഥത്തിലേക്ക് നയിക്കണം. അതിനായി നമ്മുടെ ഹൃദയത്തെയും കാതുകളെയും ദൈവശ്രുതിയിലേക്ക് ഇഴചേർക്കേണ്ടതാണ്.

വചനജ്വാല

2022 ഡിസംബർ മാസത്തെ ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# ക്രിസ്തുദർശനങ്ങളിൽ വേരൂന്നിയ നവനേതൃത്വം

**ഫാ.ഡാനിയേൽ ആർ.**
ബി.സി.സി. മുൻ എക്സിക്യൂട്ടീവ് സെക്രട്ടറി

**ആമുഖം**

2022 നവംബർ – ഡിസംബർ മാസങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം ഏറെ നിർണ്ണായകമാണ്. ബി.സി.സി., ഇടവക, ഫൊറോന, അതിരൂപതാതലങ്ങളിൽ പുതിയ നേതൃത്വത്തെ തെരഞ്ഞെടുക്കുന്ന കാലഘട്ടമാണിത്. 2017 ൽ വല്ലാർപ്പാടത്തു വച്ച് നടന്ന മിഷൻ കോൺഗ്രസ് – ബി.സി.സി. കൺവെൻഷന്റെ അഞ്ചാം വാർഷികത്തിന്റെ ഭാഗമായി, നമ്മുടെ കുടുംബ കൂട്ടായ്മയെ നാം മാതാവിന്റെ വിമലഹൃദയത്തിന് പ്രതിഷ്ഠിച്ച് പ്രാർത്ഥിക്കുകയാണ്. ഈ പശ്ചാത്തലത്തിലാണ് ആഗതമാകുന്ന നവനേതൃത്വത്തിന്റെ തിരഞ്ഞെടുപ്പിനെ നാം കാണേണ്ടതും അതിനായ് താല്പര്യപൂർവ്വം ഒരുങ്ങേണ്ടതും.

പലപ്പോഴും നമ്മുടെ ബി.സി.സി. കൂട്ടായ്മകളിലേക്കും ശുശ്രൂഷാ സമിതികളിലേയ്ക്കും ഇടവക കൗൺസിലിലേക്കുമുള്ള തിരഞ്ഞെടുപ്പിനെ വേണ്ടത്ര ഗൗരവത്തോടുകൂടി കാണുകയോ അതിനുവേണ്ടി ഒരുങ്ങുകയോ ചെയ്യുന്നില്ല എന്നൊരു നിരീക്ഷണമുണ്ട്. കാരണം നാം താല്പര്യത്തോടും ഗൗരവത്തോടും ഒരുങ്ങുന്നുവെങ്കിൽ ആരും തെരഞ്ഞെടുപ്പ് പ്രക്രിയയിൽ നിന്നും മാറിനിൽക്കില്ല, നിഷ്ക്രിയരായി ഒഴിഞ്ഞുമാറില്ല. മറിച്ച് ഞാൻ അംഗമായിരിക്കുന്ന ബി.സി.സി.യുടെ, ഇടവകയുടെ വളർച്ച എന്റെയും കൂടി ഉത്തരവാദിത്തവും ആവശ്യവുമാണെന്ന് മനസിലാക്കി താല്പര്യപൂർവം തെരഞ്ഞെടുപ്പിൽ പങ്കെടുക്കുകയും മറ്റു

ള്ളവരെ പങ്കെടുക്കാൻ പ്രേരിപ്പിക്കുകയും ചെയ്യും. ഒരുക്കത്തിന്റെ ഭാഗമായി ഓരോ ശുശ്രൂഷാ പ്രതിനിധികളുടെയും ഒപ്പം ബി.സി.സി. യൂണിറ്റ് ഭാരവാഹികളുടെയും ഉത്തരവാദിത്തങ്ങളും കടമയും ശരിയായി മനസിലാക്കാൻ ശ്രമിക്കും. അതിനാൽ ഇന്നത്തെ ബി.സി.സി. യോഗത്തിൽ ആഗതമാകുന്ന തെരഞ്ഞെടുപ്പിന്റെ പ്രാധാന്യത്തെക്കുറിച്ചും ക്രിസ്തീയ നേതൃത്വത്തിന്റെ സവിശേഷതകളെക്കുറിച്ചും നമുക്ക് ചിന്തിക്കാം, ചർച്ച ചെയ്യാം, അതിനായ് പ്രാർത്ഥിക്കാം.

**ദൈവ വചന പാരായണം:**

യോഹ 10, 1-13.

**വചന വിചിന്തനം**

ആഗതമാകുന്ന നേതൃത്വ തെരഞ്ഞെടുപ്പിന്റെ പ്രാധാന്യത്തെക്കുറിച്ചും നേതൃത്വത്തിനുണ്ടായിരിക്കേണ്ട സവിശേഷതകളെക്കുറിച്ചും വ്യക്തമായ ഉൾക്കൊഴ്ച നൽകുന്നതും നമുക്കേവർക്കും സുപരിചിതവുമായ വചനഭാഗമാണ് നാം ഇപ്പോൾ ശ്രവിച്ച നല്ലിടയന്റെ ഉപമ. ക്രിസ്തീയ കാഴ്ചപ്പാടിൽ ആരാണ് ഒരു നേതാവ്, ആരെയാണ് നാം തെരഞ്ഞെടുക്കേണ്ടത്, എന്തിനുവേണ്ടിയാണീ തെരഞ്ഞെടുപ്പ് എന്നീ അടിസ്ഥാന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കുമ്പോൾ അതിന് ഉദാത്ത മാതൃകയും പ്രചോദനവുമായി നിൽക്കുന്നത് നല്ല ഇടയനായ യേശു തന്നെയാണ്. കാരണം, ഇടയദൗത്യം എന്താണെന്ന വ്യക്തമായ ബോധ്യത്തോടും സ്വയാവബോധത്തോടും കൂടി ആധികാരികമായിട്ടാണ് ഞാൻ നല്ല ഇടയനാണെന്ന് യേശു അവകാശപ്പെടുന്നത്.

ഈ പശ്ചാത്തലത്തിൽ ആരാണ് ക്രിസ്തീയ നേതാവ് എന്ന് അന്വേഷിക്കുമ്പോൾ നാം മനസിലാക്കുന്നത് ക്രിസ്തുവാകുന്ന നേതാവിനെ, ഇടയനെ, ശുശ്രൂഷകനെ മാതൃകയാക്കി തന്നെ ഭരമേൽപിക്കപ്പെടുന്ന ജനത്തിനുവേണ്ടി ക്രിസ്തുവിന്റെ കണ്ണുകൾകൊണ്ട് കാണുകയും അവന്റെ കാതുകൾ കൊണ്ട് കേൾക്കുകയും യേശുഹൃദയം കൊണ്ട് മനസിലാക്കുകയും ചെയ്തുകൊണ്ട് അവരെ സമഗ്രമായ വളർച്ചയിലേക്ക് നയിക്കുന്നവനാണ് ക്രിസ്തീയ നേതാവ്. ഇപ്രകാരമുള്ള നേതൃത്വം സ്വായത്തമാക്കണമെങ്കിൽ നേതാക്കൾ ശ്രദ്ധിക്കേണ്ട, പാലിക്കേണ്ട കടമകൾ എന്താണെന്ന് ഈ വചനഭാഗം വ്യക്തമാക്കുന്നു.

i. ഏറ്റവും ആദ്യമായി ഒരാൾ നേതൃത്വത്തിലേക്കു കടന്നുവരേണ്ടത് നേരായ മാർഗ്ഗത്തിലൂടെയായിരിക്കണം എന്നാണ് വചനം ഓർമ്മിപ്പിക്കുന്നത്; അല്ലാതെ കുറുക്കുവഴികളിലൂടെയോ, അപരന്റെ സൽപ്പേര് നഷ്ടപ്പെടുത്തിക്കൊണ്ടോ, കുതികാൽ വെട്ടിക്കൊണ്ടോ ആകരുത്.

ii. തന്നെ ഭരമേൽപ്പിച്ചിരിക്കുന്നവരുടെ സ്വരം ശ്രവിക്കണം. സ്വരം ശ്രവിക്കുക എന്നാൽ തന്റെ യൂണിറ്റ് അംഗങ്ങളുടെ, ഇടവകയുടെ ആവശ്യം എന്താണെന്ന് അറിയണം. അവരുടെ ആവലാതി കേൾക്കാൻ സമയം നൽകണം, താല്പര്യമുണ്ടാകണം.

iii. പേര് ചൊല്ലി വിളിക്കണം. യൂണിറ്റ് ഭാരവാഹിക്കും ഇടവക കൗൺസിൽ അംഗങ്ങൾക്കും തങ്ങളെ തെരഞ്ഞെടുത്ത ജനങ്ങളുമായി വ്യക്തിബന്ധമുണ്ടാകണം. അവരുടെ പശ്ചാത്തലം നന്നായി മനസിലാക്കണം.

iv മുമ്പേ നടന്നുകൊണ്ട് അവരെ നയിക്കണം. സ്വന്തം സുരക്ഷയല്ല, തന്നെ ഭരമേല്പിക്കപ്പെട്ടിരിക്കുന്നവരുടെ സുരക്ഷക്ക് പ്രാധാന്യം നൽകിക്കൊണ്ട് അവർക്ക് വഴികാട്ടിയും മാർഗ്ഗദർശിയുമാകണം. മറ്റുവാക്കുകളിൽ സ്വാർത്ഥത വെടിഞ്ഞുകൊണ്ട് വ്യക്തമായ ദിശാബോധത്തോടെ, സുരക്ഷിത സ്ഥാനത്തേക്ക്, സമഗ്രമായ വളർച്ചയിലേക്ക് അവരെ നയിക്കണം.

v. ജനങ്ങൾ നേതാവിന്റെ സ്വരം കേൾക്കുകയും അനുഗമിക്കുകയു ചെയ്യണം: തങ്ങളുടെ പേര് അറിയാമെങ്കിൽ, തങ്ങളുടെ ക്ഷേമത്തിൽ തല്പരനാണ് തങ്ങളുടെ നേതാവ് എന്ന് മനസിലാക്കുന്നുവെങ്കിൽ നിശ്ചയമായും ജനങ്ങൾ തങ്ങൾ തെരഞ്ഞെടുക്കുന്ന നേതാവിനെ അംഗീകരിക്കും, അനുസരിക്കും, അനുഗമിക്കും.

vi ആടുകൾക്കുവേണ്ടി സമൃദ്ധമായി ജീവൻ നൽകുന്നു: സ്വന്തം ജീവൻ നഷ്ടപ്പെടുത്തിക്കൊണ്ടും ജനങ്ങളെ അപകടങ്ങളിൽ നിന്നും സംരക്ഷിക്കുന്നവനാണ് യഥാർത്ഥ നേതാവ്. ജനങ്ങളുടെ ശരീരത്തിന്റെയും ആത്മാവിന്റെയും മനസിന്റെയും സുരക്ഷിതത്വവും ക്ഷേമവും ഉറപ്പുവരുത്തുന്നവനാണ് നേതാവ്, ശുശ്രൂഷകൻ. ഈ ദൗത്യം ചെയ്യണമെങ്കിൽ തന്നെ തിരഞ്ഞെടുത്ത ജനങ്ങളുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് വ്യക്തമായ അറിവും ബോധ്യവും ഉണ്ടാകണം. അവരുടെ അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ, കൗദാശിക ജീവിതം, കുടുംബബന്ധം തുടങ്ങിയ ജീവിതസാഹചര്യങ്ങൾ മനസിലാക്കി വ്യക്തമായ കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമ്പോഴാണ് ഇടയൻ ആടുകൾക്ക് സമൃദ്ധമായ ജീവൻ നൽകുന്നവനാകുന്നത്. ഇതിനായ് താല്പര്യമുണ്ടാകണം, സമയം കണ്ടെത്തണം, കാര്യങ്ങൾ ചെയ്യുവാനുള്ള നിശ്ചയദാർഢ്യമുണ്ടാകണം.

vii. പ്രതിസന്ധികളുടെയും വിമർശനത്തിന്റേയും വേളകളിൽ തളരാതെ യേശുവിൽ ആശ്രയിച്ചുകൊണ്ട് ത്യാഗമനോഭാവത്തോടെ ദൗത്യം നിർവ്വഹിക്കണം.

വചനം നൽകുന്ന ഇത്തരം ഉൾക്കാഴ്ചയുടെ പശ്ചാത്തലത്തിൽ ആഗതമാകുന്ന തെരഞ്ഞെടുപ്പിന്റെ പ്രാധാന്യവും തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ സവിശേഷതകളും നമുക്ക് മനസിലാക്കുവാൻ സാധിക്കുന്നു. ഈ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് തെരഞ്ഞെടുപ്പിനുവേണ്ട മുന്നൊരുക്കം ഇപ്പോഴേ ആരംഭിക്കണം.

## നേർക്കാഴ്ച

ജെ.സി.

# വിഴിഞ്ഞം സമരം അനിശ്ചിതമായി തുടരുന്നത് എന്തുകൊണ്ട്?

തിരുവനന്തപുരം ജില്ലയിൽ തീരദേശത്ത്, കടലിലെ അശാസ്ത്രീയമായ നിർമ്മാണം കാരണമുണ്ടായ തീരശോഷണത്തിന് ശാശ്വത പരിഹാരം കണ്ടെത്തുക എന്ന അതിരൂപത വർഷങ്ങൾക്കുമുൻപേ ഉയർത്തിയ ആവശ്യത്തിന് ഇതുവരെ ക്രിയാത്മക നടപടികൾ ഉണ്ടായിട്ടില്ല. തീരശോഷണംമൂലം ഭവനം നഷ്ടപ്പെട്ട ഭവനരഹിതർക്ക് പകരം ഭവനം നൽകുന്നതുവരെ മാറ്റിപാർപ്പിക്കണമെന്ന സമര സമിതിയുടെ ആവശ്യത്തിന് 5500 രൂപ മാസവാടക നൽകുമെന്നാണ് സർക്കാരിന്റെ മറുപടി. സർക്കാർ അനുവദിച്ച തുകയ്ക്ക് വാടകവീട്, പ്രത്യേകിച്ച് വലിയതുറപോലുള്ള മേഖലയിൽ ലഭ്യമല്ല എന്നറിവായിട്ടും പുനർവിചിന്തനം നടത്താൻ സർക്കാർ തയ്യാറല്ല. ഭവനം നഷ്ടമായി അഞ്ചു വർഷം കഴിഞ്ഞിട്ടും പുനരധിവാസ പ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നില്ല. വിഴിഞ്ഞം വാണിജ്യ തുറമുഖത്തിന്റെ പണിനിറുത്തിവച്ച് പഠനം നടത്തുക എന്നതാണ് സമരസമിതി ഉന്നയിക്കുന്ന മറ്റൊരാവശ്യം. പഠനത്തിനുള്ള സമിതി രൂപീകരിച്ചുവെന്നാണ് സർക്കാർ നിലപാട്. ഏഴ് ഡിമാന്റുകളിലും സർക്കാർ നിലപാട് വ്യക്തമാക്കുകയോ ഓർഡർ പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല. മത്സ്യത്തൊഴിലാളികളുടെ അവകാശ സമരം 100 ദിവസം പിന്നിടുമ്പോഴും സർക്കാർ അനുകൂലമായി നടപടികൾ ഇതുവരെയും എടുത്തിട്ടില്ലെന്നുമാത്രമല്ല, ആറ് ഡിമാന്റുകളിൽ തീരുമാനമായി എന്ന് മുഖ്യമന്ത്രി തന്നെ പത്രസമ്മേളനത്തിൽ പ്രഖ്യാപിച്ചിരിക്കുകയുമാണ്.



വിഴിഞ്ഞം തുറമുഖനിർമ്മാണം നിറുത്തുവച്ച് തീരശോഷണത്തെസംബന്ധിച്ച് പഠനം നടത്തപ്പെടണമെന്നാവശ്യപ്പെട്ട് മത്സ്യത്തൊഴിലാളി സമൂഹം നടത്തുന്ന പ്രക്ഷോഭത്തോടും അവർ ഉന്നയിക്കുന്ന ആവശ്യങ്ങളോടുമുള്ള സർക്കാർ പുലർത്തുന്ന നിഷേധാത്മക നിലപാട് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. 2013 നവം.23 ന് പോർട്ട് പദ്ധതിയുമായി ബന്ധപ്പെട്ട് അവസാന പബ്ലിക് ഹിയറിംഗ് നടന്നു. എന്നാൽ പദ്ധതിയിൽ ബാധിക്കപ്പെടാനിടയുള്ള മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പുവരുത്താതെയും പദ്ധതി പ്രദേശത്തല്ലാത്തവരെ പങ്കെടുപ്പിച്ചും തീരദേശത്ത് വച്ചുമായിരുന്നില്ല ഇത് നടത്തിയെന്നത് തിരുവനന്തപുരം ലത്തീൻ അതിരൂപതാ നേതൃത്വം ആക്ഷേപം ഉന്നയിച്ചു. പക്ഷേ, മാധ്യമങ്ങൾ ഈ വിഷയം വലിയ വാർത്തയാക്കിയില്ലെന്നുമാത്രമല്ല, അതിരൂപതയെ വികസന വിരുദ്ധരായി ചിത്രീകരിക്കുകയും ചെയ്തു.

വിഴിഞ്ഞം പോർട്ട് പദ്ധതി കാരണമാണ് തീരശോഷണം ഉണ്ടാകുന്നതെന്ന സത്യം അംഗീകരിക്കാൻ സർക്കാരോ രാഷ്ട്രീയ പാർട്ടികളോ സന്നദ്ധമാകുന്നില്ല എന്നതാണ് പ്രധാന പ്രശ്നം. താൽക്കാലിക തീര നഷ്ടം മൺസൂൺകാലത്തും കൊടുങ്കാറ്റുകൾ ഉണ്ടാകുമ്പോഴും സ്വാഭാവികമാണെങ്കിലും, ക്രമേണ തീരം ഇല്ലാതാകുന്ന അവസ്ഥ മനുഷ്യനിർമ്മിതമാണ്. ഇതിനെ കാലാവസ്ഥ വ്യതിയാനപ്രശ്നമാക്കി അവതരിപ്പിക്കുന്നത് സർക്കാരിന്റെയും നിർമാണ ഏജൻസികളുടെ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാനുള്ള സംഘടിതശ്രമമാണെന്ന് മനസ്സിലാക്കേണ്ടതുണ്ട്. കാലാവസ്ഥാ വ്യതിയാന പ്രശ്നങ്ങൾ നിർമ്മാണങ്ങളുടെ വടക്കുവശം മാത്രം സംഭവിക്കുന്ന ഒരു പ്രക്രിയയല്ല. അങ്ങനെയെങ്കിൽ നിർമാണത്തിന്റെ തെക്കുവശം വലിയതോതിൽ തീരംവയ്ക്കുന്നത് ഇതേ പ്രതിഭാസംകൊണ്ടാണോ?

വിവിധ രാഷ്ട്രീയ പാർട്ടികൾ ഈ വിഷയത്തോട് പുറംതിരിഞ്ഞു നിൽക്കുകയാണ്. പരിസ്ഥിതിനാശത്തിൽ വിലപിക്കാറുള്ള സാംസ്കാരിക നായകന്മാർക്ക് ഈ സ്ഥിതി പരിഗണിക്കേണ്ട ഒരു വിഷയമേ ആയിട്ടില്ല. ശാസ്ത്ര സമൂഹം പൊതുവേ കടലുമായും തീരവുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ടുകൾ തയ്യാറാക്കുന്നത് സർക്കാരുകളുടെ ആവശ്യപ്രകാരവും അദാനിയെപ്പോലുള്ള കോർപ്പറേറ്റുകളുടെ ഫണ്ടുസ്വീകരിച്ചുമാണ്. വിഴിഞ്ഞംപോർട്ട് നിർമ്മാണത്തിന്റെ തെക്കുഭാഗത്ത് കപ്പൽച്ചാൽ കൂടിവരുമ്പോൾ പൊഴിയൂർ മുതൽ അടിമലത്തുറവരെയുള്ള ഏഴ് മത്സ്യബന്ധന ഗ്രാമങ്ങളിലെ പതിനയ്യായിരത്തോളം കടൽത്തൊഴിലാളികളുടെ തൊഴിൽ ജീവിതം ഭീഷണിയിലാകും. കർഷക സമരത്തെയും, കെറെയിൽ സമരത്തെയും അനുകൂലിച്ച കേരളീയ പൊതുസമൂഹം ഒരു അതിജീവന സമരത്തിൽ മത്സ്യത്തൊഴിലാളികൾക്കൊപ്പം തോളോടുതോൾ ചേർന്ന് നിൽക്കേണ്ടതുണ്ട്. ഈ സങ്കീർണ സാഹചര്യമാണ് വിഴിഞ്ഞം സമരം അനിശ്ചിതമായി തുടരാൻ കാരണമാകുന്നത്. അപ്പോഴും ഈ സമരം ശക്തമായി മുന്നോട്ടു പോവുക തന്നെ ചെയ്യും. ■



പരുത്തിയൂർ വി. മറിയം മഗ്ദലേന ദൈവാലയത്തിൽ

# ക്രിസ്തുരാജത്വ തിരുനാൾ മഹാമഹം

## 2022 നവംബർ 11 മുതൽ 20 വരെ

നവംബർ 20 ഞായർ, 6.00 pm: തിരുനാൾ പൊന്തിഫിക്കൽ ദിവ്യബലി

മുഖ്യകാർമ്മികൻ: റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്. ആർ

(സഹായ മെത്രാൻ, തിരു. ലത്തീൻ അതിരൂപത)

നവംബർ 7 മുതൽ 9 വരെ **വചനാഭിഷേക ധ്യാനം**

ഏവർക്കും സ്വാഗതം

Pub. Date : 01.11.2022
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto